UNIVERSITY ... 25 APR 1931 ... MADRAS


# ഗുരുനാഥൻ.

പുസ്തകം 10 | 1106 കുംഭം | ലക്കം 7


## കേരളം.

### ഒരു സ്ഥൂലചിത്രം.

(തുടർച്ച)

(ആർ. ഈശ്വരപിള്ള ബി. എ.)

സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ–വിശേഷിച്ചും ഉൽകൃഷ്ടവിദ്യാഭ്യാസത്തിൽ–കേരളീയർ ഇന്നു ഭാരതീയരുടെ നാസീരസ്ഥാനം വഹിക്കുന്നുണ്ടെന്നുള്ളതും കേരളത്തിന്റെ ഒരു വിശേഷമാണു്. ഇന്നു കേരളത്തിന്റെ ദക്ഷിണഭാഗത്തെ ഭരിക്കുന്നതു് ഒരു അഭ്യസ്തവിദ്യയും ഗുണവതിയും മഹതിയുമായ സ്ത്രീരത്നമാണെന്നുള്ളതും കേരളത്തിന്റെ വിശേഷതകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു്.

തിരുവിതാംകൂറിനെ ഭരിച്ചുപോരുന്ന രാജവംശം എത്രയും പുരാതനമായിട്ടുള്ളതും ഹിന്ദുശാസ്ത്രോക്തങ്ങളായ ധർമ്മാചരണവിഷയത്തിലും മതാനുഷ്ഠാനത്തിലും ദൃഢമൂലമായ പ്രതിപത്തിയോടുകൂടിയും എന്നാൽ പരിഷ്കാരവിഷയത്തിൽ മുന്നണിയിലും വർത്തിച്ചുവരുന്നതും ആയ ഒന്നാണെന്നുള്ളതു് കേരളത്തിനു അഭിമാനഹേതുകമായ ഒന്നാണു്. കേരളത്തിന്റെ മദ്ധ്യഭാഗവും പെരുമാക്കന്മാരിൽനിന്നും രാജാധികാരം സിദ്ധിച്ച ഒരു പുരാതന രാജകുടുംബംതന്നെ ഭരിച്ചുവരികയാണു്. കൊച്ചിരാജ്യം ഇന്നു വിദ്യാഭ്യാസവിഷയത്തിലും മററുവിധപരിഷ്കാരത്തിലും നാട്ടുരാജ്യങ്ങളെ അപേക്ഷിച്ചു് ഒട്ടും പിന്നോക്കമായിട്ടല്ല നില്ക്കുന്നതു്.

തിരുവിതാംകൂറിനെപ്പോലെ തന്നെ കൊച്ചിയിലും ഇപ്പോൾ ഏറക്കുറെ പാശ്ചാത്യഭരണരീതിയെ അനുകരിച്ചു തന്നെയാണു് ഭരിച്ചുവരുന്നതെങ്കിലും പഴയ ഭരണരീതിയെ തീരെ കൈവിട്ടിട്ടില്ല. പല പഴയ ആചാരങ്ങളേയും പരമ്പരയാ സംരക്ഷിച്ചുപോരുന്നുണ്ടു് എങ്കിലും ഭരണരീതി ബ്രിട്ടീഷുഭരണത്തിൽ ഇരിക്കുന്ന ഉത്തരകേരളത്തെ മിക്കവാറും അനുസരിച്ചുതന്നെയാണു് ഇരിക്കുന്നതു്. ഇതിനുപുറമെ പണ്ടു് പൂർണ്ണരാജാധികാ

രം വഹിച്ചിരുന്ന അനേകം സാമന്തരാജാക്കന്മാരും നാട്ടുവാഴികളും ഇടപ്രഭുക്കന്മാരും ഇന്നു കേരളത്തിൽ പല കാരണം നിമിത്തം നഷ്ടരാഷ്ട്രന്മാരായി അതാതു ഗവർമ്മെൻറിൻെറ കീഴിൽ മാലീഖാൻ, അട്ടത്തൂൺ മുതലായ അനുഭവങ്ങളും പററിയും ചില സ്ഥാനമാനങ്ങളോട്ടു കൂടിയും വത്തിക്കുന്നുണ്ട്.

ഒരു കാലത്തു് കേരളചരിത്രത്തിൻെറ വൈചിത്ര്യത്തിന് ഹേതുഭൂതന്മാരായ ഇവർ ഇന്ന് സമാധാനപരമായ ജീവിതത്തിൽ ഒരു വിധം തൃപ്തിപ്പെട്ടു വത്തിക്കയാണ്. കേരളചരിത്രം ആരെങ്കിലും എഴുതുവാൻ തുനിയുന്നുണ്ടെങ്കിൽ ഇവരുടെ ചരിത്രംതന്നെ അതിൽ ഒരു വലിയ ഭാഗം വഹിക്കുന്നതായികാണാം. ഇവർ കേരളത്തിൽ അവിടവിടെയായി ചിതറിക്കിടക്കുന്ന ചരിത്രശകലങ്ങൾതന്നെയാണെന്നുവേണം പറവാൻ. ഇവരെ കൂടാതെ കേരളത്തിൽ ജന്മിമാർ (ഭൂസ്വാമികൾ) എന്ന് ഒരു കൂട്ടരുണ്ട്. ഇവർ അധികവും നമ്പൂരിമാരാണ്. ഇടപ്രഭുക്കന്മാരായ നായന്മാരും ചിലർ കേരളത്തിൽ ഇല്ലാതില്ല. കേരളത്തിൽ ഒട്ടേറെ ഭൂസ്വത്തുക്കൾ ഈ ഇനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ വക സ്വത്തുകൾ പരശുരാമനാൽ ദാനം ചെയ്യപ്പെട്ടതാണെന്ന് വിചാരിക്കപ്പെട്ടിരിക്കുന്നു.

ഈ വക സ്വത്തുക്കൾ ഇന്ന് ഭരണവൈകല്യംകൊണ്ടു പ്രായേണ ഋണബാധിതങ്ങളായിട്ടാണു ഇരിക്കുന്നതു്. ഇവയുടെ ജന്മം ജന്മികൾക്ക് ആണെങ്കിലും കാണം ചാർത്തി കൊടുത്തിരിക്കുന്നതിനാൽ അനുഭവം മിയ്യവാറും കുടിയാന്മാൎക്കാണ്. ജന്മിക്കു മിച്ചവാരവും മററു ചില അവകാശങ്ങളും മാത്രമെയുള്ളു. ജന്മികുടിയാൻപ്രശ്നം അന്നും ഇന്നും ഒരു ദുർഘടവും വിഷമവുമായ പ്രശ്നമാണ്. അതു വളരെ കാലമായിട്ടു് ഒരു രൂപത്തിൽ അല്ലെങ്കിൽ മറെറാരു രൂപത്തിൽ നിയമസഭയുടെ മുമ്പിൽ വന്നുകൊണ്ടിരിക്കയാണ്. ഇരുകൂട്ടൎക്കും ആസ്വാദ്യമായ ഒരു തീരുമാനം ഇനിയും ഉണ്ടായിട്ടില്ല. ഉത്തരകേരളത്തിൽ ഇതു പലപ്പോഴും ലഹളക്കും മററും ഹേതുവായും ഭവിക്കുന്നുണ്ട്. ഇരുകക്ഷികൾക്കും അസ്വാസ്ഥ്യം നൾകുന്ന ഈ ബാധയെ കഴിയുന്നതും വേഗത്തിൽ ഒഴിക്കേണ്ടതത്യാവശ്യമായിരിക്കുന്നു. ഇരുകൂട്ടരുടേയും പിടി അല്പം അയക്കുന്നതായാൽമാത്രമെ ഇതു സാധിക്കാൻ തരമുള്ളു. ബ്രിട്ടിഷുമലബാറിൽ ഇതാ ഒരു നിയമം ഇപ്പോൾ നടപ്പായിട്ടുണ്ട്. ജന്മികൾ മിക്കവാറും അവിഭക്തകുടുംബക്കാരായതുകൊണ്ട് അവരുടെ ഭൂസ്വത്തുകൾ പ്രായേണ കൈമാററത്തിനും വിഭജനത്തിനും അധീനമാകാതെയാണ് ഇരിക്കുന്നതു്. എന്നിരുന്നാലും വൎദ്ധന വളരെ കുറവായിട്ടാണു കാണുന്നതു്. എന്നാൽ അപ്രതിഹതമായ കാലശക്തി ഇവരുടെ മേലും വ്യാപിച്ചുതുടങ്ങീട്ടുണ്ട്. ദീർഘകാലമായി യാഥാസ്ഥിതികത്വത്തിൽ ഉറച്ചിരുന്ന ഇവരുടെ മനോഭാവം മന്ദഗതിയിലാണെങ്കിലും മാറി

തുടങ്ങിയിട്ടുണ്ട്. തിരുവിതാംകൂറിൽ പലരുടെ ഉത്സാഹത്തിൽ ഒരു നമ്പൂതിരിനിയമം ഇപ്പോൾ ഉണ്ടായിട്ടുണ്ട്.

ഇനി കേരളത്തിലെ പ്രത്യേകവിനോദങ്ങളെപ്പററിയും ഒരു വാക്ക് പറയേണ്ടിയിരിക്കുന്നു:- ഇവ ചിലവ മാനസികങ്ങളും മററു ചിലവ കേവലം കായികങ്ങളും ആയിട്ടാണിരിക്കുന്നത്. ശാസ്ത്രക്കളി, ചാക്യാർക്കൂത്ത് ഇവ രണ്ടിനും ഒരു മതവശം കൂടി ഉണ്ട്. ഇതു കൂടാതെ തുള്ളൽ കഥകളി ഇവയും ഉണ്ട്. സ്ത്രീകൾക്കു കൈകൊട്ടിക്കളിയും പ്രത്യേകമായിട്ടുണ്ട്. ശാസ്ത്രക്കളി കേരളത്തിൻെറ പുരാതനചരിത്രത്തോടു ബന്ധിച്ചിരിക്കുന്ന ഒന്നാണെന്ന് അതിലെ ചില ചടങ്ങുകളും സൂചിപ്പിക്കുന്നുണ്ട്. നായർ നാട്ടുവാഴികളുടെ പ്രാബല്യത്തിൻെറ ക്ഷയവും നമ്പൂരിസമുദായത്തിൻെറ ശക്തിയുടെ വർദ്ധനയും മററും ഇതിൽ ഉദാഹരിക്കപ്പെട്ടിട്ടുണ്ട്. ശാസ്ത്രക്കളി ഐശ്വര്യഹേതുകമായ ഒരു വൈദികകർമ്മമായിട്ടാണ് സാധാരണ ഗണിച്ചുവരുന്നത്. എന്നാൽ ഇതും ഇപ്പോൾ വളരെ അപൂർവ്വമായിട്ടേ നടക്കുന്നുള്ളു. "ചാക്യാർ കൂത്ത്" കേരളത്തിലെ ഒരു പുരാതനമായ ഒരു സ്ഥാപനമാണ്. ഇതു മിക്കവാറും ക്ഷേത്രങ്ങളിൽ മാത്രമെ നടത്താറുള്ളു. ഇതിനും മതപരമായ ഒരു വശമുണ്ട്. ഇതാണ് കേരളത്തിൽ ആദ്യം ഉത്ഭവിച്ച അഭിനയകല. പുരാണകഥകളെ ആസ്പദമാക്കീട്ടാണ് കൂത്തു പറയുന്ന പതിവ്. ഇതിനായി പ്രത്യേകപ്രബന്ധങ്ങളുമുണ്ട്. അവ ചൊല്ലി ഒരു വിധം വ്യാഖ്യാനിക്കുകയാണ ചെയ്യുന്നത്, ഇതിനുള്ള വിശേഷം പലപാത്രങ്ങളുടേയും ഭാഗം ഒരാൾ തന്നെ ആംഗികവും സാത്വികവുമായ അഭിനയംകൊണ്ടു സാധിക്കുമെന്നുള്ളതാണ്. ഇതു നാടകത്തിൻെറ ഒരു സ്ഥൂലവും അപൂർണ്ണവുമായ രൂപമാണെന്നു പറയാം. കൂത്തുള്ള ക്ഷേത്രങ്ങളിൽ ഇതിനായി "കൂത്തമ്പലം" എന്ന് ഇതിനു പ്രത്യേകം ഒരു സ്ഥാനമുണ്ട്. ഉത്സവത്തോടു സംബന്ധിച്ചാണ് പ്രായേണ ഇതു നടത്തുന്ന പതിവ്. ഇതിനുള്ള വാദ്യം "മിഴാവു" എന്നൊരുതരം ആനദ്ധമാണ്. ഇത് വിദ്യാഭ്യാസപരവും സന്മാർഗ്ഗപരവും ആയ ഒരു വിനോദവുംകൂടി ആകുന്നു. കൂത്തുപറയുന്ന ചാക്യാക്കു ചില പ്രത്യേകസ്വാതന്ത്ര്യങ്ങളും അനുവദിച്ചുകൊടുത്തിട്ടുണ്ട്. കൂത്തിനു ചാക്യാരെ കൂടാതെ ഒരു നമ്പ്യാരും നങ്ങ്യാരും കൂടി ആവശ്യമുണ്ട്. ഇതിനു പ്രത്യേകം ചില നേപഥ്യവിധാനവും ഉണ്ട്. "തുള്ളൽ" എന്നുള്ളതു് കൂത്തിൻെറ ഒരു ഹാസ്യരൂപത്തിലുള്ള അനുകരണമാണ്. ഇവിടേയും പല പാത്രങ്ങളുടെ ഭാഗവും ഒരാൾതന്നെ അഭിനയിക്കേണ്ടിയിരിക്കുന്നു. ഇതു സരസനായ കുഞ്ചൻനമ്പ്യാരുടെ സൃഷ്ടിയാണ്. ഇതിനുള്ള വേഷവും അല്പം ബീഭത്സമായിട്ടുള്ളതാകുന്നു. ഇതു ചാക്യാരെ പരിഹസിക്കുന്നതിനായിട്ടു നമ്പ്യാർ അമ്പലപ്പുഴ വെച്ചു സൃഷ്ടിച്ച ഒരു നവീനവിനോദമാണെന്നു പറയപ്പെട്ടിരിക്കുന്നതിൽ എ

ന്നുമാത്രം വാസ്തവമുണ്ടെന്നു അറിഞ്ഞുകൂട. ഇതിനുവേണ്ട പ്രബന്ധങ്ങൾ (തുള്ളൽകഥകൾ) നമ്പ്യാർതന്നെ നിർമ്മിച്ചിട്ടുമുണ്ട്. ഇതു ഇപ്പോൾ ഉത്സവസ്ഥലങ്ങളിൽ മാത്രമെ പ്രയോഗിച്ചു കാണുന്നുള്ളൂ. ഇനി ഒരു വിനോദമുള്ളതു് കഥകളിയാണ്. ഇതു് കൂത്തിന്റേയും തുള്ളലിന്റേയും സ്ഫുടവും വികസിതവും ആയ ഒരു രൂപമാണ്. ഇവിടെ കഥാപാത്രങ്ങളുടെ ഭാഗങ്ങൾ എല്ലാം പ്രത്യേകം ആളുകൾ തന്നെ അഭിനയിക്കുകയാണ്. ഇവയ്ക്കെല്ലാം നാടകത്തിന്റെ സ്വഭാവവുമുണ്ട്. കഥകളിയിൽ കൂത്തും തുള്ളലും ആട്ടവും അഭിനയവും എല്ലാംകൂടി കലൎന്നിട്ടുണ്ട്. പാത്രങ്ങൾ തമ്മിലുള്ള സംഭാഷണം ഒക്കെയും കൈമുദ്രകൾ കൊണ്ടാണു സാധിക്കുന്നതു്. പദങ്ങൾ പാടുന്നതിനു പ്രത്യേകം ഒരു ഭാഗവതർ ഉണ്ടായിരിക്കും. ചെണ്ടയും, മദ്ദളവും ചേങ്ങിലയും ആണു പ്രധാനവാദ്യങ്ങൾ. നേപഥ്യവിധാനങ്ങളും പലവിധമാണ്. അവ എല്ലാ രസങ്ങളേയും പ്രതിനിധീകരിക്കത്തക്കവണ്ണമാണു നിശ്ചയിക്കപ്പെട്ടിരിക്കുന്നതു്. ഭാരതം രാമായണം മുതലായ പുരാണങ്ങളിൽനിന്നും പല കഥകളും എടുത്താണ് ഇതിലേക്കു വേണ്ട പ്രബന്ധങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ഇവയ്ക്കു വിദ്യാഭ്യാസം സന്മാൎഗ്ഗം വിനോദം ഇങ്ങനെ മൂന്നു വശങ്ങൾ ഉണ്ട്. എന്നാൽ പല ആട്ടക്കഥകളും ഇവയെ വേണ്ടതുപോലെ ഫലിപ്പിക്കുന്നുണ്ടോ എന്നും സംശമാണ്. ശൃംഗാരത്തിന്റെ അനാശാസ്യപ്രയോഗം പലപ്പോഴും ഈ ഉദ്ദേശ്യങ്ങളെ ദൂഷിപ്പിക്കുന്നില്ലയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ കഥകളിയും ഇപ്പോൾ അപൂൎവമായിത്തീൎന്നിട്ടുണ്ട്. കൈകൊട്ടിക്കളി സ്ത്രീകൾക്കു പ്രത്യേകമായുള്ള ഒരു വിനോദമാണ്. അതിലേക്കു വേണ്ട പാട്ടുകളും മററും പുരാണകഥകളെ അടിസ്ഥാനമാക്കി നിൎമ്മിക്കപ്പെട്ടിട്ടുണ്ട്. ഇതു് ഒരുമാതിരി നൃത്തവിശേഷമാണെന്നുവേണം പറവാൻ. അവർ ഇതിനെ ദൂഷിക്കാതെ സംരക്ഷിച്ചുതന്നെ വരുന്നു. ഇതിനു പ്രത്യേകവാദ്യം ഒന്നുംതന്നെ ഇല്ല. അതിന്റെ നാമം സൂചിപ്പിക്കുന്നതുപോലെ "കൈകൊട്ടു"തന്നെയാണ് പ്രധാനം.

ഇനി കേവലം കായികമായ പല വിനോദങ്ങളും കേരളത്തിലുണ്ട്. പന്തുകളി ലോകത്തിൽ മററുള്ള ദേശങ്ങളിലെന്നപോലെ കേരളത്തിലും പുരാതനകാലം മുതൽ നടപ്പുള്ള ഒരു വിനോദമാണ്. ഇതു് ഒരു വിനോദത്തിനുപുറമെ ഒരുതരം നല്ല വ്യായാമവും കൂടിയാണ്. ശരീരാവയവങ്ങൾക്കു വ്യായാമം നല്കി അവയെ പുഷ്ടിയും ബലവും ഉള്ളവയാക്കിത്തീൎക്കുന്നതിന് ഇതു പററിയ ഒരു കളിയാണ്. സ്ത്രീകളെ സംബന്ധിച്ചു "കന്ദുകലീല" എന്ന ചെറിയ പന്തുകൊണ്ടുള്ള ഒരു വിനോദമുണ്ട്. ഇതു് ഒരു സ്ഥലത്തു ഇരുന്നുംകൊണ്ടുള്ള കളിയാണ്. ഇതുകൂടാതെ കുമ്മി, കോലാട്ടം, ഊഞ്ഞാൽ ആട്ടം മുതലായി പല വിനോദങ്ങളുമുണ്ട്. അഭ്യാസവും

വിനോദവും കൂടി കലൎന്ന മററനേകം വിനോദങ്ങളുമുണ്ട്. വാളേറു്, പാറാവളയം ചാട്ടുക, അമ്മാനാട്ടം, ഞാണിന്മേൽകളി മുതലായി പലതും ഉണ്ട്. ഇവക്കൊക്കെയും ഏറെക്കുറെ ശിക്ഷ (അഭ്യാസം) ആവശ്യമാണ്. ഇവക്കുംപുറമെ വേലകളി എന്നൊരു വിനോദവും ദക്ഷിണകേരളത്തിൽ ഉണ്ട്. ഇതിനു കളരികളിൽ കച്ചകെട്ടും അഭ്യാസവും ആവശ്യമാണ്. ഇതു് പണ്ടത്തെ യുദ്ധത്തിന്റെ ചടങ്ങുകളെ അഭിനയിക്കുകയാണ്. ഇതിൽ പല അടവുകളും വെട്ടും തടയും മററും പഠിക്കാൻ ഉണ്ട്. വേലതുള്ളുന്നവൎക്കു് പ്രത്യേകരീതിയിൽ ഉടുത്തുകെട്ടും മററും വേണം. വാളും പരിചയും കൊണ്ടുള്ള വിവിധപ്രയോഗങ്ങളും ഇവർ അറിഞ്ഞിരിക്കേണ്ടതാണ്. ഇതിനു ഒരുതരം പ്രത്യേകഭേരിവാദ്യവുമുണ്ട്. ഇതു് ആകപ്പാടെ ഒരു രസാകരമായ കാഴ്ചതന്നെയാണ്. എന്നാൽ ഇതു ഇപ്പോൾ ചില ക്ഷേത്രങ്ങളിൽ ഉത്സവകാലത്തു മാത്രമെ നടപ്പുള്ളു. ഇതിനുംപുറമെ പല ഗൃഹവിനോദങ്ങളും ഉണ്ട്. ചതുരംഗം കമ്പിത്തായം (ഒരുമാതിരി ചൂതുകളി) മുതലായവ ഇതിൽ ഉൾപ്പെട്ടവയാണ്. ഇവകൂടാതെ ചില സമുദായങ്ങൾക്കും പ്രത്യേകവിനോദങ്ങളുണ്ട്. അവയൊക്കെയും വിസ്തരഭയംകൊണ്ട് ഇവിടെ വിവരിക്കുന്നില്ല.

ഇനി കേരളീയരുടെ തൊഴിലിനെപ്പററി നോക്കാം. കേരളീയരുടെ പ്രധാനതൊഴിൽ കൃഷി, വാണിജ്യം, പശുപാല്യം ഇവയാണ്. കൃഷിയിൽ നെൽകൃഷി തെങ്ങുകൃഷി ഇവകൂ പുറമെ കരിമ്പുകൃഷി കുരുമുളക് ഇഞ്ചി മഞ്ഞൾ, മരച്ചീനി, കാപ്പി, തേയില, റബ്ബർ മുതലായവ ഉൾപ്പെടും. നെൽകൃഷിയാണ് പ്രധാനമായ ഉപജീവനമാൎഗ്ഗംഎങ്കിലും കേരളീയർ അതിൽ വളരെ അനാസ്ഥയാണു കാണിക്കുന്നതു്. ഇന്നു കേരളീയരുടെ ദൃഷ്ടി എളുപ്പം ലാഭംകിട്ടുന്ന വഴിക്കു തിരിഞ്ഞിരിക്കയാണ്. കൎഷകവൃത്തി ജനങ്ങൾ ഏററവും അഭിമാനകരമായിട്ടാണ് ഗണിച്ചുവരുന്നതു്. ഭൂസ്വത്തുടമസ്ഥതയും നികുതിദായകത്വവുമാണ് ഉത്തമപൗരലക്ഷണങ്ങളായി വിചാരിച്ചുവന്നിരുന്നതു്. ഇപ്പോൾ പലരും ഉദ്യോഗത്തെയാണ് പൌരത്വത്തേക്കാൾ വിലയുള്ളതായി ഭ്രമിച്ചു വശമായിരിക്കുന്നതു്. പാരതന്ത്ര്യമാണ് സ്വാതന്ത്ര്യത്തേക്കാൾ അഭിലഷണീയമായിട്ടുള്ളതു്! എങ്കിലും ആധാരങ്ങളിലും മററും ഉണ്ടെങ്കിലും ഇല്ലെങ്കിലും തൊഴിൽ കൃഷിയായിട്ടാണു മിക്കവാറും എഴുതുന്നതു്. ഇതു് കൃഷിയുടെ ശ്ലാഘ്യതയെ ഒരുവിധം മൌനമായിട്ടെങ്കിലും സമ്മതിക്കയാണ്. റബ്ബർകൃഷിയിൽ അമിതമായ ലാഭം പലരേയും അതിലേക്കു് ആകൎഷിച്ചിട്ടുണ്ട്. ഇപ്പോൾ അവിടേയും അല്പം മാന്ദ്യമാണു കാണപ്പെടുന്നതു്.

(തുടരും)

# ജപ്പാനിലെ ലൌകികവിദ്യാഭ്യാസം.

സ്വതന്ത്രതർജ്ജിമ.

(തുടർച്ച)

(എം. രാമവർമ്മതമ്പാൻ ബി. എ.; എൽ. ടി.)

ഇംഗ്ലീഷ്, അമേരിക്ക, ഫ്രഞ്ച് ഈ രാജ്യക്കാരായി ഇരുപതു വിദ്വാന്മാരിൽ ഒരാളെങ്കിലും താഴെപറയുന്ന സംഗതികൾ വിസമ്മതിക്കുന്നില്ല. ഇവർ പറയുന്നതു ജപ്പാൻഭാഷയിൽ ആണയിടാൻ വാക്കുതന്നെ ഇല്ല എന്നാണ്. ജപ്പാൻ, യൂറോപ്യൻവസ്ത്രധാരണം സ്വീകരിക്കുന്നതിനു മുമ്പിൽ അവിടെ പോയിട്ടുള്ള സഞ്ചാരികൾ ജപ്പാനെ സ്തുതിക്കുന്നതിൽ മതിവരാത്തവരായിരുന്നു. ഫ്രാൻസിസ് സേവിയർ എന്ന ജസ്യൂട്ടുപാതിരി ജപ്പാനെ സ്നേഹിച്ചിരുന്നു. കാംഫർ എന്ന പതിനേഴാം ശതകത്തിലെ ഒരു ലന്തപ്പാതിരി ജപ്പാൻകാരെക്കുറിച്ചു പറയുന്നതു് "സദാചാരാചരണം, പരിശുദ്ധജീവിതം, ഭക്തിപ്രകടനം ഈ വിഷയങ്ങളിൽ ജപ്പാൻകാർ യൂറോപ്യന്മാരെ അതിശയിച്ചിരിക്കുന്നു എന്നാണ്. ഇന്നത്തെ മിഷണറിമാരും ജപ്പാനെ മാർഗ്ഗംകൂട്ടാൻ സാധിക്കാതിരുന്നിട്ടും സത്യംപറയാൻ മടിക്കുന്നില്ല. ഡാക്ടർ ഗ്രീഫ് ത്ത് എന്നു പ്രസിദ്ധനായ അമേരിക്കൻ മിഷണറി 'ജപ്പാനിലെ മതം' എന്ന പുസ്തകത്തിൽ പറയുന്നതാവിതു്. "എന്റെ മതത്തെ രൂപീകരിക്കുന്നതിനും എനിക്കു ആദർശം തരുന്നതിനും പര്യാപ്തങ്ങളായ സ്വാധീനശക്തികളിൽ ഞാൻ കണ്ട ജപ്പാൻഉദ്യോഗസ്ഥന്മാരുടേയും വിദ്യാർത്ഥികളുടേയും സാധാരണ ജപ്പാൻകാരുടേയും ആവശ്യങ്ങളും മാഹാത്മ്യതരങ്ങളുമായ സ്വഭാവവിശേഷങ്ങളാകുന്നു പ്രാധാന്യം വഹിക്കുന്നതു്. സാക്കമസ്സിംഗർ എന്ന ജർമ്മൻപാതിരി "ജപ്പാൻകാരുടെ ജീവിതത്തിലെ സൌകുമാര്യം ആരാണു കാണാതിരിക്കുന്നതു്. ഇതെല്ലാം സാധിച്ചതു കാൺഫ്യൂഷിയസ്സ് എന്ന ഒരാളായിരുന്നു. വേറെ ഒരാളും അദ്ദേഹത്തെ സഹായിച്ചില്ല" എന്നു പറയുന്നു. കാൺഫ്യൂഷിയസ്സ് എന്നതു് ഒരു പ്രസിദ്ധലൌകികവാദിയും അജ്ഞേയവാദിയുമായ ചീനനായിരുന്നു. ലാമാറെ എന്ന ഒരു ഫ്രഞ്ച് കത്തോലിക്കൻ പറയുന്നതു നോക്കുക. "സ്ഥിരബുദ്ധി, ആത്മാഭിമാനം, പൌരുഷം, പരസ്പരബഹുമാനം, അന്യോന്യഗുണകാംക്ഷ ഈ വിഷയങ്ങളിൽ പാശ്ചാത്യരേക്കാൾ ജപ്പാൻകാർ എത്രയോ മേലെയാണ്."

ജപ്പാനെപ്പറ്റി ഇംഗ്ലീഷു വിദ്വാന്മാരുടെ അഭിപ്രായം നോക്കുകയാണെങ്കിൽ അവരുടെ അകൈതവപ്രശംസയിൽ ഒരപസ്വരവും കാണു

ന്നില്ല. മി: എ. ഡപാസി, പ്രൊഫസ്സർ ചെംബർലെയിൻ, പ്രൊഫസ്സർ ഹെർൺ, മി: എ. സ്റ്റെഡ്, മി: ഹെൻറിനോർമൻ, പി. ഡഗ്ലാസ് സ്ലേയിഡൻ, മി: പി. ലോവൽ, എഡ്വിൻ ആർനാൾസ് ഇത്രയുംപേരും ഒരു സാമാന്യജപ്പാൻകാരന്റെ സ്വഭാവമാഹാത്മ്യം സാമാന്യയൂറോപ്പിൽ കാണുന്നതിലും എത്രയോ ഉയൎന്ന തരമാണെന്നു ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. കൺഫ്യൂഷിയസ്സിനെപ്പററി വലിയ ബഹുമാനമൊന്നുമില്ലാത്ത എഡ്വിൻ ആർനാൾസിന്റെ അഭിപ്രായം ഇവിടെ ഉദ്ധരിക്കട്ടെ.

"അന്യരോടു ലൗകികമായിരിക്കാനായി ഇപ്രകാരം ഒരു കൂട്ടുകെട്ടു ലോകത്തിൽ എവിടെയാണു കാണാൻ കഴിയുക. ലോകജീവിതത്തിലെ ദുർഘടങ്ങളേയും പ്രയാസങ്ങളേയും നിവൃത്തിയുള്ളിടത്തോളം ലഘൂകരിക്കാനും ഇല്ലായ്മചെയ്യുവാനുമായി ഇത്ര വിസ്തൃതമായ ഒരു യോജിപ്പു് എവിടെയാണ് കാണുക. ഇങ്ങിനെ ന്യായമായ സദാചാരം സകലരാലും സ്വീകരിക്കപ്പെട്ടു എവിടെയാണു കാണുന്നതു്. വാക്കിലും പ്രവൃത്തിയിലും ദുഷ്ടവികാരങ്ങൾ സ്പൎശിക്കുമ്പോഴും ചെയ്യാത്ത സംയമനം ഇങ്ങിനെ സർവ്വസാധാരണമായി എവിടെ കാണും.? നിത്യജീവിതം ഇത്ര മനോഹരമായി മററു എവിടെയുണ്ടു്. സകല വസ്തുക്കളിലും കലാശാസ്ത്രാനുസരണം ഭംഗി ദീക്ഷിക്കുന്നവർ വേറെ എവിടെയുണ്ടു്.? അനുഭവയോഗ്യമായതിനെ തെളിഞ്ഞനുഭവിക്കയും കുട്ടികളോടു ദയാവാത്സല്യങ്ങളൊടുകൂടി പെരുമാറുകയും വൃദ്ധന്മാരോടും മാതാപിതാക്കന്മാരോടും ഇത്ര ഭക്തിപൂർവ്വം അനുവൎത്തിക്കയും ചെയ്യുന്നവർ വേറെ എവിടെയുണ്ടു്.? പരിഷ്കൃതമായ ഔചിത്യബോധം, സൗശീല്യം, അന്യരോടു ലൗകികം, സകലരേയും സന്തോഷിപ്പിക്കാനും അങ്ങിനെ തങ്ങൾ സന്തോഷിക്കാനും ഒരു സന്നദ്ധത, ഈ ജപ്പാനികളുടെ ഇടയിലല്ലാതെ ഭൂമിയിൽ വേറെ എവിടെ കാണാൻ കഴിയും."

ജപ്പാൻകാരുടെ ജീവിതത്തിലും ചില ന്യൂനതകളുണ്ടാകും. അവർ ലോകത്തിൽ ഇതരരാജ്യക്കാരുമായി ഇടപാടില്ലാത്തവരായിരുന്നു. ചീനന്മാരോടു മാത്രമല്ലാതെ അന്യരാജ്യക്കാരുമായി ദേശീയാനുഭവങ്ങളെ താരതമ്യപ്പെടുത്താൻ അവൎക്കു് അവസരമുണ്ടായിരുന്നില്ല. ഈ നിലയിൽ ചീനരെ അനുകരിച്ചു് സ്ത്രീമൎദ്ദനം അവരുടെ ഇടയിലുണ്ടായിരുന്നു. അതിന്റെ ഫലമായി വേശ്യാവൃത്തിയും, വൎണ്ണപാടിതവും, ദുഷിച്ച നാടകങ്ങളും, താഴ്ന്ന വാണിജ്യാദൎശവും മററും അവിടെയുണ്ടായിരുന്നു. എങ്കിലും വർഗ്ഗീയ (Sexual matter) സംഗതികളിൽകൂടി അവർ യൂറോപ്യന്മാരേക്കാൾ താഴ്ന്ന നിലയിലായിരുന്നില്ല. എന്തെന്നാൽ അവരുടെ ആദൎശങ്ങൾക്കു വിപരീതമായി പ്രവൎത്തിച്ച പാപം അവരുടെ ഇടയിലില്ലായിരുന്നു. ജപ്പാനിലെ ജനസാമാന്യത്തിലാകട്ടെ, സുബോധം, ബഹുമാനബോധം, ഔചിത്യബോധം, ശുചിത്വം, ദയ, മൎയ്യാദ ഈ ഗുണങ്ങൾ ധാരാളമുണ്ടു്. ഇവ

യെ യൂറോപ്പിൽ ഉളവാക്കാൻ ഒട്ടുംതന്നെ സാധിച്ചിട്ടില്ല.

ഇങ്ങനെയുള്ള ജപ്പാനിൽ ലൌകികവിദ്യാഭ്യാസമെ ഉള്ളു. മതവിദ്യാഭ്യാസം തീരെ ഇല്ല. ജപ്പാനിൽ ബുദ്ധഭിക്ഷുക്കളും ഷിൻെറാപുരോഹിതരും അവരുടെ ജീർണ്ണിച്ച വിഹാരങ്ങളിൽ ഇരുന്നുകൊള്ളണം 26000 പ്രാഥമികവിദ്യാലയങ്ങളിലൊ കാളേജുകളിലൊ കാലെടുത്തുവയ്ക്കാൻ അവർ സ്വപ്നത്തിലും മോഹിക്കേണ്ട. വിദ്യാലയങ്ങളിൽ ഒരു മതവും ഒരിക്കലും പഠിപ്പിക്കാറില്ല. അഭ്യസ്തവിദ്യരുടെ കുട്ടികളെ വീട്ടിൽവച്ചും മതം പഠിപ്പിക്കാറില്ല. അജ്ഞരായ വേലക്കാരുടെ കുട്ടികളെക്കൂടി മതത്തെ ഒരു സദാചാരമായി കരുതാനെ പഠിപ്പിക്കാറുള്ളു. വിദ്യാഭ്യാസകോഡിലെ ഈ വിഷയത്തിലുള്ള വ്യവസ്ഥ സുവ്യക്തമായി ലൗകികാദർശപരമാണ്. ഈ കോഡ് അമേരിക്കയിലെ കോഡിനെ അധികവും അനുകരിച്ചുണ്ടാക്കിയിരിക്കുന്നു. ആ ഡിപ്പാർട്ടുമെൻറിൻെറ ഭരണമോ അജ്ഞേയവാദികളായ ഭരണതന്ത്രകുശലന്മാരടങ്ങിയ ഒരു ബോർഡിൻെറ കീഴിലുമാണ്. ജപ്പാനിലെ 'മഹാവൃദ്ധൻ' എന്നറിയപ്പെട്ടിരുന്ന മാർകിസ്ഐറെറാ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "മതം ഒരു രാജ്യക്കാൎക്ക് ദൌർബ്ബല്യം വരുത്തുന്ന ഒന്നാണ്." അവിടത്തെ പ്രധാനകാളേജിലെ ഡയറക്ടരായ ഫുക്കസോവാ ഇന്നു ജപ്പാനെ ഭരിക്കുന്നവരിൽ പകുതിപ്പേരുടേയും ഗുരുവാണ്. അദ്ദേഹം ജപ്പാൻയുവാക്കന്മാരെ മതശാസനങ്ങളെ പരസ്യമായി നിഷേധിക്കാൻ പഠിപ്പിക്കുന്നു. മസ്സിംഗർ എന്ന ജർമ്മൻപാതിരി പറയുന്നു. "ജപ്പാനിൽ 'സദാചാരം' എന്നതിനു മതപരവുമായി യാതൊരു ബന്ധവുമില്ല." ഈ സദാചാരമാണ് ഏതു വിദ്യാലയങ്ങളിലും അതിപ്രാധാന്യം വഹിക്കുന്ന വിഷയം.

ഇന്നത്തെ ജപ്പാൻവിദ്യാഭ്യാസസമ്പ്രദായം ഏർപ്പെടുത്തിയതു 1868-ലെ വിപ്ലവാനന്തരമാകുന്നു. ഇന്നു പ്രാഥമികം, സെക്കണ്ടറി, യൂനിവർസിററി ഈ മൂന്നു വകുപ്പുകളിലും അതു പരിപൂർണ്ണമായിരിക്കുന്നു. മിഡിൽ സ്കൂളുകളിൽ ആധുനികശാസ്ത്രങ്ങൾ പഠിപ്പിക്കുന്നുണ്ട്. കാലാനുസരണമായ രീതിയിലും ഒന്നാന്തരം സമഗ്രികൾ ഉപയോഗിച്ചുമാണു പഠിപ്പിക്കുന്നത്.

എങ്കിലും ഈ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ മുഖ്യമായ ഉദ്ദേശ്യം സ്വഭാവസംസ്കരണമാണ്. ജപ്പാൻ വിദ്യാഭ്യാസമന്ത്രി പറയുന്നു: "ഞങ്ങളുടെ പ്രധാനഉദ്ദേശം മൂന്നു ഗുണങ്ങൾ പഠിപ്പിക്കാനാണ്. അവ 'അനുസരണം, അനുഭാവം, അഭിമാനം' ഇവ ആകുന്നു. ഇന്നത്തെ ആവശ്യത്തിനായി ശാസ്ത്രവും മററും വളരെ പഠിപ്പിക്കുന്നുണ്ടെങ്കിലും സദാചാരപഠനം ആദ്യംമുതൽ അവസാനംവരെ നിഷ്കൃഷിക്കുന്നുണ്ട്. പ്രാഥമികക്ലാസ്സുകളിൽ ജപ്പാനിലെ പുരാണകഥകൾ, പണ്ടത്തെ കുട്ടികളുടേയും വീര

ന്മാരുടേയും സ്ത്രീകളുടെയും വീരകൃത്യങ്ങൾ ഇവയെ അടിസ്ഥാനപ്പെടുത്തിയാണ് സദാചാരപഠനം നടത്താറുള്ളത്. ഉയന്നതരം വിദ്യാലയങ്ങളിൽ സദാചാരപാഠങ്ങൾ കുറേക്കൂടി ക്രമീകൃതങ്ങളാണ്. ന്യൂടെസ്ററമെൻറ, ബുദ്ധമതപുസ്തകങ്ങൾ, ചീനരുടെ പഴയ പുസ്തകങ്ങൾ, മിൽ, സ്പെൻസർ മുതലായ ആധുനികരുടെ കൃതികൾ ഇവയെല്ലാം അദ്ധ്യാപകന്മാരുടെ മേശമേൽ കാണാം. 'സാഹിത്യത്തിലെ ഏതു ഉൽകൃഷ്ടചിന്തയും സ്വീകാര്യം' എന്നാണ് അവിടത്തെ മുദ്രാവാക്യം. ന്യൂടെസ്ററമെൻറും കൺഫ്യൂഷിയസിൻെറ ലി, കി എന്ന പുസ്തകവും എമർസൻെറ കൃതികളും തുല്യഗുണമുള്ളവയായിട്ടാണ ഗണിച്ചുപോരുന്നത്. മാനുഷഗുണം പഠിപ്പിക്കുന്നമെന്നത്രേ പ്രമാണം. 'അന്യൻ നമ്മോടു പെരുമാറണമെന്ന് നാം ആശിക്കുംവിധം നാം അന്യനോടും പെരുമാറേണ്ടതാണ്' എന്ന തത്വം ക്രിസ്തുവിന് അനേക ശതകങ്ങൾ മുമ്പിൽ കൺഫ്യൂഷിയസ് പറഞ്ഞിരിക്കുന്നു. ശേഷം കാര്യങ്ങളിൽ കൺഫ്യൂഷിയസ് പറയുന്നതു "ആത്മീയചൈതന്യങ്ങളെ, അങ്ങിനെ ചിലതുണ്ടെങ്കിൽ, മാനിച്ചുകൊള്ളുക. പക്ഷെ അവയോടടുക്കരുത്. അവയെ 'ദൂരതഃപരിവജ്ജയേൽ' എന്നാകുന്നു. പ്രകൃത്യതീതമായ നിഗ്രഹാനുഗ്രഹങ്ങളെ പററി ജപ്പാനിൽ ഒരു സംസാരവുമില്ല. അപ്രസിദ്ധമായ ദേവാലയങ്ങളിൽ ചില നരകവണ്ണന കണ്ടേക്കാം. എന്നു മാത്രം. കൂടിവന്നാൽ മരിച്ചുപോയ കാരണവന്മാരുടെ ദൃഷ്ടി തങ്ങളിൽ ഉണ്ടെന്നുമാത്രം വിശ്വസിച്ചേക്കാം. അഭ്യസ്തവിദ്യരായ ജപ്പാൻകാർ ആത്മാവിൻെറ നിത്യതയിലും വിശ്വസിക്കുന്നില്ല. അവരുടെ സംശയബുദ്ധി, ജനസാമാന്യത്തിലുംകൂടി പരന്നുവരികയാണു ചെയ്യുന്നതു്.

പുരാതനജപ്പാനിൽ സദാചാരത്തിൻേറയും കലാബോധത്തിൻേറയും നില സവ്വപ്രധാനമായിരുന്നു എങ്കിലും മനുഷ്യൻെറ സ്വഭാവസംസ്കരണമായിരുന്നു പ്രധാനഉദ്ദേശം. പുരോഹിതന്മാക്കു കോടാനകോടി ദൈവങ്ങളുണ്ടായിരുന്നു. മതം ഒരു വിനോദംമാത്രം ആയിരുന്നു. സദ്യ ഉണ്ണാനും, ഉത്സവം കാണാനും, മതില്ക്കെത്തു കളികാണാനും അവസരം നല്കുന്ന ഒന്നായിരുന്നു അതു്. സ്വഭാവസംസ്കരണം ഗുരുക്കന്മാരുടേയും പിതാക്കളുടേയും ചുമതലയായിരുന്നു. മതത്തിന് അതിൽ കൈയില്ല. വൃദ്ധനായ പിതാമഹൻ പൌത്രൻെറ കൈപിടിച്ചു ഖഡ്ഗധാരികളായ സാമൂനമാരുടെ വിദ്യാലയങ്ങളിലേക്കു കൊണ്ടുചെല്ലും. ആദ്യദിവസം വൈകുന്നേരം കുട്ടി വീട്ടിൽവന്നു പറയുന്നതു് "ഇന്നു ഞാൻ രണ്ടു ജപ്പാൻവാക്കും ഒരു നല്ല കുട്ടിയുടെ കഥയും പഠിച്ചു" എന്നാണ്. ഇതാണു വിദ്യാഭ്യാസസമ്പ്രദായത്തിൻെറ ഒരു വിവരണം.

ജപ്പാൻഭാഷയിൽ അക്ഷരമാലയില്ല. ഓരോ ലിപിയും ഓരോ വാക്കുകളാണ്. വാക്കുകൾ മുഴുവൻ പഠിക്കാൻ വളരെ കൊല്ലങ്ങൾ വേ

ണം. ഉൽകൃഷ്ടവിദ്യാൎത്ഥികൾ ചീനഭാഷയും കൂടി പഠിക്കണം. അതിൻെറ പ്രയാസം അഞ്ചു യൂറോപ്യൻഭാഷ പഠിക്കാനുള്ളിടത്തോളമുണ്ടു്. ഇംഗ്ലീഷും പഠിക്കണം. എന്നാൽ നല്ല കുട്ടികളുടെ കഥകൊണ്ടു തുടങ്ങിയതു് വളൎന്നുവളൎന്നു വിദ്യാഭ്യാസാവസാനംവരെ നിലനിന്നുപോരുന്നു. ജപ്പാൻെറ ജീവനായ ബുഷിഡൊ എന്ന മാനമൎയ്യാദക്രമം പഠിച്ചു പൂൎത്തിയാകുന്നതുവരെ സദാചാരപഠനം വേണം. പ്രൊഫസർ ചെംബർലെയിൻ യൂറോപ്പിനെപ്പററി ഒരു ജപ്പാൻവിദ്യാൎത്ഥി എഴുതിയ ഉപന്യാസത്തെപ്പററി ഇങ്ങിനെ പറയുന്നു. "ഇംഗ്ലീഷുകാരൻെറ ടെസ്ററമെൻറിൽ പറയുന്നതു് ബുദ്ധിയെ കളയുന്നവന്നു് ലോകം മുഴുവൻ കിട്ടിയാലും ഫലമില്ലെന്നാണു്." ഇംഗ്ലീഷുകാരുടെ ബുദ്ധിശക്തിക്കു അഥവാ കാൎയ്യജ്ഞതക്കു് ഇതു ഒരു പ്രശംസമല്ല. ഇംഗ്ലീഷുകാരുടെ വിദ്യാഭ്യാസം കുഴപ്പത്തിൻെറയും ജപ്പാനിലെ വിദ്യാഭ്യാസം നന്മയുടേയും ഫലമാണെന്നാണു് പ്രസ്തുത വിദ്യാൎത്ഥി തെളിയിക്കുന്നതു്.

കൺഫ്യൂഷിയൻസമ്പ്രദായം കേവലം ലൌകികപരമെന്നു എഡ്വിൻ ആർനാൾഡു പറയുന്നതിനെ പൂൎണ്ണമായി വിശ്വസിക്കേണ്ട. അതു് ഏററവും ആദൎശപരവും കാൎയ്യക്ഷമവുമാണു്. പ്രൊഫസർ ഹെർൺ ഒരുദിവസം കുട്ടികളോടു സാഹിത്യത്തിൽ ശാശ്വതമായ ഒന്നു ഏന്താണു് എന്ന വിഷയത്തെപ്പററി ഒരു ഉപന്യാസമെഴുതാൻ പറഞ്ഞു. ഇങ്ങിനെ ഒരു വിഷയം അവർ മുമ്പു കേട്ടിട്ടില്ല. അതിനാൽ അവരുടെ ഉത്തരങ്ങൾക്കു നൂതനത്വം ഉണ്ടായിരുന്നു. പതിനേഴ്പതിനെട്ടുവയസ്സു പ്രായമായ ഒരു യൂറോപ്യൻക്ലാസിലെ വിദ്യാൎത്ഥികൾ ഈ വിഷയത്തെപ്പററി എന്തെഴുതുമൊ. ജപ്പാൻകുട്ടികളുടെ ഉത്തരസംക്ഷേപം ഇപ്രകാരമായിരുന്നു:

1. മനുഷ്യൻെറ ജീവിതത്തിലും നടത്തയിലും പ്രപഞ്ചനിയമാനുസൃതമായി കാണുന്നതെല്ലാം.

2. രാജ്യസ്നേഹികളുടെ ജീവിതത്തിലും, ലോകൎക്കു് പരിശുദ്ധപ്രമാണങ്ങൾ നൽകീട്ടുള്ളവരുടെ ഉപദേശങ്ങളും.

3. എല്ലാ സദാചാരസിദ്ധാന്തങ്ങളും സമ്മതിക്കുന്നതായ നന്മതിന്മാഭാവങ്ങൾ.

4. മനഃസാക്ഷി ഒന്നേ നിത്യമായുള്ളു. അതിനാൽ മനഃസാക്ഷിയെ ആധാരമാക്കി എഴുതപ്പെട്ടിട്ടുള്ള സദാചാരകൃതികൾ.

5. മഹത്തായ പ്രവൃത്തികൾക്കുള്ള കാരണങ്ങൾ, ഇവയത്രെ കാലത്താൽ മാറാത്തവ.

6. ഭൂരിപക്ഷം ജനങ്ങൾക്കു ഭൂരിസുഖം നൽകത്തക്ക മാൎഗ്ഗങ്ങളെ പററി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ.

7. യാതൊരു സദാചാരബോധമാണൊ അതിൻെറ അഭാവംമൂലം

ഭൂമിയെ ഒരു വെറും മണ്ണാംകട്ടയാക്കിയും പുസ്തകങ്ങളെ നിരുപയോഗകടലാസുകളാക്കിയും തീക്കുന്നു, ആ സദാചാരബോധമാണു ശാശ്വതം.

ഉത്തരം എഴുതിയ കുട്ടികളാണു പിന്നീട് പോർട്ടുആർത്തർ എന്ന കോട്ടയെ ഭഞ്ജിക്കാൻ നിർദ്ദിഷ്ടരായിരുന്നവർ. ഇതാണു ജപ്പാന്റെ കാര്യജ്ഞതയുടെ രഹസ്യം. ഇതു ലൌകികവാസനയാണ്. ലൌകികവിദ്യാഭ്യാസഫലമാണ്. മതവിദ്യാഭ്യാസഫലമല്ല. റോസ്ബറിപ്രഭു ഇതു കുറേക്കൂടി ഉച്ചത്തിൽ പ്രഖ്യാപനം ചെയ്യാതിരുന്നതു കഷ്ടമായിപ്പോയി. ഒരു ജപ്പാൻപത്രപ്രവത്തകന്റെ ഈ അഭിപ്രായം ആ പ്രഭു ഉദ്ധരിച്ചിട്ടുണ്ട്. "ഞങ്ങളുടെ രാജ്യമാണ് ഞങ്ങൾക്കാരാധനാവസ്തു—രാജ്യസ്നേഹമാണു ഞങ്ങൾക്ക് ഒന്നാമത്തെ പ്രമാണം—ചക്രവത്തിമുതൽ ഇങ്ങോട്ടു ഒരാൾക്കും ഇതല്ലാതെ വേറെ മതമില്ല." മി: സ്റ്റെഡിന്റെ—(മഹാജപ്പാൻ—ഗ്രെയിറ്റ് ജപ്പാൻ) എന്ന പുസ്തകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ജപ്പാനിലെ ലൌകിക(അനാത്മിക)വിദ്യാഭ്യാസസമ്പ്രദായമാണു മതംകൂടാതെ സദാചാരോപദേശം ചെയ്യാമെന്നും സുഖജീവിതം സാധിക്കാമെന്നും ഉള്ളതിനു ഏററവും അമൂല്യമായ ഉദാഹരണം."

ജപ്പാൻകാർ അവരുടെ മിഷണറിമാരെ യൂറോപ്പിലേക്കയക്കുന്നതു ഉപകാരപ്രദമായിരിക്കും. ഇംഗ്ലണ്ടിലെ മിഷണറിമാരെ വിദ്യാഭ്യാസപ്രവൃത്തിയിൽനിന്നും മാററി ലണ്ടനിലും ലിവർപൂളിലും വേണ്ട വിദ്യാഭ്യാസം ചെയ്യിക്കാൻ ജപ്പാൻകാർ ഏല്പിക്കുന്നതും ഗുണകരമായിരിക്കും. ഒന്നുമില്ലെങ്കിൽ മതംകൂടാതെ ജനങ്ങളെ സന്മാർഗ്ഗികളായി ജീവിക്കാൻ പഠിപ്പിക്കുക അസാധ്യമെന്ന പൊള്ളവാദം കേൾക്കാതെ കഴിച്ചുകൂട്ടുകയെങ്കിലും ആകാം. ഇംഗ്ലണ്ടിലെ മതാദ്ധ്യക്ഷന്മാർ വേണ്ടതു തങ്ങളെ ജനങ്ങൾ ദിനം പ്രതി കൂടുതൽകൂടുതലായി ഉപേക്ഷിച്ചുവരുന്നതിനാൽ തങ്ങളുടെ അവസ്ഥക്കും വയററുപിഴപ്പിനുമായി മതവിദ്യാഭ്യാസം വച്ചുകൊണ്ടിരുന്നേ മതിയാവു എന്നു തുറന്നുപറകയാണ്. ജനങ്ങൾ റോസ്ബറി പറയുന്നതുപോലെ ജപ്പാൻകാരുടെ കാര്യക്ഷമത കണ്ടു പഠിക്കട്ടെ. ഇതുവരെ ഇംഗ്ലണ്ടിനു സാധിക്കാത്തവിധം ജപ്പാൻകാരുടെ വിദ്യാഭ്യാസരീതി സ്വീകരിച്ചു ജനങ്ങളെ സ്വബോധമുള്ളവരായും പരിഷ്കൃതരായും സത്യരായും ജീവിക്കാറാക്കട്ടെ. ജപ്പാനിലെ രാജ്യമതമായ ഷിന്റോ ലൌകികവിദ്യാഭ്യാസത്തെ അനുകൂലിക്കുന്നു. പ്രൊഫ്സർ നിറെറാബി പറയുന്നു "ഷിന്റോവിനു ആദിപാപം എന്ന ഒരു തത്വബോധമേ ഇല്ല. ഷിന്റോദേവാലയങ്ങളിലെ വിഗ്രഹം ഒരു കണ്ണാടിയാണ്. ആരാധകനെ അവന്റെ രൂപത്തെ കാണിച്ചുകൊടുക്കയത്രെ അതു ചെയ്യുന്നതു്. പ്രസിദ്ധമായ യവനക്ഷേത്രത്തിലെ മുദ്രാവാക്യംപോലെ "തന്നെത്താനറിയുക" എന്നത്രെ ആരാധകനുള്ള ഉപദേശം. മാനുഷഹൃദയം നന്മമായമാണ്. ജപ്പാൻകാരു

ടെ ജീവിതത്തേയും സ്വഭാവത്തേയും നോക്കിക്കൊണ്ടു മനുഷ്യലോകത്തെ നന്നാക്കാൻ ലൌകികവിദ്യാഭ്യാസം മതിയാകയില്ലെന്നു ആക്കെങ്കിലും പറയാൻ കഴിയുമോ.?

"ജോസഫ് മക്കാബി"

# മലയാളത്തിലുണ്ടാകേണ്ട ചില മുഖ്യഗ്രന്ഥങ്ങൾ.

(പി. ശങ്കരൻ നമ്പ്യാർ. എം. എ.)

ജനസാമാന്യത്തിൻെറ വിദ്യാഭ്യാസം മാതൃഭാഷ മുഖേന നിർവഹിക്കപ്പെടേണ്ടതാണെന്നുള്ള അഭിപ്രായത്തിനു പ്രാബല്യം വൎദ്ധിച്ചുവരുന്ന ഇക്കാലത്തു മലയാളഭാഷയിൽ പ്രത്യേകം ആവിർഭവിക്കേണ്ടിയിരിക്കുന്ന പ്രധാനഗ്രന്ഥങ്ങളേതെല്ലാമെന്ന് സ്വല്പമൊന്നു പൎയ്യാലോചിക്കുന്നതു പ്രയോജനകരമായിരിക്കുമല്ലൊ.

ഒന്നാമതായി ഇന്നത്തെ പരിഷ്കൃതലോകത്തിൻെറ അംഗങ്ങളെന്ന നിലയിൽ ജീവിക്കേണമെന്നാഗ്രഹിക്കുന്നവരെല്ലാം അവശ്യം ഗ്രഹിച്ചിരിക്കേണ്ടവയായ നാനാവിഷയങ്ങളെക്കുറിച്ച് ഇംഗ്ലീഷ് ഭാഷാനഭിജ്ഞന്മാൎക്ക് സാമാന്യജ്ഞാനം നൽകുവാൻ പൎയ്യാപ്തങ്ങളായ ചില ഗ്രന്ഥപരമ്പരകളാണ് മലയാളത്തിൽ ഇപ്പോൾ ഉണ്ടാകേണ്ടതു്. ഇത്തരം ഗ്രന്ഥപരമ്പരകൾ ഇംഗ്ലീഷിൽ പലവകയായി ഇന്നു പ്രചാരത്തിലിരിക്കുന്നുണ്ട്; അവയെ അനുകരണീയങ്ങളായ മാതൃകകളായി സ്വീകരിക്കാമെന്നുള്ളതു് നമുക്കൊരു വലിയ മെച്ചംതന്നെയാണ്. "ഗാർഹികസൎവ്വകലാശാലാ"ഗ്രന്ഥാവലി (Home University Library) എന്ന അഭിധാനത്താൽ അറിയപ്പെടുന്ന ആ പ്രശസ്തഗ്രന്ഥാവലിയിൽ ഒട്ടുവളരെ പുസ്തകങ്ങൾ പുറത്തായിക്കഴിഞ്ഞിരിക്കുന്നു; ഇപ്പോഴും വൎഷംപ്രതി പുറത്തു വന്നുകൊണ്ടിരിക്കയും ചെയ്യുന്നു. ഈ ഗ്രന്ഥാവലിയെ അടിസ്ഥാനമാക്കി മലയാളത്തിൽ അവശ്യവിജ്ഞേയങ്ങളായ വിവിധവിഷയങ്ങളെ അധികരിച്ച് ഓരോ പുസ്തകം അതതുവിഷയത്തിൽ പ്രത്യേകവൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരെക്കൊണ്ടെഴുതിച്ച് പ്രസിദ്ധീകരിച്ചാൽ ആയതു വളരെ ഉപകാരപ്രദമായിരിക്കും. പുസ്തകങ്ങൾക്ക് ആകൃതിയിലും വലിപ്പത്തിലും ഐകരൂപ്യമു

ണ്ടായിരിക്കണം. ഓരോ പുസ്തകവും ക്രൗൺ 8-ൽ ഇരുനൂറുമുതൽ 240 വരെ പേജുകളുള്ളതായാൽ തരക്കേടില്ല. വിഷയങ്ങളുടെ സമ്പ്രദായം സൂചിപ്പിക്കുവാൻവേണ്ടി മാത്രം ചിലവയെ താഴെ കുറിക്കുന്നു.

ഭൂഗർഭശാസ്ത്രം (Geology)
ഖഗോളശാസ്ത്രം (Astronomy)
സസ്യശാസ്ത്രം (Botany)
പ്രാണിശാസ്ത്രം (Zoology)
ഭൌതികശാസ്ത്രം (Physics)
രസതന്ത്രം (Chemistry)
പരിണാമം (Evolution)

രാജ്യഭരണരീതികൾ, അർത്ഥശാസ്ത്രം ധനതത്വശാസ്ത്രം (Economics), കേരളചരിത്രം, ഭാരതചരിത്രം, മനഃശ്ശാസ്ത്രം (Psychology)

ഇങ്ങനെ വിഷയങ്ങളുടെ സംഖ്യ എത്രയെങ്കിലും വർദ്ധിപ്പിക്കാം. എച്ച്. ജി. വെത്സ് (H. G. Wells) എന്ന മഹാനെഴുതിയിട്ടുള്ള "ലോകചരിത്രം" (A Short History of the World) എന്ന വിശിഷ്ടഗ്രന്ഥത്തെ ആസ്പദമാക്കി വെച്ചുകൊണ്ട്, അതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള പ്രധാന സംഗതികളെ പുരസ്കരിച്ച് വിഷയനിർദ്ദേശം ചെയ്യുന്നതായിരിക്കും ഉത്തമം. അതുപോലെതന്നെ "ബഹുജനഗ്രന്ഥങ്ങൾ" (Jack's "People's Books") എന്നൊരു ഗ്രന്ഥാവലിയുള്ളതും നമുക്കു മാർഗ്ഗദർശകമാകുന്നു. ലോകത്തിലെ പല രാജ്യങ്ങളെക്കുറിച്ചു സമഗ്രങ്ങളും, സുസ്പഷ്ടങ്ങളും, സചിത്രങ്ങളുമായവിവരണങ്ങളടങ്ങിയ 'Peeps at many Lands' എന്ന പുസ്തകാവലിയും ഇവിടെ സ്മരിക്കാവുന്നതാകുന്നു.

ഓരോരൊ വിഷയത്തെക്കുറിച്ച് സമഷ്ടിയായി പ്രത്യേകം പ്രതിപാദിക്കുന്ന ഭിന്നഗ്രന്ഥങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള "ഗ്രന്ഥാവലി" ഏതു രൂപത്തിലിരിക്കുമെന്ന് ഇത്രയും പറഞ്ഞതുകൊണ്ടു വിശദമാകുന്നുണ്ടല്ലൊ. ഇനി, ഒരൊററഗ്രന്ഥത്തിൽതന്നെ നാനാവിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു സമ്പ്രദായമുണ്ട്. ഇത്തരത്തിലുള്ള പല പുസ്തകങ്ങൾ കൂടിച്ചേർന്ന് ഒരു "ഗ്രന്ഥാവലി" ഉണ്ടാകാവുന്നതാണ്. അതിന്ന് "വിവിധവിഷയവിജ്ഞാനീയം" എന്നോ, "വിജ്ഞാനസമുച്ചയം" എന്നൊ, "ലോകവിജ്ഞാനഭണ്ഡാഗാരം" എന്നൊ നാമകരണംചെയ്താൽ അനുചിതമാകയില്ല. അതിൽ, ഓരോ വിഷയത്തെക്കുറിച്ചുള്ള പ്രതിപാദനത്തിന്ന് ഏതാനുംപേജുകൾ മാത്രമെ വേണ്ടിവരികയുള്ളു. വിവരണം അത്ര ചുരുങ്ങിയതും എന്നാൽ അതോടുകൂടിത്തന്നെ പൂർണ്ണതയ്ക്കു കുറവില്ലാത്തതുമായിരിക്കണം. വിദഗ്ദ്ധൈകസാദ്ധ്യമായിട്ടുള്ള ഒരു കൃത്യമാണിതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. വിഷയങ്ങളെ അകാരാദിക്രമത്തി

ലൊ, മറേറതെങ്കിലും ശാസ്ത്രീയവ്യവസ്ഥയോടുകൂടിയൊ ചെക്കേണ്ടതാകുന്നു. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭവിക്കുന്നവയും, നമുക്ക് നിത്യജീവിതത്തിൽ ഏതെങ്കിലും പ്രകാരത്തിൽ ഇടപെടേണ്ടിവന്നേക്കാവുന്നവയുമായ പരിതഃസ്ഥിതിഗതിവിശേഷങ്ങളെ ശാസ്ത്രീയരീത്യാ വിശകലനം ചെയ്ത് അവയുടെ നാനാമുഖങ്ങളെ ലളിതഭാഷയിൽ സാധാരണന്മാൎക്കു സുഗ്രഹമാകത്തക്കവിധത്തിൽ പ്രകാശിപ്പിക്കുകയാണ് പ്രസ്തുതഗ്രന്ഥസമുച്ചയംകൊണ്ടു സാധിക്കേണ്ടതെന്ന് ആദ്യമെതന്നെ സ്പഷ്ടമായി വിവക്ഷിക്കേണ്ടതാകുന്നു. ഇതിന് ആകൃതിയിലും ഏറക്കുറെ പ്രകൃതിയിൽതന്നേയും, മാതൃകകളായി നമുക്കു സ്വീകരിക്കാവുന്ന ആംഗ്ലേയഗ്രന്ഥാവലികൾ Encyclopaedia Britannica, Every Man's Cyclopaedia എന്നിവയാണ്. The Book of Knowledge, Harmswoath's Cylcopaedia മുതലായി കല്ക്കത്തായിലെ Standard Literature Publishing കമ്പനിക്കാരുടെ വകയായ ചില പ്രസിദ്ധീകരണങ്ങളും ഇക്കാൎയ്യത്തിൽ നമുക്കു സഹായമായിരിക്കും.

മുൻപറഞ്ഞ രണ്ടുതരം ഗ്രന്ഥാവലികളിലും ബ്ലോക്കുകൾ കഴിയുന്നതു ചെക്കേണ്ടതാകുന്നു. പ്രസിദ്ധീകരണത്തിനു ധനവ്യയം കുറെ അധികം വേണ്ടിവരുമെങ്കിലും, കേരളരാജ്യമൊട്ടുക്ക് പ്രയോജനപ്രദമായിട്ടുള്ള പ്രവൃത്തിയാകയാൽ കൊച്ചി, തിരുവിതാംകൂർ, മദ്രാസ് എന്നീ ഗവൎമ്മെൻറുകളിൽനിന്ന് ഗണ്യമായ സഹായം സിദ്ധിക്കുമെന്ന് പ്രതീക്ഷിക്കുവാൻ ധാരാളം ന്യായമുണ്ടല്ലൊ.

സാഹിത്യപരമായി നോക്കുമ്പോൾ, മലയാളത്തിൽ ഇപ്പോൾ ഉണ്ടാകേണ്ടിയിരിക്കുന്നത് "ലോകത്തിലെ നൂറു മഹൽഗ്രന്ഥങ്ങൾ" എന്നൊരു "പുസ്തകമാല"യാണ്. ഇതിൽ ലോകത്തിലെ എല്ലാ പരിഷ്കൃതരാജ്യങ്ങളിലേയും പ്രശസ്തഗ്രന്ഥങ്ങളുടെ വിവേകപൂൎവമായ വിവൎത്തനങ്ങളാണു ഉൾപ്പെടുന്നത്. ഗ്രീക്ക്, ലത്തീൻ, ഇത്താലിയൻ, ഫ്രഞ്ച്, ജൎമ്മൻ, സ്പാനിഷ്, പോൎത്തുഗീസ്, സ്കാൻഡിനേവിയൻ, റഷ്യൻ, ജപ്പാനീസ്, ചൈനീസ്, ഇംഗ്ലീഷ്, സംസ്കൃതം, ബങ്കാളി, തമിഴ് എന്നിങ്ങനെ ലോകത്തിലെ വിശിഷ്ടഭാഗങ്ങളിൽ ലബ്ധപ്രതിഷ്ഠങ്ങളും അനശ്വരങ്ങളുമായിട്ടുള്ള മഹാകവികൃതങ്ങളായ കാവ്യങ്ങൾ മലയാളത്തിൽ അവതരിക്കുവാൻ സംഗതിയായാൽ അതുകൊണ്ടു നമ്മുടെ ഭാഷയ്ക്കുണ്ടാകാവുന്ന ഉൽക്കർഷം എത്രയെന്ന് ഏതാണ്ടു ഊഹിക്കാവുന്നതാണല്ലൊ. ഓരോ ഭാഷാസാഹിത്യഭൂമിയിലേയും അത്യുന്നതങ്ങളായ കാവ്യഗിരിശിഖരങ്ങളെ മാത്രം സ്പർശിക്കുവാനേ നമുക്കു തല്ക്കാലം സാധിക്കുകയുള്ളു എന്നുവരികിൽതന്നെ അതുകൊണ്ടു വളരെ ഗുണമുണ്ടാകുവാൻ വഴിയുണ്ട്. ഓരോ ഭാഷയിലേയും സാഹിത്യത്തിൻെറ ഔൽകൃഷ്ട്യമനുസരിച്ചുവേണം ആ ഭാഷയിലെ കവികൾക്കു പ്രാതിനിധ്യം അനുവദിക്കുന്നതെന്ന് വശേഷിച്ചു പറയേണ്ടതില്ലല്ലൊ.

പ്രസിദ്ധപണ്ഡിതന്മാരുടെ കൂട്ടത്തിൽനിന്ന് ഏതാനും ചിലർ ഒന്നിച്ചുചേ ൎന്ന് "കൂടിയാലോചന" നടത്തി, വിവൎത്തനത്തിനുള്ള ഗ്രന്ഥങ്ങളുടെ ഒരു പട്ടിക ആദ്യമെ തയ്യാറാക്കണം. ഓരോ ഭാഷയിലും പരിചയമുള്ളവരെ ക്കൊണ്ടു മാത്രമെ ആ ഭാഷയിലെ ഗ്രന്ഥങ്ങളെ തൎജ്ജമചെയ്യിക്കാവൂ. അ ല്ലാതെ ഇതരഭാഷാഗ്രന്ഥങ്ങളെല്ലാം ഇംഗ്ലീഷിൽനിന്നു തൎജ്ജമചെയ്താൽ പോരാ. പണ്ടു കുറുക്കൻ പറഞ്ഞതുപോലെ, കൊണ്ടറിഞ്ഞുകൊള്ളുന്ന തിനേക്കാൾ അധികം നല്ലത്, നേരിട്ടുകൊള്ളുകതന്നെയാണ്. എന്നാൽ ഗ്രന്ഥവിവൎത്തനം സജീവമായിരിക്കയുംവേണം. മൂലം വായിക്കാത്തവൎക്കു മൂ ലത്തിലേ സത്തായ ഭാഗങ്ങളും ആശയഗതിയും പ്രതിപാദനരീതിയും സ്പ ഷ്ടമാകത്തക്കവിധത്തിൽ, രസാവഹമായ ഭാഷയിൽ എഴുതപ്പെടണം വി വൎത്തനം എന്നു താല്പൎയ്യം. ഓരോ ഗ്രന്ഥത്തേയും ഗ്രന്ഥകാരനേയും കുറിച്ചു വിമൎശനരൂപത്തിലുള്ള ഓരോ മുഖവുരയും ഉണ്ടായിരിക്കേണ്ടതാകുന്നു. ഇ തിനു Collins Classics. തരമുള്ളേടത്തെല്ലാം Poetry and Life series മുത ലായ ആംഗ്ലേയഗ്രന്ഥാവലികൾ മാതൃകകളായിരിക്കും.

മലയാളസാഹിത്യസമുദ്രത്തിലെ വിശിഷ്ടരത്നങ്ങളെ, സാധാരണന്മാരുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കത്തക്കവിധം, എടുത്തുകാണിച്ചുകൊ ടുക്കുന്നതും ഇക്കാലത്തു ആവശ്യമായി വന്നിരിക്കുന്നു. ജനസാമാന്യത്തിനു മ ലയാളസാഹിത്യത്തെക്കുറിച്ച് അഭിമാനവും, അതിൽ അഭിരുചിയും, പു സ്തകപാരായണാസക്തിയും വർദ്ധിപ്പിക്കുവാൻ ഉപകരിക്കുന്ന ഒരു "പാഠ മാല" പ്രസിദ്ധീകരിക്കുന്നത് എല്ലാംകൊണ്ടും ആശാസ്യം തന്നെയാകുന്നു. എന്നുമാത്രമല്ല, അതുകൊണ്ടു മറെറാരുദ്ദേശവും നമുക്കു സാധിക്കാവുന്നതാ ണ്. "മലയാളത്തിലെന്തുണ്ട്? നല്ല കാവ്യങ്ങളുണ്ടോ? നല്ല കവികളു ണ്ടോ?" എന്നും മററു ചില ജ്ഞാനലവദുൎവിദഗ്ദ്ധന്മാർ ഹാസ്യരസത്തിൽ ചോദിക്കാറുള്ള ചോദ്യങ്ങൾക്കു ഉദാഹരണപൂൎവം മറുപടി കൊടുക്കുവാനും ഇപ്പറഞ്ഞ പ്രസിദ്ധീകരണം ഉപയുക്തമാകുന്നു. ഇതിനു "കൈരളീരത്നമാ ല" എന്നോ, "സാഹിത്യരത്നാവലി" എന്നോ "മലയാളസാഹിത്യഭണ്ഡാ ഗാരം" എന്നോ നാമകരണം ചെയ്യുവാൻ വിരോധമില്ല. ഇതിനുള്ള മാതൃ ക ഇംഗ്ലീഷിലുള്ള Ward's "Selections from English Poets" എന്നും Graig's "Selections from English Prose" എന്നും പറയപ്പെടുന്ന ഗ്ര ന്ഥാവലികളാകുന്നു. ഓരോന്നിലും അഞ്ചുവാല്യം വീതമാണ് ഇപ്പോൾ പ്ര സിദ്ധീകൃതങ്ങളായിട്ടുള്ളത്. മലയാളത്തിലാകട്ടെ, ഗദ്യത്തിനു മൂന്നും, പദ്യ ത്തിനു മൂന്നുംവീതം വാല്യങ്ങളുണ്ടായാൽ മതിയാകുമെന്നു തോന്നുന്നു. ഭാഷാ ചരിത്രത്തിലെ കാലവിഭജനക്രമമനുസരിച്ചു വാല്യങ്ങൾ തിരിക്കുകയായി രിക്കും ഉത്തമം. അങ്ങനെ നോക്കുമ്പോൾ പദ്യശാഖയിൽ, പ്രാചീനമലയാ ളം, ആധുനികമലയാളം എന്നു മൂന്നു കാലഘട്ടങ്ങളെ ആസ്പദമാക്കി മൂന്നു

പുസ്തകങ്ങൾ ഉണ്ടാകാവുന്നതാണ്. ഗദ്യശാഖയിൽ ആധുനികമലയാളത്തിന്നു രണ്ടും അതിന്നു മുമ്പുള്ള കാലത്തിന്നെല്ലാംകൂടി ഒന്നും വാല്യങ്ങൾ ഉണ്ടായാൽ പോരാതെയില്ല. ഓരോ പുസ്തകത്തിലും കവികളെയും കൃതികളെയും കാലക്രമമനുസരിച്ചുവേണം അണിനിരത്തിക്കാണിക്കുന്നതു്. എന്നാൽ മാത്രമേ ഭാഷയുടെ ക്രമാനുഗതമായ വളർച്ചയും സാഹിത്യത്തിന്റെ പരിണാമവും വിശദമായി പ്രഥമദൃഷ്ടിയിൽതന്നെ പ്രത്യക്ഷമാകുകയുള്ളു. ആദികാലംമുതൽ ആധുനികകാലംവരെ മലയാളത്തിലുണ്ടായിട്ടുള്ള പ്രമാണികളായ ഗ്രന്ഥകാരന്മാരുടെ കൃതികളിൽ നിന്നു്, അവരുടെ പ്രതിഭയുടെ നാനാവശങ്ങളേയും പ്രകാശിപ്പിച്ചു കാണിക്കുവാൻ പര്യാപ്തങ്ങളായ ഭാഗങ്ങൾ വിവേചനാപൂർവം തിരഞ്ഞെടുത്തു ക്രോഡീകരിക്കുകയാണ് മുഖ്യമായി ചെയ്യേണ്ടതു്. ഓരോ ഗ്രന്ഥകാരനെ അവതരിപ്പിക്കുന്നതിന്നു മുമ്പായി പീഠികയുടെ സ്ഥാനത്തു ഗ്രന്ഥകർത്താവിന്റെ ജീവചരിത്ര സംഗ്രഹവും (ചെറിയടൈപ്പിൽ ഒരു പേജുമാത്രം) അദ്ദേഹത്തിന്റെ കൃതികളുടെ സാമാന്യസ്വഭാവം, അദ്ദേഹത്തിന്നു സാഹിത്യത്തിലുള്ള സ്ഥാനം എന്നിവയെ പരാമർശിച്ചുകൊണ്ടുള്ള ലഘുനിരൂപണവും (നാലുപേജുമുതൽ എട്ടുപേജുവരെയാകാം) ചേർക്കേണ്ടതാകുന്നു. ഇതെല്ലാം എഴുതിത്തയാറാക്കുന്നതു് ഓരോ ഗ്രന്ഥകാരനെക്കുറിച്ചു പ്രത്യേകപഠനം നടത്തീട്ടുള്ള വിദ്ഗ്ദ്ധന്മാരായിരിക്കണം. നിരൂപണത്തിൽ പ്രസ്താവിക്കുന്ന ആശയങ്ങളും ഉദ്ധരിച്ചു ചേർക്കുന്ന കാവ്യഭാഗങ്ങളും അന്യോന്യ പ്രകാശങ്ങളായിരിക്കണമെന്നു വിശേഷിച്ചു പ്രസ്താവിക്കേണ്ടതില്ലല്ലോ. മലയാളത്തിലെ പദ്യസാഹിത്യത്തിന്റെയും ഗദ്യസാഹിത്യത്തിന്റെയും വളർച്ചകളെ കാണിക്കുന്ന വിമർശനരൂപത്തിലുള്ള ഓരോ അവതാരികകൾ, ക്രമേണ, പദ്യപാഠാവലിയുടേയും ഗദ്യപാഠാവലിയുടേയും പ്രാരംഭത്തിൽ ചേർക്കുന്നതു പ്രയോജനകരമായിരിക്കയുംചെയ്യും.

ഇഈവക പ്രസിദ്ധീകരണങ്ങൾക്കു പുറപ്പെടുന്നതിന്നുമുമ്പായി, ഓരോ ഗ്രന്ഥാവലിക്കും ഓരാ പ്രസാധകനെ സമ്പാദിക്കേണ്ടിയിരിക്കുന്നു. പ്രസാധകൻ പലഭാഷാസാഹിത്യങ്ങളിൽ പരിചയമുള്ള പണ്ഡിതനും വിശാലഹൃദയനും വിവേകശാലിയുമായിരിക്കണം. ഗ്രന്ഥാവലിയുടെ സൂത്രധാരൻ ആണ് അദ്ദേഹം എന്നോർക്കുമ്പോൾ അദ്ദേഹത്തിന്റെ ബാദ്ധ്യത എത്രത്തോളമുണ്ടെന്നു വെളിവാകുന്നുണ്ടല്ലോ. പ്ലാൻ തയാറാക്കുന്നതും നടത്തുന്നതും, ലേഖകന്മാർക്കുവേണ്ടുന്ന നിർദ്ദേശങ്ങൾ കൊടുക്കുന്നതും മററും അദ്ദേഹത്തിന്റെ ചുമതലകളാണ്.

പിന്നെ ചെയ്യേണ്ടതു ഓരോവിഷയത്തിലും പ്രത്യേക വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള പ്രമാണികളെ കണ്ടുപിടിക്കുകയാകുന്നു. ഇവരെല്ലാവരും നല്ല ഭാഷാസ്വാധീനമുള്ളവരായെന്നു വരുന്നതല്ല. എന്നാൽ അതുകൊണ്ടു

വലിയ ദോഷമൊന്നുമുണ്ടാകാനിടയില്ലതാനും. അവർ എഴുതിത്തയാറാക്കു ന്ന പുസ്തകങ്ങളിലെ ഭാഷയെ സമീചീനമാക്കുന്നതിനും, ഗ്രന്ഥാവലിയിലെ ഭാഷയ്ക്കു് ഒട്ടാകെ ഐകരൂപ്യം വരുത്തുന്നതിനുമായി ഒരു ചെറിയഭാഷാ പണ്ഡിതസംഘം രൂപീകരിക്കേണ്ടതാണ്. ഭാഷയെ സംബന്ധിച്ചിടത്തോ ളമുള്ള സകല ചുമതലയും ഈ സംഘം വഹിക്കുന്നതായിരിക്കും.

ഉത്സാഹശീലന്മാരായ പ്രസാധകന്മാരോ മുദ്രാലയാധികൃതന്മാരോ, അഥവാ കൊച്ചി, തിരുവിതാംകൂർ, മദ്രാസ് എന്നീ ഗവൺമെണ്ടുകൾ ത ന്നെയോ, മേൽവിവരിച്ചവിധത്തിലുള്ള പ്രസിദ്ധീകരണങ്ങളുടെ കാര്യത്തി ൽ കുറഞ്ഞൊന്നു ശ്രദ്ധിക്കുന്നപക്ഷം നമ്മുടെ മാതൃഭാഷയുടെ മേന്മക്കും ശ്രേയസ്സിനും അതു ഗണ്യമായ ഒരു സഹായമായിരിക്കുമെന്നു നിസ്സംശയം പറയാവുന്നതാണ്.

* * * * * * * * * *

മലയാളത്തിൽ സ്വതന്ത്രഗ്രന്ഥങ്ങൾ നിർമ്മിക്കുവാൻ ത്രാണിയും സൗകര്യവുമുള്ള സാഹിത്യകാരന്മാർ തങ്ങളുടെ പ്രതിഭാശക്തിയെ കാലാനു കൂലമായി ഏതേതു പന്ഥാക്കളിൽക്കൂടിയാണു തിരിച്ചുവിടേണ്ടതെന്നുള്ള വിഷയത്തെക്കുറിച്ചും ചില അഭിപ്രായങ്ങൾ തുറന്നുപറയുന്നതായാൽ അ തു തെററിദ്ധാരണകൾക്കു് ഇടകൊടുക്കുകയില്ലെന്നു വിശ്വസിക്കുന്നു. കവി കളോടു് ഏതേതു വിഷയങ്ങളെക്കുറിച്ചെഴുതണമെന്നു ആജ്ഞാപിക്കുവാൻ ആർക്കും അവകാശമില്ലെന്ന വാസ്തവം വിസ്മരിച്ചുകൊണ്ടല്ലാ ഈ സാഹസ ത്തിനൊരുമ്പെടുന്നതു്. ഏതേതുവിഷയങ്ങളെക്കുറിച്ചു ഏതേതു ഗ്രന്ഥങ്ങ ളുണ്ടായിക്കാണുവാനാണ് ഭാഷാഭിമാനികൾ ആഗ്രഹിക്കുന്നതു് എന്നു സൂചിപ്പിക്കുന്നതുകൊണ്ടു ആർക്കും പരിഭവത്തിനു വഴിയുണ്ടാകയില്ലല്ലൊ. ഈ വിഷയത്തെക്കുറിച്ചു ഏതാനുംമാസങ്ങൾക്കുമുമ്പു "കേരളം" മാസിക യിൽ പ്രസ്തുത ലേഖകൻ ചില നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി ട്ടുണ്ടു്. ആയതു് ഇവിടെ അനുസ്മരിക്കുന്നതു് അനുചിതമാകയില്ലെന്നു വിചാ രിക്കുന്നു.

(1.) മഹാകാവ്യം എഴുതേണമെന്നു നിശ്ചയിക്കുന്നവർ ഒരു യ ഥാർത്ഥ കേരളീയമഹാകാവ്യം എഴുതുവാൻ ശ്രമിച്ചാൽ നന്നായിരിക്കും. ഗ്രീ ക്കുകാർക്കു ഹോമറിൻേറയും, റോമാക്കാർക്കു വെർജിലിൻേറയും, ആര്യഭാരതീ യർക്കു വാത്മീകിയുടേയും മഹാകാവ്യങ്ങളുള്ളതുപോലെ കേരളീയർക്കു തങ്ങളു ടെ രാഷ്ട്രീയാഭിമാനോത്തേജകമായുള്ള ഒരു മഹാകാവ്യം ഇനിയും ഉണ്ടാ കേണ്ടതായിട്ടാണിരിക്കുന്നതു്. "ഉമാകേരളം" ഈ ആദർശത്തോടു് ഏതാ ണ്ടു് അടുക്കുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ കൊച്ചി, തിരു വിതാംകൂർ, ബ്രിട്ടീഷുമലബാർ എന്നീ വിഭാഗങ്ങളടങ്ങിയ കേരളരാഷ്ട്രത്തെ

പൊതുവിൽ പ്രതിനിധീകരിക്കുന്ന ഒരു രാഷ്ട്രീയമഹാകാവ്യം എഴുതുവാൻ ഇനിയും അവകാശമുണ്ട്. തിരുവിതാംകൂർ ഭാഗഭാക്കായി, കൊച്ചിരാജാവും കോഴിക്കോട്ടു സാമൂതിരിരാജാവും തമ്മിലുണ്ടായിട്ടുള്ള ഏതെങ്കിലും ഒരു മഹായുദ്ധത്തെ കഥാകേന്ദ്രമായി സ്വീകരിപ്പാൻ മാർഗ്ഗമുണ്ടോ എന്നു പര്യാലോചിക്കേണ്ടതാണ്. "വടക്കൻപാട്ടു"കളെ ആധാരമാക്കി ഒരു കേരളീയ മഹാകാവ്യമെഴുതുവാൻ വകയുണ്ടോ എന്നും ചിന്തനീയമത്രെ. ഏതായാലും മഹാകാവ്യം സമകാലീനമായ സമുദായചരിത്രത്തെ പ്രതിബിംബിപ്പിച്ചു പ്രകാശിപ്പിക്കുന്ന ഒരു മനോഹരദർപ്പണമായി പ്രശോഭിക്കുക എന്നതു് അത്യാവശ്യമാകുന്നു.

(2) ഖണ്ഡകാവ്യങ്ങളുടെ കൂട്ടത്തിൽ വള്ളത്തോളിന്റെ "മാതൃവന്ദന"ത്തിന്റെ മാതൃകയിൽ സ്വദേശഭക്തിസംവർദ്ധകങ്ങളായ കൃതികൾ എത്ര ആവിർഭവിച്ചാലും ഇക്കാലത്തു് അധികമായിപ്പോകുന്നതല്ല. കേരളത്തിന്റെ മാഹാത്മ്യത്തെ വിശദീകരിക്കുന്ന ഗാനങ്ങൾ ഇനിയും ധാരാളം ഉണ്ടാകേണ്ടിയിരിക്കുന്നു. കേരളത്തിലെ പ്രകൃതിവിലാസം—വൃക്ഷലതാദികൾ, പക്ഷിമൃഗാദികൾ, പുഴകൾ, പുണ്യതീർത്ഥങ്ങൾ, കാടുകൾ മേടുകൾ, കാവുകൾ, ക്ഷേത്രങ്ങൾ മുതലായവയുടെ മനോഹാരിത്വം—കേരളീയരുടെ ആകർഷകങ്ങളും അനുകരണീയങ്ങളുമായ ആചാരവിശേഷങ്ങൾ വീര്യവും സൗന്ദര്യവും കൈകോർത്തുപിടിച്ചു നർത്തനംചെയ്യുന്ന കേരളീയപൂർവ്വചരിത്രം എന്നിവയെക്കുറിച്ചെല്ലാം ലളിതങ്ങളും ശ്രവണസുഭഗങ്ങളും സ്തോഭജനകങ്ങളുമായ ഖണ്ഡകാവ്യങ്ങൾ അടിയ്ക്കടിയായി ഉണ്ടായിക്കൊണ്ടിരിക്കേണ്ട ഒരു കാലഘട്ടമാണിതു്. ചെറുബാലന്മാർക്കുകൂടി അനായാസേന ചൊല്ലി രസിക്കത്തക്ക രീതിയിൽ ഹൃദയാവർജ്ജകങ്ങളായ ഗാനകാവ്യങ്ങളെ ഉൽകൃഷ്ടാശയസംവലിതങ്ങളായി നിർമ്മിക്കുന്ന മഹാകവികൾ തീർച്ചയായും അനശ്വരയശസ്സികളായി പരിലസിക്കാതിരിക്കയില്ല.

(3) ഇന്നത്തെ ജീവിതഗതികളെ പ്രതിഫലിപ്പിക്കുന്ന ദൃശ്യകാവ്യങ്ങളും മലയാളത്തിൽ മേൽക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കേണ്ടതാകുന്നു. പൊതുജനങ്ങളുടെ വിദ്യാഭ്യാസത്തിനു പ്രത്യേകം പ്രയോജനകരമായിട്ടുള്ളള്ള ഒരു സാഹിത്യപ്രസ്ഥാനമാണല്ലോ ദൃശ്യകാവ്യം; അതിനെ ഉദ്ദേശ്യസിദ്ധിക്കു പറ്റുന്നവിധത്തിൽ പോഷിപ്പിച്ചുകൊണ്ടുപോകുന്നതു് നമ്മുടെ ഇന്നത്തെ ഒരു പ്രധാനകർത്തവ്യമാകുന്നു. ഇക്കാര്യത്തിൽ തമിഴിനേയും സംസ്കൃതത്തേയും ആശ്രയിക്കാതെ, ഫ്രെഞ്ചു്, ഇംഗ്ലീഷു് എന്നീ ഭാഷകളിലുള്ള നൂതനദൃശ്യകാവ്യപ്രസ്ഥാനങ്ങളെ അനുകരിക്കുകയായിരിക്കും അധികം ആശാസ്യമായിട്ടുള്ളതു്. പരിതഃസ്ഥിതികളെ സ്വാഭാവികരീതിയിൽ പ്രകാശിപ്പിക്കുന്നതോടുകൂടി പ്രത്യേകം ഗ്രഹിക്കേണ്ടവയായ തത്വങ്ങളെ പ്രേക്ഷകന്മാർക്കു പഠിപ്പിച്ചുകൊടുക്കുവാൻ ദൃശ്യകാവ്യകർത്താക്കൾ ശ്രമിക്കേണ്ടതാ

കുന്നു. ഇംഗ്ലീഷിലെ പഴയ കവികളുടെ കൂട്ടത്തിൽ ബെൻ-ജാൺസൺ, ഡെക്കർ, മാസിഞ്ചര, ഷെറിഡൻ, ഗോൽഡ്സ്മിത്ത് മുതലായവരുടേയും നവീനന്മാരുടെ കൂട്ടത്തിൽ ബെർനാഡ്ഷാ, ഗാൽസ്വത്തി എന്നിവരുടേയും യൂറോപ്പുഭാഷകളിൽ ഹെൻറിക് ഇബ്സൺ, മോളിയേർ തുടങ്ങിയവരുടേയും നാടകങ്ങൾ വായിച്ചറിഞ്ഞതിനുശേഷം നമ്മുടെ ദൃശ്യകാവ്യകൃത്തുക്കൾ തങ്ങളുടെ കൃതികളെഴുതുവാൻ തുടങ്ങിയാൽ ഇന്നത്തെ സ്ഥിതിക്കു കൂടുതൽ ഫലപ്രദമാകുമെന്നു തോന്നുന്നുണ്ട്.

(4) ഗദ്യസാഹിത്യത്തിലും ചില പ്രത്യേകപ്രസ്ഥാനങ്ങൾക്കു പുഷ്ടിവരേണ്ടതായിട്ടാണ് ഇരിക്കുന്നത്. വിദേശങ്ങളിൽ സഞ്ചരിക്കുവാൻ സൗകര്യമുണ്ടായിട്ടുള്ള മലയാളികൾ തങ്ങളുടെ സഞ്ചാരാനുഭവങ്ങളേയും രാജ്യാന്തരങ്ങളിലെ സമ്പ്രദായങ്ങളേയും മററും വിസ്തരിച്ചു വിവരിച്ചുകൊണ്ടുള്ള പുസ്തകങ്ങൾ നമ്മുടെ നാട്ടുകാരുടെ അറിവിനായി ലളിതഭാഷയിലെഴുതേണ്ടതാണ്. ബാരിസ്റ്റർ കെ. പി. കേശവമേനോൻ അവർകളുടെ "ബിലാത്തിവിശേഷം" ഒരു നല്ല മാതൃകയാണ്. അന്യദേശങ്ങളുടെ ചരിത്രങ്ങളും വിവരണങ്ങളും ഭാഷയിൽ ധാരാളം ഉണ്ടായാൽ, ബഹുജനങ്ങളുടെ ഇടയിൽനിന്നു കൂപമണ്ഡൂകബുദ്ധിയെ ബഹിഷ്കരിക്കുവാൻ അതൊരു ഉത്തമമാർഗ്ഗമായിരിക്കും. നമ്മുടെ ചുററും കാണുന്ന സംഗതികളെക്കുറിച്ചു രസാവഹങ്ങളായ ഉപന്യാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ആവശ്യമാകുന്നു. ഭാരതീയരായ (വിശേഷിച്ചു കേരളീയരായ) വീരപുരുഷന്മാരുടേയും വീരവനിതകളുടേയും ജീവചരിത്രങ്ങൾ സാമാന്യന്മാൎക്കു വായിച്ചു രസിക്കത്തക്ക രീതിയിൽ ഇനിയും അസംഖ്യം ആവിർഭവിക്കേണ്ടതാകുന്നു. ഇതിനെല്ലാം പുറമെ, ഇന്ത്യയിലെ, അഥവാ കേരളത്തിലെ, സാമുദായികജീവിതത്തിൻെറ വിവിധഭാഗങ്ങളെ തെളിയിച്ചു കാണിക്കുന്ന നോവലുകളും ചെറുകഥകളും ഇപ്പോൾ വളരെ കുറച്ചു മാത്രമെ പുറത്തുവന്നിട്ടുള്ളു. അവയുടെ എണ്ണവും വണ്ണവും ഇനി വൎദ്ധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈ വിഷയത്തിൽ നമുക്ക് ഇപ്പോൾ Jane Austen, Thackeray, Dickens മുതലായവയാണ് George Elliot, Scott, Litton മുതലാവരേക്കാളധികം അനുകരണീയരായിരിക്കുന്നത്. ഗ്രന്ഥത്തിനുള്ള വിഷയം നമ്മുടെ ചുററുപാടുമുള്ള ജീവിതം തന്നെയായിരിക്കണം കാലദേശാന്തരങ്ങളിലേയ്ക്കു, കല്പനാവിമാനാരൂഢരായി ഗ്രന്ഥകാരന്മാർ പാഞ്ഞുപോകേണ്ടതില്ലെന്നു സാരം. ചരിതസ്ഥിതികളെ സൂക്ഷ്മാവലോകനം ചെയ്യുന്നതിനുള്ള നിരീക്ഷണപാടവം, വൎണ്ണനാവൈഭവം, ലളിതഭാഷ, ഫലിതരസം, കഥനചാതുൎയ്യം എന്നിവ ധാരാളം സഹായത്തമായിട്ടുള്ള ഗ്രന്ഥകാരന്മാർ പൊതുജനവിജ്ഞാനവൎദ്ധനമെന്ന ഉദ്ദേശ്യത്തെ മുൻനിറുത്തി നോവലുകളും ചെറു

കഥകളും എഴുതുവാൻ ഉത്സാഹിക്കുന്നപക്ഷം അതു കേരളീയൎക്കും കേരള ഭാഷക്കും ഒരു വലിയ ഉപകാരംതന്നെയായിരിക്കും.

(മലയാളരാജ്യം വി. പ്രതി)

മദിരാശി പ്രസിഡൻസിയിലെ

# പ്രാഥമികവിദ്യാഭ്യാസം.

(ഇതു് മദിരാശിയിലെ ഡെപ്യൂട്ടി ഡയറക്ടരായ ആർ. എം. സ്റ്റാത്താം എം. എ., സി. ഐ. ഇ., ഐ. ഇ. എസ്സ്. എഴുതിയിട്ടുള്ള ഒരു ലേഖനമാണ്.)

മദിരാശി പ്രസിഡൻസിയിലെ പ്രാഥമിക വിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധിയെപ്പററി ഒരു ലേഖനമെഴുതുവാൻ എന്നോടാവശ്യപ്പെട്ടിരിക്കുന്നു. അഭിവൃദ്ധിയുടെ വ്യാപ്തിയെ ചില കണക്കുകൾകൊണ്ടാണു കാണിക്കേണ്ടതു്. എന്നാൽ കണക്കുകൾകൊണ്ടു മാത്രം ജനസാമാന്യത്തിൻെറ വിദ്യാഭ്യാസത്തിൻെറ സാമാന്യനിലയേയൊ ഗുണത്തേയൊ നിൎണ്ണയിക്കാൻ സാധ്യമല്ലല്ലൊ.

കണക്കുകൾകൊണ്ടു് കാണുന്ന അഭിവൃദ്ധി മഹനീയമായിട്ടുള്ളതാണ്. 1921-ൽ 14358 ഗ്രാമങ്ങളിൽ വിദ്യാലയങ്ങൾ ഏൎപ്പെടുത്തിയിരുന്നു. 1930-ൽ 26490 ഗ്രാമങ്ങളിൽ പാഠശാലകൾ ഉണ്ടാക്കിയിട്ടുണ്ട്. 1921ൽ 36265 പ്രാഥമികപാഠശാലകളും അവയിൽ 1545349 കുട്ടികളുമുണ്ടായിരുന്നു. 1930-ൽ പാഠശാലകളുടെ എണ്ണം 55751-ം, കുട്ടികളുടെ എണ്ണം 2576168-ം ആയി വൎദ്ധിച്ചിട്ടുണ്ടു്.

പത്തു സംവത്സരത്തിനുമുമ്പു് ഈ പ്രസിഡൻസിയിൽ ഒരിടത്തും നിർബന്ധിതവിദ്യാഭ്യാസമുണ്ടായിരുന്നില്ല. ഒരു പ്രാദേശികസമിതിയും വിദ്യാഭ്യാസകരമീടാക്കിയിരുന്നില്ല. ഇന്നു് 26 നഗരസഭകളും 7 താലൂക്കു ബോർഡുകളും നിർബന്ധിതവിദ്യാഭ്യാസം നടപ്പാക്കുകയും 32 നഗരസഭകളും 120 താലൂക്കുസമിതികളും വിദ്യാഭ്യാസകരം ഈടാക്കുകയും ചെയ്തുവരുന്നുണ്ടു്.

വിദ്യാലയങ്ങളുടേയും കുട്ടികളുടേയും വലിയ വൎദ്ധനയോടുകൂടി വിദ്യാഭ്യാസച്ചിലവും വൎദ്ധിച്ചിരിക്കുമല്ലൊ. 1921-ൽ പ്രാഥമികവിദ്യാഭ്യാസത്തിനായി ആകെയുള്ള ചിലവു് 106. 49 ലക്ഷം ക്രുപയായിരുന്നു.

1930-ൽ അതു് 215.66 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. ഗവമ്മെൻറിൻെറ ചിലവുതന്നെ 66 ലക്ഷത്തിൽനിന്നും 118 ലക്ഷം രൂപയായിട്ടുണ്ട്.

തൃപ്തികരമായ ഒരു പൊതുജനവിദ്യാഭ്യാസത്തിൻെറ അടിസ്ഥാനം വേണ്ടിടത്തോളം പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ ശേഖരിക്കുകയാകുന്നു. ഇക്കാര്യത്തിലും വലിയ അഭിവൃദ്ധി കാണുന്നുണ്ട്. 1919-ൽ പ്രാഥമികപാഠശാലകളിലുണ്ടായിരുന്ന 65783 അദ്ധ്യാപകന്മാരിൽ 27481 പേർ പരിശീലനം സിദ്ധിച്ചിട്ടുള്ളവരായിരുന്നു. 1930-ൽ 107685 അദ്ധ്യാപകന്മാരിൽ 59010 പേരും പരിശീലനം ലഭിച്ചിട്ടുള്ളവരാണ്. എന്നാൽ അദ്ധ്യാപകന്മാരെ സംബന്ധിച്ച അഭിവൃദ്ധിയിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് പ്രാഥമികപാഠശാലകളിൽ, പരിശീലനം സിദ്ധിച്ചിട്ടുള്ള 4000 രണ്ടാംഗ്രേഡ് അധ്യാപകന്മാരുണ്ടെന്നുള്ളതാണ്. പത്തുകൊല്ലം മുമ്പെ 400 പേർ മാത്രമെ ഉണ്ടായിരുന്നുള്ളു.

മേൽകാണിച്ച കണക്കുകൾ പ്രാഥമികവിദ്യാഭ്യാസത്തിൽ സർവ്വതോമുഖമായ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നു കാണിക്കുന്നുണ്ടെങ്കിലും സ്ത്രീകളുടേയും പ്രത്യേകസമുദായക്കാരുടേയും വിദ്യാഭ്യാസത്തിനായി സ്വീകരിച്ചിട്ടുള്ള പ്രത്യേകമാർഗ്ഗങ്ങളെ സ്പഷ്ടമാക്കുന്നില്ലല്ലൊ. ബാലികമാരുടെ വിദ്യാഭ്യാസസ്ഥിതി ആൺകുട്ടികളുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പിന്നിലാണെന്നു കാണാമെങ്കിലും കഴിഞ്ഞ പത്തു സംവത്സരങ്ങളിൽ അഭിവൃദ്ധിയുണ്ടെന്നുള്ളതിനു സംശയമില്ല. ബാലികമാൎക്കുള്ള പ്രാഥമികപാഠശാലകളുടെ എണ്ണം 2600-ൽനിന്നും 5300 ആയിട്ടുണ്ട്. ബാലികമാരുടെ എണ്ണം 346000-ൽനിന്നും 430000 ആയി വർദ്ധിച്ചിട്ടുമുണ്ട്. ഇവിടെ നിർബന്ധിതവിദ്യാഭ്യാസം ആദ്യമായി ആരംഭിച്ചപ്പോൾ ഈ പദ്ധതി ബാലികമാരുടെ കാര്യത്തിൽ പ്രായോഗിമായിത്തീരുമൊ എന്നുള്ളതിനെപ്പററി ബലമായ സംശയമുണ്ടായിരുന്നു. മൂന്നു നഗരസഭകളിൽ മുസ്ലീം ബാലികമാരെ ഒഴിച്ചു് നിർബന്ധിതവിദ്യാഭ്യാസം ഏൎപ്പെടുത്തിയപ്പോൾ അധികം വിഷമതയുണ്ടായില്ലെന്നു മാത്രമല്ല തൃപ്തികരമായ അഭിവൃദ്ധിയും കാണുന്നുണ്ട്. നിർബന്ധിതവിദ്യാഭ്യാസം തുടങ്ങിയതിനുശേഷം മദിരാശിയിൽ പഠിക്കുന്ന ബാലികമാരുടെ സംഖ്യ 18391-ൽനിന്നും 25239 ആയിട്ടുണ്ട്. കൊച്ചിയിൽ 467-ൽനിന്നും 1010 ം, ഈറോഡിൽ 406-ൽനിന്നും 1287-ം ആയിട്ടുണ്ട്. പഠിക്കുന്നതിനു പ്രായമായ ബാലികമാരിൽ മുസ്ലീംജാതിക്കാരെ ഒഴിച്ചു് കൊച്ചിയിൽനിന്നും 100 ശതമാനവും ഈറോഡിൽനിന്നും 86 ശതമാനവും വിദ്യാലയത്തിൽ ഹാജരാകുന്നുണ്ട്. മദിരാശിപട്ടണത്തിൽ മുസ്ലീംബാലികമാൎക്കും നിർബന്ധിതവിദ്യാഭ്യാസം ഏൎപ്പെടുത്തുവാൻ പോകുന്നതു് തൃപ്തികരംതന്നെ.

സ്ത്രീവിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധിക്കുള്ള ഒരു വിഷമതപരിശീലനം സിദ്ധിച്ച അദ്ധ്യാപികമാരെ ലഭിക്കുവാനാണ്. എന്നാൽ ഈ വിഷമതയും കുറഞ്ഞുവരുന്നുണ്ട്. പ്രാഥമികപാഠശാലകളിലെ അദ്ധ്യാപികമാൎക്ക് പരിശീലനം നൽകുന്നതിന് കൂടുതൽ സൗകൎയ്യം നൽകിവരുന്നു. 1921-ൽ 30 ശിക്ഷാക്രമപരിശീലനപാഠശാലകളെ ഉണ്ടായിരുന്നുള്ളു. 1547 സ്ത്രീകൾ പരിശീലനത്തിനായി വന്നിരുന്നു. കഴിഞ്ഞകൊല്ലത്തിൽ 58 പരിശീലനപാഠശാലകൾ ഉണ്ടായിരുന്നു. അവിടെ 2700 സ്ത്രീകൾ പഠിക്കുന്നുമുണ്ടായിരുന്നു. തൽഫലമായി പ്രാഥമികപാഠശാലകളിൽ പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപികമാരുടെ എണ്ണം വൎദ്ധിച്ചിട്ടുണ്ട്. ഇന്നുള്ള 11266 അദ്ധ്യാപികമാരിൽ 7761 പേരും പരിശീലനം സിദ്ധിച്ചിട്ടുള്ളവരാണ്. ആൺപള്ളിക്കൂടങ്ങളിലേക്കാൾ പെൺപള്ളിക്കൂടങ്ങളിലെ അദ്ധ്യാപികമാരുടെ യോഗ്യതയാണ കൂടുതൽ തൃപ്തികരമായിരിക്കുന്നത്. ആൺപള്ളിക്കൂടങ്ങളിൽ പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപകന്മാരുടെ ശതമാനം 52-ം, പെൺപള്ളിക്കൂടങ്ങളിൽ 74-ം ആണ്.

പ്രാഥമികപാഠശാലകളിൽ പഠിക്കുന്ന മഹമ്മദീയവിദ്യാൎത്ഥികളുടെ സംഖ്യയും വളരെ വൎദ്ധിച്ചിട്ടുണ്ട്. 1921 മുതൽ 1930 വരെ അവരുടെ സംഖ്യ 114000-ൽനിന്നും 200000 ആയിട്ടുണ്ട്. ബാലികമാരുടെ എണ്ണം 31000-ൽനിന്നും 73000 ആണ്. മഹമ്മദീയൎക്കുള്ള പ്രത്യേക പാഠശാലകളിൽ ആൺകുട്ടികളുടെ എണ്ണം 99000-ൽനിന്നും 194000 ം പെൺകുട്ടികളുടെ എണ്ണം 11000-ൽനിന്നും 28000-ം ആണ്. മാപ്പിളമാരുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിക്കുവാൻ പ്രത്യേകമാൎഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളതുകൊണ്ട് ആൺപാഠശാലകളുടെയും പെൺപാഠശാലകളുടെയും എണ്ണം വൎദ്ധിച്ചിട്ടുണ്ട്. 1921-ൽ 537 പ്രത്യേകമാപ്പിളസ്കൂളുകളും 38000 കുട്ടികളുമുണ്ടായിരുന്നു. 1930-ൽ 1514 സ്കൂളുകളും 107000 കുട്ടികളുമുണ്ടായിട്ടുണ്ട്. പെൺപള്ളിക്കൂടങ്ങൾ 20-ൽനിന്നും 123 ആയി വൎദ്ധിച്ചു. പെൺകുട്ടികളുടെ എണ്ണം 1300-ൽനിന്നും 6000 വുമായി.

അധഃകൃതവൎഗ്ഗക്കാരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം പല സ്ഥലങ്ങളിലും ഇനിയും വളരെ പ്രവൎത്തിക്കുവാനുണ്ടെങ്കിലും ആദിദ്രാവിഡരും ആദിആന്ധ്രരുമായ കുട്ടികളുടെ പഠിത്തകാൎയ്യത്തിൽ ശിയായ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. കഴിഞ്ഞ പത്തു കൊല്ലങ്ങളിലായി ആൺകുട്ടികളുടെ എണ്ണം 127000-ൽനിന്നും 238000-ം, പെൺകുട്ടികളുടെ എണ്ണം 28000-ൽനിന്നും 54000-ം ആയി വൎദ്ധിച്ചിരിക്കുന്നു. ഗവൺമെൻറിൻെറ നയം എല്ലാ പൊതുവിദ്യാലയങ്ങളിലും അവൎക്ക് പ്രവേശനം അനുവദിക്കുകയാണെങ്കിലും, ചില സ്ഥലങ്ങളിൽ അവൎക്ക് പ്രത്യേകപാഠശാലകൾ ഏൎപ്പെടുത്തേണ്ട ആവശ്യം നേരിട്ടുണ്ട്. അവയുടെ എണ്ണം

8000-ൽനിന്നു 11000 ആയിട്ടുണ്ട്. ആദിദ്രാവിഡൎക്കായി ഏൎപ്പെടുത്തിയിട്ടുള്ള പാഠശാലകളിൽ അധഃകൃതരല്ലാത്ത വളരെ കുട്ടികളും പഠിക്കുന്നുണ്ടെന്നുള്ളതും ഈ തരുണത്തിൽ സ്മരണീയമായിട്ടുള്ളതാണ്.

മുൻകാണിച്ച കണക്ക് പ്രാഥമികവിദ്യാഭ്യാസത്തിന്നുണ്ടായിട്ടുള്ള അഭിവൃദ്ധിയെ വ്യക്തമായിക്കാണിക്കുന്നുണ്ട്. എന്നാൽ നിർഭാഗ്യവശാൽ ഈ പ്രസിഡൻസിയിലെ അക്ഷരജ്ഞാനപ്രചാരണത്തിന് ഈ പ്രാഥമികപാഠശാലാപദ്ധതി എത്രത്തോളം സഹായമായിത്തീരുന്നുണ്ടെന്ന് മററു കണക്കുകൾകൊണ്ട് അറിയേണ്ടിയിരിക്കുന്നു. പാഠശാലകളുടെ സുസ്ഥിരമായ നിലയും, സാമാനസജ്ജീകരണവും, ഹാജരും വിദ്യാഭ്യാസത്തിന്റെ വിജയാപജയങ്ങളെ കാണിക്കുന്നു. എന്നാൽ വിദ്യാർത്ഥിജീവിതകാലമാണ് എത്രയും പ്രധാനമായിട്ടുള്ളതു്. പ്രാഥമികപാഠശാലകളിൽ പഠിക്കുന്ന ബാലികാബാലന്മാരുടെ സംഖ്യ വളരെ വലുതാണെങ്കിലും കുട്ടികൾ പാഠശാലകളിൽ പഠിക്കുന്ന കാലം വളരെ ഹ്രസ്വമായിട്ടുള്ള ഒന്നാണ്. പ്രാഥമികപാഠശാലയിലെ നാലു ക്ലാസ്സിലും പഠിക്കാതെ ഒരു കുട്ടി അക്ഷരജ്ഞാനമുള്ളവനാണെന്നു വിചാരിക്കുവാൻ തരമില്ലല്ലൊ. അതുകൊണ്ട് പ്രാഥമികവിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിയെ സ്കൂൾജീവിതംകൊണ്ടാണ് നിശ്ചയിക്കേണ്ടിരിക്കുന്നതു്. ഇക്കാൎയ്യത്തിൽ ഇനിയും പലതും പ്രവൎത്തിക്കുവാനുണ്ട്. ഓരോകൊല്ലത്തിലും പലപാഠശാലകളും നിൎജ്ജീവാവസ്ഥയിൽ കഴിഞ്ഞുകൂടുന്നുണ്ട്. പലതും അടച്ചുപൂട്ടിയിടാറുമുണ്ട്. പല പാഠശാലകൾക്കും യോജിച്ച കെട്ടിടങ്ങളും സാമഗ്രികളും ആവശ്യമായിട്ടാണിരിക്കുന്നതു്. പരിശീലനം സിദ്ധിച്ച അദ്ധ്യാപകന്മാരുടെ ആവശ്യവും ധാരാളമുണ്ട്. പരിശീലനം സിദ്ധിച്ചവരിൽതന്നെ കൂടുതൽ വിദ്യാഭ്യാസയോഗ്യതയുള്ളവരെ നിയമിക്കേണ്ടിയിരിക്കുന്നു. പല കുട്ടികളും ഒരേ ക്ലാസ്സിൽതന്നെ വളരെക്കാലം പഠിക്കുന്നതു് അദ്ധ്യാപനം തൃപ്തികരമല്ലെന്നു കാണിക്കുന്നു. കുട്ടികളെ പള്ളിക്കൂടങ്ങളിലാക്കിയാൽ ദാരിദ്ര്യംകൊണ്ട് ഉടനെതന്നെ പഠിത്തം അവസാനിപ്പിക്കേണ്ട സ്ഥിതിയിലുള്ളവരാണ് മിക്ക മാതാപിതാക്കന്മാരും. അതുകൊണ്ട് ഇന്നത്തെ പ്രധാനവിഷയം അധികം കുട്ടികളെ പള്ളിക്കൂടത്തിൽ ചേൎക്കുന്നതല്ല, അവരെ അവിടെ വെച്ചുകൊണ്ടിരിക്കുന്നതാണ്. ആൺപാഠശാലകളിൽ ചേരുന്ന കുട്ടികളിൽ 100-ക്കു 22 പേർ മാത്രമെ നാലാംക്ലാസ്സ ജയിച്ചുപോകുന്നുള്ളു. പെൺപാഠശാലകളിൽ 16 ശതമാനമാണ് ജയിച്ചുപോകുന്നതു്. ഈ കണക്കുകളിൽ നിർബന്ധവിദ്യാഭ്യാസം ഏൎപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾപോലും ഉൾപ്പെടുന്നുണ്ടെന്നുള്ളതാണ് ഏററവും ശോചനീയമായിരിക്കുന്നതു്. നിർബന്ധവിദ്യാഭ്യാസമുള്ള 11 നഗരസഭകളിലെ പാഠശാലകളിൽ 28 ശതമാനം കുട്ടികളെ നാലാംക്ലാസ്സിൽ എത്തുന്നുള്ളു.

അതിനാൽ പാഠശാലകളിൽ വളരെ കുട്ടികൾ ചേരുന്നുണ്ടെങ്കിലും അവരെ അവിടെനിന്നും നീക്കാതെ നിറുത്തിക്കൊണ്ടുപോരേണ്ട കാൎയ്യം വിദ്യാഭ്യാസവുമായിട്ടു ബന്ധമുള്ള എല്ലാവരുടേയും ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതാണ്. ഹാജർ വളരെ മോശമാണെന്നും പറയാതെ തരമില്ല.

# ഉദ്ധാരണങ്ങൾ.

## അയോഗ്യമായ വിമർശനം.

ഇൻഡ്യയിൽ അദ്ധ്യാപകന്മാൎക്കു പണ്ടുണ്ടായിരുന്ന സ്ഥാനമൊ ബഹുമാനമൊ ഇന്നില്ല. അതിനുള്ള പ്രധാനകാരണങ്ങൾ അവർ ക്ലിപ്തമായ കൂലിവാങ്ങി ഗവൎമ്മെൻറിൻെറ കീഴിൽ ദാസന്മാരെപ്പോലെ വേലയെടുക്കുന്നതുകൊണ്ടും അവൎക്കു ലഭിക്കുന്ന പ്രതിഫലം തീരെ നിസ്സാരമായിട്ടുള്ളതുകൊണ്ടും ആകുന്നു. ഇവരെ ഇന്ന് ആക്ഷേപിക്കാത്തവർ ആരുംതന്നെ കാണുകയില്ല. യോഗ്യതയില്ലാത്തവർ പോലും ആക്ഷേപിക്കുന്നു. അവരുടെ വൎഗ്ഗത്തിൽ പെട്ടവരെങ്കിലും, അല്പം ശമ്പളം കൂടുതൽ വാങ്ങുന്നവർപോലും അവരെ ആക്ഷേപിക്കുന്നു. അയോഗ്യമായ ഈ വിമൎശനത്തെപ്പററി "എഡ്യൂക്കേഷൻ" എന്ന മാസികയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"അദ്ധ്യാപകന്മാരെപ്പോലെ അതികഠിനവും അത്യുത്തമവുമായ വിധത്തിൽ സമുദായോദ്ധാരണത്തിനായി പരിശ്രമിക്കുന്നവരായി വേറൊരു തൊഴിൽക്കാരെയും കാണുകയില്ലെങ്കിലും അവരെപ്പോലെ പ്രതികൂലമായ വിമൎശനത്തിനു പാത്രീഭൂതരായിട്ടുള്ളവർ വേറെ ആരുമില്ലെന്നുള്ളതു വിധിവൈപരീത്യമെന്നെ പറയേണ്ടു. അദ്ധ്യാപകന്മാരെ വളരെ ബഹുമാനിച്ചിരുന്ന ഒരു രാജ്യമാണ് ഇൻഡ്യ. പുരാതനകാലത്തും മദ്ധ്യമകാലത്തും അവരോടു പ്രത്യേകസ്നേഹവും ബഹുമാനവും കാണിച്ചിരുന്നു. അദ്ധ്യാപകവൎഗ്ഗം ഇപ്പോൾ അധഃപതിച്ചിട്ടില്ലേ എന്ന് വിസ്മയിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ അവരുടെ പദ്ധതിയിൽ വല്ല തെററും സംഭവിച്ചിട്ടുണ്ടോ? ഇന്ന് അദ്ധ്യാപകവൃത്തിയിലേർപ്പെടുന്നതു് ആ തൊഴിൽ ഇഷ്ടമ

ള്ളതായി തോന്നാതെ മററു ചില പ്രേരണകളാലാകകൊണ്ട് അല്പം അധഃപതനം ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കേണ്ടി വരും. എന്നാൽ ഈ അധഃപതനം അദ്ധ്യാപകന്മാൎക്ക് മാത്രമെ ഉണ്ടായിട്ടുള്ളു.? അധഃപതനമുണ്ടായിട്ടുണ്ടെങ്കിൽ സമുദായത്തിൻെറ എല്ലാ വിഭാഗങ്ങളിലും കാണണ്ടേ.? യോദ്ധാക്കന്മാരും കച്ചവടക്കാരും വ്യവസായവൃത്തിക്കാരും നമ്മുടെ ആ മഹനീയകാലത്തുണ്ടായിരുന്നവരെപ്പോലെയല്ല. എന്നാൽ അവരെ ഇതുപോലെ ഇത്രവളരെ ആക്ഷേപിക്കുന്നതു കേൾക്കാറില്ല. അതുകൊണ്ട് ഈ ആക്ഷേപത്തിനെല്ലാം കാരണം അധഃപതനമെന്ന് പറഞ്ഞുകൂട. എന്നാൽ വിദ്യാഭ്യാസപദ്ധതിക്കു മാററം സംഭവിച്ചിട്ടുണ്ട്. മുമ്പെ വിദ്യാഭ്യാസത്തെ ഭരണകൂടം നിയന്ത്രിച്ചിരുന്നില്ല. അദ്ധ്യാപകന്മാർ ശമ്പളക്കാരായിരുന്നില്ല. ഒരു സ്വാതന്ത്ര്യവൎഗ്ഗക്കാരായിരുന്നതുകൊണ്ട് കൂടുതൽ ബഹുമാനം വഹിച്ചിരുന്നു. ആധുനികകാലത്ത് അദ്ധ്യാപകന്മാൎക്ക് പ്രത്യേകശമ്പളം ലഭിക്കുന്നു. ശമ്പളമുള്ളവരുടെ കൂട്ടത്തിൽ ഒരു തൊഴിലിൻെറ ബഹുമാനം ഒരു വ്യക്തിക്കു ലഭിക്കുന്ന ശമ്പളത്തെയാണ് ആശ്രയിച്ചിരിക്കുന്നതു്. അദ്ധ്യാപകന്മാരുടെ ശമ്പളക്കാൎയ്യത്തിൽ ഗവൎമ്മെൻറ് ശ്രദ്ധാപൂൎവ്വം പ്രവൎത്തിച്ചിട്ടുണ്ട്. ഒരു പോലീസ്സുശിപായിക്കു ലഭിക്കുന്ന ശമ്പളം അദ്ധ്യാപകൻെറതിനേക്കാൾ വളരെ വലുതാണ്. ബിരുദമുള്ള ഒരു വാദ്ധ്യാൎക്ക് നൽകുന്ന ശമ്പളം മട്രിക്കുലേഷൻ ജയിച്ചിട്ടുള്ള ഒരു സാധാരണ ഗുമസ്തൻെറതിനേക്കാൾ വളരെ ലഘുവായിട്ടുള്ളതാണ്. ഇതു് അദ്ധ്യപകൻെറ അന്തസ്സിനെ വളരെ കുറയ്ക്കുകയും അയാൾ എല്ലാവരുടേയും പുഛത്തിനു പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആപൽക്കരപദ്ധതിയാണ് അദ്ധ്യാപകന്മാരുടെ ദോഷങ്ങൾക്കെല്ലാം ഉത്തരവാദിത്വം വഹിക്കുന്നതു്. ഇതുകൂടാതെ വിമൎശനങ്ങളെല്ലാം ഉത്തരവാദിത്വമുള്ള ജനങ്ങളിൽ നിന്നല്ല പുറപ്പെടുന്നതു്. വിദ്യാഭ്യാസവിഷയത്തെ സംബന്ധിച്ച് അഭിപ്രായം പറയുന്നതിന് യോഗ്യതയുള്ളവനും വിദ്യാഭ്യാസത്തിനായി എന്തെങ്കിലും പ്രവൎത്തിച്ചിട്ടുള്ളവനുമായ ഒരാളുടെ വിമൎശനത്തെ ഒരദ്ധ്യാപകനും തടയുന്നില്ല. നിർഭാഗ്യവശാൽ പള്ളിക്കൂടത്തിൽ പഠിച്ചിട്ടുള്ളവരെല്ലാം (വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരെന്ന് ഞങ്ങൾ പറയുന്നില്ല) അദ്ധ്യാപകൻെറ ജോലിയെപ്പററി സംസാരിക്കുവാൻ അധികാരമുള്ളവരാണെന്ന് വിചാരിക്കുന്നു. വിദ്യാലയത്തെ സംബന്ധിച്ച് കഴിഞ്ഞ നൂററാണ്ടിലെ ജ്ഞാനമുള്ള രാഷ്ട്രീയപ്രവൎത്തകന്മാരും, അഞ്ചാറു ക്ലാസ്സുമാത്രമെ വായിച്ചിട്ടുള്ളു എങ്കിലും അത്യദ്ധ്വാനം കൊണ്ട് നല്ല നിലയിലെത്തിയിട്ടുള്ള ഒരു മില്ലിലെ ഗുമസ്ഥനും അദ്ധ്യാപകനെ നിരൂപണംചെയ്യുന്നതിൽ ഒരുപോലെ സന്തോഷിക്കുന്നു. അദ്ധ്യാപകൻെറ ജോലിയുമായി യാതൊരു പരിചയവുമില്ലാത്ത വിദ്യാഭ്യാസസമിതികളിലെ ചില ആളുകൾ ഇവരെ ആക്ഷേപിക്കുന്നതു കാണുമ്പോൾ

ആക്ഷം ആശ്ചര്യം തോന്നുന്നതാണ്. ആധ്യാപകൻെറ ഹൃദയം തകരുന്നതിന് ഇതെല്ലാം മതി. പക്ഷെ അയാൾ ശക്തിയുള്ളവനാണ്. അടിസ്ഥാനശൂന്യങ്ങളായ ഈ ആക്ഷേപങ്ങളെ അയാൾ തൃണവൽ ഗണിക്കുന്നു. അയാളുടെ ശക്തി പത്തുപേരുടെ ശക്തിയാണ്. എന്തുകൊണ്ടെന്നാൽ അയാളുടെ ഹൃദയം പരിശുദ്ധമത്രെ.

## സ്വഭാവപരിശീലനം

മി: സി. വി. എച്ച്. റാവു. എം. എ. ഹിന്ദുവിൽ എഴുതിയിട്ടുള്ള ഒരു ഏസ്വലേഖനത്തിൽ ഇങ്ങനെ പറയുന്നു.

ലണ്ടനിലെ വിദ്യാഭ്യാസബോർഡു പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോട്ടിൽ വിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യം 'സ്വഭാവം രൂപവൽക്കരിക്കയും ദൃഢീകരിക്കയും, വാസനകൾക്കു പരിശീലനം നൾകയും ബുദ്ധിശക്തിയെ ഉദ്ദീപിപ്പിക്കയും നിയന്ത്രിക്കയും' ആകുന്നു എന്ന് നിർവ്വചിച്ചു കാണുന്നു. സ്വഭാവത്തിൻെറ രൂപവൽക്കരണത്തിനും, ദൃഢീകരണത്തിനുമാണ് പ്രഥമവും പ്രധാനവുമായ സ്ഥാനം നൾകിക്കാണുന്നതു്. ഈ നിർവ്വചനത്തിൽ നിന്നും 'സ്വഭാവത്തെ രൂപവൽക്കരിക്കയും ദൃഢീകരിക്കയും' ചെയ്യാമെന്നും 'ബുദ്ധിശക്തിയെ ഉദ്ദീപിപ്പിക്കയും നിയന്ത്രിക്കയും' മാത്രമെ ചെയ്യാവു എന്നും നാം മനസ്സിലാക്കണം. ഉത്തമരായ അധ്യാപകന്മാൎക്ക് ബുദ്ധിശക്തിയെ ഉന്നത്തുവാൻ കഴിയുമെന്ന് നാം മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ആദ്യംമുതല്ക്കുതന്നെ ഇല്ലാത്തതിനെ ഉണ്ടാക്കുവാനൊ വളൎത്തുവാനൊ അവൎക്ക സാധിക്കയില്ല. എന്നാൽ എത്ര സാമൎത്ഥ്യം കുറഞ്ഞ അധ്യാപകനും, അദ്ദേഹത്തിനു സ്വഭാവസ്ഥൈൎയ്യമുണ്ടെങ്കിൽ സ്വഭാവത്തെ രൂപവല്ക്കരിക്കുവാനും ദൃഢീകരിക്കാനും കഴിയുന്നതാണ്.

അതുകൊണ്ടു് സ്വഭാവരൂപവൽകരണത്തിന് അത്യാവശ്യമായിട്ടുള്ളതു്, ജിജ്ഞാസ, അനുകരണം, കളി, നിൎമ്മാണം, പ്രവൃത്തിധീരത മുതലായ ജന്മവാസനകളെ മഥനം ചെയ്യുകയാകുന്നു. എന്തുകൊണ്ടെന്നാൽ എല്ലാ വിദ്യാഭ്യാസത്തിൻേറയും സ്വഭാവത്തിൻേറയും അടിസ്ഥാനകല്ലുകൾ ജന്മവാസനകളാകുന്നു. ജന്മവാസന അഗ്നിപോലെയാണെന്ന് നാം ധരിക്കണം. ശരിയായി നിയന്ത്രിച്ചാൽ അതു് അനുഗ്രഹമായിത്തീരും. നിയന്ത്രിക്കാതിരുന്നാൽ ശാപമായിപ്പരിണമിക്കുന്നു. സ്വഭാവഗുണമുള്ള മനുഷ്യൻ എന്നു പറയുന്നവൻ, ഉൽകൃഷ്ടജീവിതസാധ്യത്തിന് -സന്മാൎഗ്ഗികജീവിതസാധ്യത്തിന് - ജന്മവാസനകൾ ആയുധങ്ങളായിട്ടുള്ളവനാണ്.

സ്വഭാവപരിശീലനം ആരംഭിക്കുന്നത് ജന്മവാസന ആരംഭിക്കുന്നിടത്തു്- ശൈശവകാലത്തു്- ഗൃഹത്തിലാണ്. അതിന് ഉത്തരവാദിത്വമുള്ളവർ മാതാപിതാക്കന്മാരുമാണ്. ആത്മസംയമനം, ആത്മനിയന്ത്രണം, ക്ഷമ, ധീരത, സത്യം, നീതി മുതലായ സുശീലങ്ങൾ പിള്ളക്കട്ടിലിൽവച്ചാണ് ഉണ്ടാകുന്നത്. എത്ര മാതാപിതാക്കന്മാർ അന്ധവിശ്വാസപരങ്ങളായ ഭയം നൽകി അവരുടെ കുട്ടികളെ ഭീരുക്കളാക്കിത്തീർക്കുന്നു. പ്രായമായ കാലത്തു കാണുന്ന പല ദുശ്ശീലങ്ങളും ശൈശവകാലത്താണ് ആരംഭിക്കുന്നതെന്നുള്ള ഫ്രൂഡിന്റെ അഭിപ്രായത്തോടു നമുക്ക് യോജിക്കാതെ തരമില്ല. നിർദ്ദേശംകൊണ്ടു കുട്ടികളുടെ വാസനകളെ ജീവിതമാക്കിത്തീർക്കുന്നു. നിർദ്ദേശം കുട്ടികൾ സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരുമായ അധികാരസ്ഥാനങ്ങളിൽ നിന്നുണ്ടാകുമ്പോൾ അതിനു ശക്തി കൂടുന്നു. ക്രൂരത കാണിച്ചാൽ കുട്ടി അതിനിഷ്ഠുരനാകും; ദയവുകാണിച്ചാൽ വിശാലഹൃദയനാകും; അനീതികാണിച്ചാൽ അക്രമിയാകും. എന്നാൽ സന്മാർഗ്ഗികബോധമല്ല സ്വഭാവം. മാക് ഡൌഗൽ പറയുന്നതുപോലെ, 'സ്വാഭിമാനത്തോടുകൂടി സ്വീകരിക്കുന്ന സാന്മാർഗ്ഗികബോധം പ്രവൃത്തിരൂപത്തിലാകുന്നതാണ് സ്വഭാവം'. 'മനസ്സ് എന്നു പറയുന്നതു് പ്രവൃത്തിരൂപത്തിലുള്ള സ്വഭാവമാണ്'. 'സ്വഭാവം അദൃശ്യമായ മനസ്സുമാണ്'. സ്വഭാവരൂപവല്ക്കരണവും പ്രവൃത്തിയും ഒന്നിച്ചുപോകുന്നു. ഇതിനെ ഉദാഹരിക്കണമെങ്കിൽ ഗൃഹത്തിലെ ശിശുവിൽനിന്നും വിദ്യാലയത്തിലെ യുവാവിന്റെ അടുത്തുപോകണം. ഈ യൗവനകാലത്തെപ്പോലെ നന്മക്കൊ തിന്മക്കൊ സൌകര്യങ്ങളുള്ള ജീവിതഘട്ടമില്ല. ഇതു് ഇൻഡ്യയിൽ മിക്കജനങ്ങളും മനസ്സിലാക്കിയിട്ടില്ല. യൗവനകാലം കല്പനാശക്തിയുടേയും ആശയുടേയും വിശ്വാസത്തിന്റെയും ജീവച്ഛക്തിയുടേയും നിർമ്മാണശക്തിയുടേ കാലമാണ്. യുവാവിന്റെ ഈ ജീവച്ഛക്തിയെ നിരുപയോഗമാക്കിക്കളയാതെ പ്രയോജനകരമാക്കിത്തീർക്കണമെന്നുള്ളതു് എത്ര പ്രധാനമായിട്ടുള്ളതാണ്. ഇൻഡ്യയിൽ ഇന്നുവന്നുകൂടിയിരിക്കുന്നതു് യുവജനങ്ങളുടെ ഉന്മേഷവാഹിനിക്കു് ഒഴുകുവാനുള്ള മാർഗ്ഗമില്ലായ്കയാണ്. യുവജനങ്ങൾ ജീവിതത്തിൽ അസംതൃപ്തരായിത്തീരുന്നു. ഉന്മേഷത്തിന് പ്രവൃത്തിരൂപത്തിൽ പ്രകടിക്കുന്നതിന് മാർഗ്ഗമില്ലെങ്കിൽ അതു നശിച്ചുപോകും. ഇവിടെയാണ് ഗൃഹവും പ്രത്യേകിച്ചു വിദ്യാലയവും പ്രവർത്തിക്കേണ്ടതു്. വിദ്യാലയം യുവാവിന്റെ ശക്തിയെ നിർമ്മാണപഥത്തിലേക്കു നയിക്കണം. ഇന്നു് അതു ചെയ്യുന്നില്ല. തന്റെ ചിന്തകളുടെ പ്രകടനമാകേണ്ട ഉപന്യാസം തന്നെ പുസ്തകത്തിൽ നിന്നും കാണാതെ പഠിച്ചെഴുതുന്നു. നമ്മുടെ വിദ്യാലയങ്ങൾ സൃഷ്ടിപരമായ ചിന്തയുടേയും പ്രവൃത്തിയുടേയും കേന്ദ്രങ്ങളാകാതേയും, നിർമ്മാണത്തെ പകർത്തലിന്റെയും, സ്വയംപ്രകടനത്തെ അനുകര

ണത്തിൻേറയും, കല്പനാശക്തിയെ ഓമ്മയുടേയും മുമ്പിൽ വയ്ക്കുവാൻ നാം പഠിക്കാതെയും യുവകാലത്തെ സംബന്ധിച്ച കാര്യങ്ങൾക്കു തീരുമാനമുണ്ടാകുന്നതല്ല. ഇതിന് ഗൃഹത്തിൻേറയും വിദ്യാലയത്തിൻേറയും സഹകരണം അത്യന്താപേക്ഷിതവുമത്രെ.

## യുദ്ധത്തിനുള്ള കാരണങ്ങൾ

കല്ക്കത്തായിലെ മഹാബോധിസംഘത്തിൻെറ ആഭിമുഖ്യത്തിൽ കൂടിയ ഒരു സമ്മേളനത്തിൽ മഹാകവി ലാൻയെൻഹോൺ ചെയ്ത ഒരു പ്രസംഗത്തിൽ യുദ്ധത്തിനുള്ള കാരണങ്ങളെപ്പററി ശക്തിയായി വിമശിച്ചിരിക്കുന്നു. അതിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം.

* * * * * * * * *

"ഒരമേരിക്കൻ ശാസ്ത്രകാരനായ മിസ്റ്റർ എഡിസൻെറ സുപ്രസിദ്ധമായ ചില കണ്ടുപിടുത്തങ്ങൾക്കുശേഷം ആയോധനശാസ്ത്രം എത്ര ശീഘ്രതയോടുകൂടിയാണ് മുന്നോട്ടുപോകുന്നതെന്നു നമുക്കേവക്കമറിയാമല്ലോ. ഇനിയൊരുലോകമഹായുദ്ധംകൂടി ഉണ്ടാകുന്നപക്ഷം, ലണ്ടൻ, ന്യൂയോക്ക്, പാരിസ് തുടങ്ങിയ ഏതെങ്കിലുമൊരു നഗരത്തെ നശിപ്പിക്കാൻ പത്തോ ഇരുപതോ ആകാശവിമാനങ്ങൾക്കു നിഷ്പ്രയാസം സാധിക്കുമെന്നു പറഞ്ഞുവരുന്നുണ്ട്. ഇത്തരമൊരു പട്ടണത്തിലെ നിവാസികളെ മുഴുവൻ വധിക്കുവാൻ വിഷവായുവിന് വെറും മൂന്നു മണിക്കൂർ സമയമെ ആവശ്യമുള്ളൂ. ഇവയാണ് യുദ്ധംചെയ്യാനുള്ള ശാസ്ത്രീയക്രമങ്ങൾ; ഇവയാണു ഭാവിയിലെ പരിഷ്കൃതപൗരന്മാർ സ്വീകരിക്കുവാൻ പോകുന്ന യുദ്ധസമ്പ്രദായങ്ങൾ.

ഇവയെപ്പററി നമുക്കല്പനേരം വിചിന്തനംചെയ്തുനോക്കുക. ലോകത്തിലെ ഏററവും വലിയ നഗരങ്ങളിലെ പൗരന്മാരെ മുഴുവൻ രണ്ടോ മൂന്നോ മണിക്കൂർകൊണ്ടു നശിപ്പിക്കാൻ സാധിക്കുമെങ്കിൽ ചെറിയ പട്ടണങ്ങളിൽ പാക്കുന്ന നമ്മെ ഇത്തരം പരിഷ്കൃതദുഃഖങ്ങളിൽനിന്നു മോചിപ്പിക്കാൻ നാംമെന്തുചെയ്യണം.? നമുക്ക് എങ്ങിനെ നമ്മുടെ ജീവനെ സംരക്ഷിക്കാം.?

മാന്യസഹോദരീസഹോദരന്മാരേ! നമ്മുടെ വിജ്ഞാനത്തിനെന്തു വിലയാണുള്ളത്.? പലപ്പോഴും നിങ്ങൾ വലിയ ജ്ഞാനികളാണെന്നഭിമാനിക്കുന്നുണ്ട്. ഞാൻ സമത്ഥനും ബുദ്ധിമാനുമാണെന്ന് ഞാൻ വിചാരിക്കുന്നു. നാം പരിഷ്കൃതന്മാരും സംസ്കൃതന്മാരുമാണെന്ന് നാമെല്ലാവരും നടിക്കുന്നു. എന്നാൽ ഈ പരിഷ്കൃതയുദ്ധത്തിൽനിന്നു

നാമെങ്ങിനെ രക്ഷപ്രാപിക്കും.? ഈ യുദ്ധങ്ങളുടെ കാരണങ്ങൾ കണ്ടു പിടിക്കുവാൻ സാധിക്കുകയില്ലെങ്കിൽ നമ്മുടെ അറിവുകൊണ്ടുള്ള ഉപയോഗമെന്താണ്.?

യുദ്ധത്തിൻെറ കാരണങ്ങൾ:-

കഴിഞ്ഞ കുറച്ചുകൊല്ലങ്ങളോളമായി യൂറോപ്പിൽ അനേകം സംഘങ്ങൾ യുദ്ധബഹിഷ്കരണത്തിനായി പരിശ്രമിച്ചുവരുന്നുണ്ട്. പക്ഷെ ഇതുവരെയും അതുകൊണ്ടു അഭിലഷണീയമായ യാതൊരു ഫലങ്ങളുമുണ്ടായിട്ടില്ല. എൻെറ അയൽവാസിയോടു ഞാൻ ആയുധവജ്ജനമാവശ്യപ്പെടുക. ഞാൻ എൻെറ ആയുധങ്ങളുടെ തുകയെ വർദ്ധിപ്പിക്കുകയും ചെയ്യുക. ഇതാണോ യുദ്ധബഹിഷ്കരണത്തിനുള്ള മാർഗ്ഗം.? ഇതു് ജീവിതനാശത്തിനുള്ള ഉപക്രമം മാത്രമല്ലൊ.

ജന്തുശാസ്ത്രത്തിൽ ചില പുതിയ പാഠങ്ങൾ പഠിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. ജീവികളിൽ ആൺജാതിയുടേയും പെൺജാതിയുടേയും മനോഭാവം നിങ്ങൾ മനസ്സിരുത്തി നോക്കിയിട്ടുണ്ടോ.? ഉണ്ടെങ്കിൽ യുദ്ധം ഉത്ഭവിക്കുന്നതിൻെറ കാരണങ്ങൾ മനസ്സിലാക്കുവാൻ ആയാസപ്പെടേണ്ടതായി വരികയില്ല. മനുഷ്യൻെറ കീഴിലുള്ള ജീവികളുടെ ഇടയിൽ യുദ്ധം ഉണ്ടാകുന്നതിനെപ്പററി പൊതുവെ മൂന്നു നിയമങ്ങൾ പറയാവുന്നതാണ്.

1. ആൺജാതിയും പെൺജാതിയുംതമ്മിൽ വളരെ അസാധാരണമായി മാത്രമെ കലഹമുണ്ടാകുന്നുള്ളു.

2. പെൺജാതിയും പെൺജാതിയും തമ്മിലും കലഹമുണ്ടാകാറില്ല.

3. എന്നാൽ ആൺജാതിയും ആൺജാതിയും തമ്മിൽ കലഹം സുലഭമാണ്.

* * * * * * * * * *

ആദ്യം ആൺകുട്ടികളെ നോക്കുക. അവരുടെ ശരീരം എത്ര ബലവും ദാർഢ്യവും ഉള്ളതാണ്. അവർ അമ്പുകൊണ്ടും വില്ലുകൊണ്ടും തോക്കുകൊണ്ടും വാളുകൊണ്ടും കളിക്കുവാനാണ് അധികം ഇഷ്ടപ്പെടുന്നതു്. എപ്പോഴും വികൃതികാണിക്കുവാൻ അവക്കു വലിയ വാസനയാണ്. ഇവർ വളരുമ്പോൾ കലഹപ്രിയന്മാരും യുദ്ധാസക്തന്മാരുമായിത്തിരുന്നതു് ഉലോം സ്വഭാവികമത്രെ.

ഇനി പെൺകുട്ടികളെ എടുക്കുക. അവരുടെ ശരീരം എത്ര മൃദുത്വവും, സൗകുമാര്യവും ഉള്ളതാണ്. അവരുടെ കളിപ്പാട്ടങ്ങൾ നൂലും, സൂചിയും, പാവകളും, ചെറുപാത്രങ്ങളുമാണ്. രചനാത്മകമായ ജോലികൾ എടുക്കുന്നതിൽ അവരുടെ മനസ്സുകൾ സന്തുഷ്ടികൊള്ളുന്നു.

ഭൂതകാലത്തിലെ യുദ്ധങ്ങളുടെ ചരിത്രമെടുത്തു നോക്കുക. യുദ്ധം ചെയ്തിട്ടുള്ളതെല്ലാം പുരുഷന്മാരാണ്, സ്ത്രീകളല്ല. ഞാൻ നരഹത്യത്തിനു കുപ്രസിദ്ധി നേടിട്ടുള്ള ചിലരുടെ പേരുകൾ പറയാം. അവരെല്ലാം പുരുഷന്മാരായിരുന്നു എന്ന് നിങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയും.

| കൊലപാതകി | വധിക്കപ്പെട്ടവരുടെ സംഖ്യ | |
|---|---|---|
| ചെങ്കിസ്ഖാനും കുടുംബവും | 50 | ലക്ഷത്തോളം |
| അലക്സാണ്ടർ | 10 | ,, |
| ജൂലിയസ് സിസർ | 10 | ,, |
| സ്പെയിനിലെ കാടെക്സ് | 30 | ,, |
| നെപ്പോളിയൻ | 20 | ,, |
| രണ്ടാംവിഭ്യം ജർമ്മനിയിലെ ഒഴിഞ്ഞ കൈസർ | 100 | ,, |
| ചൈനയിലെ വോൺസോൺ | 90 | ,, |
| ചോൺസിൻജൺ | 60 | ,, |

ഇത്രയും മനുഷ്യരെ വധിച്ചതെല്ലാം പുരുഷന്മാരാണ്; സ്ത്രീകളല്ല. എന്നാൽ ഇവരെയെല്ലാം വളത്തുവാൻ കഷ്ടപ്പെട്ടവരാരാണ്.? അമ്മമാർ! ഓ—സ്ത്രീപ്രകൃതിയും പുരുഷപ്രകൃതിയും തമ്മിൽ എത്രയന്തരം.?"

(മാതൃഭൂമി)

## ആത്മശോധനം.

### മഹാന്മാരുടെ അഭിപ്രായങ്ങൾ

(1) തന്നെ താൻ അറിഞ്ഞാൽ മററുള്ളവരേയും താനറിയും.

(2) തന്നെ താനറിയുക; ഇതത്രെ മഹത്വമേറിയ ലാഭം.

(3) മററുള്ളവരെ കാണുവാൻ എളുപ്പമാണ്; നമ്മെ കാണുവാനാണു വിഷമമധികമുള്ളത്.

(4) ഉൽകൃഷ്ടനായവൻ താൻ ആരെന്ന് അന്വേഷിക്കുന്നു. നിസ്സാരൻ എപ്പോഴും മററുള്ളവരെ അന്വേഷിക്കുന്നു.

(5) ഒരുവനും തൻെറ പൌരുഷത്തെ ത്യജിച്ച് മററുള്ളവരുടെ പൌരുഷവേഷം കെട്ടരുത്.

# വിഹായസവിഹാരം

(എട്ടാം അദ്ധ്യായം)

(എം രാജരാജവമ്മതമ്പുരാൻ എം. എ, ബി. എൽ.)

അതീതാദ്ധ്യായത്തിൽ പ്രൊഫ് സർ ഫെറൽധാരയുടെ അനുമാനങ്ങളെ നാം ധരിച്ചുവല്ലൊ. കാൎയ്യത്തിൽ അവ എങ്ങനെ ഫലിച്ചുകാണുന്നു എന്ന് നമുക്കൊന്നു ചുററിസ്സഞ്ചരിച്ചുനോക്കാം.

ധനുപ്പുരുവത്തിലും (Janury) കൎക്കടകപ്പുരുവത്തിലും (July) വായുവിൻെറ സഞ്ചാരങ്ങളേയും സമ്മൎദ്ദത്തേയും ഭാരമാനക്കുഴൽകൊണ്ടു് നിരീക്ഷണംചെയ്തു കുറിച്ചിട്ടുള്ള പടങ്ങളുണ്ടു്. അവയെ പരിശോധിച്ചാൽ 30° ഡിഗ്രി അക്ഷാംശപ്രദേശത്തായി മദ്ധ്യരേഖയുടെ തെക്കും വടക്കും വായുവിൻെറ സമ്മൎദ്ദം (29.8°) ഇഞ്ച്യു മുതൽ (30.2°) ഇഞ്ചുവരെയുണ്ടെന്നു കാണാം. ഇവിടെയാണ് വണിഗ്വാതങ്ങൾ (Tradewinds) ഏതു കാലത്തും വീശുന്നതു്. ഭാരതമഹാൎണ്ണവത്തിൻെറ വടക്കേഭാഗത്തു് (Northern Indaian Ocean) ഇതിനൊരു വ്യത്യസ്തമുണ്ടു്. അവിടെ ജൂലൈ, അതായതു കൎക്കടകത്തിൽ, കാററ് തെക്കുപടിഞ്ഞാറായി വീശി എടവപ്പാതിമഴ (S. W. Mon soon)യായി ഇൻഡ്യയിൽ പെയ്യുന്നു. കാലവൎഷമുണ്ടാകുന്നതുകൊണ്ടു് ഭാരതഭൂമി ഉവ്വരയായും ജനനിബിഡമായുമിരിക്കുന്നു. നേരെമറിച്ച്, അടുത്തുകിടക്കുന്ന അറബിരാജ്യമാകട്ടെ, ഊഷരവും ആൾപാൎപ്പില്ലാത്തതുമായിരിക്കുന്നു. അതുപോലെ, ജനുവരിയിലാകുമ്പോൾ തുലാവർഷം (N. W. Mon soon) ഇൻഡ്യക്കു ലഭിക്കുന്നുണ്ടു്. ധ്രുവങ്ങളോട് അടുക്കുന്തോറും കാററ് ധ്രുവവാക്കിനു അടിക്കുന്നു. വടക്കേ ധ്രുവത്തിലധികം തെക്കേ ധ്രുവത്തിൽ ഇതു വ്യക്തമായി കാണാം.

ഭൂപടങ്ങളിൽ സ്ഥലഭാഗത്തെ കുറിക്കുമ്പോൾ പൎവ്വതങ്ങളേയും താഴ്വരകളേയും സമഭൂമിയേയും വളഞ്ഞ വരകൾകൊണ്ടു നിൎദ്ദേശിച്ചിരിക്കുന്നതു കണ്ടിട്ടില്ലേ.? അതുപോലെ വായുവിൻെറ മാസന്തോറുമുള്ള ശരാശരി സമ്മൎദ്ദഭേദങ്ങളെ കുറിക്കുന്ന പടങ്ങളിൽ സമസമ്മൎദ്ദരേഖകൾ(Isobars) പൊങ്ങിയും താണും പോയിരിക്കുന്നതു കാണാം വായുവിൻെറ ഗതി വാസ്തവത്തിൽ പൊങ്ങിയും താണുമാണെന്ന് ഇതുകൊണ്ടു തെററിധരിക്കരുതു്. സമ്മൎദ്ദം അധികമാകുമ്പോൾ വായു ഭൂമിയെ സ്പൎശിക്കുന്ന രീതി കടലിൽ അലയടിക്കുംപോലെയാകുന്നു എന്നറിയേണ്ടതാകുന്നു.

ഫെറൽധാരയുടെ യുക്തിക്കനുസരിച്ച് 30° ഡിഗ്രി അക്ഷാംശപ്രദേശങ്ങളിൽ വണിഗ്വാതങ്ങളും (Trade winds) ധ്രുവങ്ങളോട് അടുക്കു

ന്തോറും അവയുടെ വാക്കിനു കാററും ഉണ്ടാകാവുന്നതാണോ എന്നു നോക്കാം. ഭൂമധ്യരേഖാപ്രദേശത്തിൻെറ ഉപരിഭാഗത്തുള്ള വായുവിന് ധ്രുവദേശോപരിയുള്ളതിനെക്കാൾ ഉഷ്ണം കൂടുതലാണെന്ന് മുന്നൊരധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അപ്പോൾ മധ്യരേഖോപരിയുള്ള വായു ധ്രുവദേശങ്ങളിലേക്കു പായുമെന്നു സിദ്ധമാണ്. നെട്ടകേ നീളത്തിലാണൊ അതു പായുന്നതു്.? അല്ല പിന്നെയോ.? ഭൂമി ഗോളാകൃതിയാകകൊണ്ട് മേൽനിന്നു കീഴോട്ടു ചാഞ്ഞായിട്ടാണു പായുന്നതു്. ഇങ്ങനെ മധ്യരേഖയിൽനിന്നു കാററ് ധ്രുവങ്ങളിലേക്ക് വലിക്കുമ്പോൾ, ധ്രുവദേശവായു സമ്മർദ്ദക്കുറവുള്ള ഉഷ്ണമേഖലയിലേക്ക് തറയിൽ കൂടി തൊട്ടു മേതവക്കുറി വീശുന്നു. ഒരു മലയിൽ നാം കയറുമ്പോൾ തൂക്കു് അധികമാകുമ്പോൾ നമ്മുടെ ദേഹം കുനിഞ്ഞു തറയോടടുക്കുന്നില്ലെ.? എന്നതുപോലെതന്നെയാണ്, താണ ധ്രുവദേശത്തുള്ള വായു കിളരമുള്ള മധ്യരേഖാപ്രദേശത്തേക്കു കയറുമ്പോൾ തറ തൊട്ടു വീശുന്നതു്. നേരെ മറിച്ചു്, ഉഷ്ണമേഖലയിലുള്ള വായു ധ്രുവങ്ങളിലേക്കു മേൽനിന്നു കീഴോട്ട് ഇറങ്ങുകയാണ്. ഭൂമി കറങ്ങാതെ സ്ഥിരമായിരുന്നെങ്കിൽ, ആ വായു ഒരററത്തുനിന്ന് മറേറ അററംവരെ പററുമായിരുന്നു. ഭൂമി ഉരുളുന്നതു നിമിത്തം അപ്രകാരം സംഭവിക്കുന്നില്ല. ഉഷ്ണമേഖലയിലെ വായു ധ്രുവത്തിൻെറ വാക്കിനു പായുന്തോറും വലതുഭാഗത്തേക്കു (അതായതു മധ്യരേഖയുടെ വശത്തേക്കു) ചായുന്നു. അപ്പോൾ എടതുവാക്കുള്ള (അതായതു ധ്രുവത്തിൻെറ വശത്തേക്കുള്ള) അന്തരീക്ഷത്തിന് ഞെരുക്കം (സമ്മർദ്ദം) കൂടുകയും ചെയ്യണമെന്നാണല്ലൊ ഫെററൽധരയുടെ യുക്തിപ്രകാരം വരേണ്ടതു്. അതു് അപ്രകാരംതന്നെ സംഭവിക്കുന്നു. ഭൂമിയുടെ ഗോളരൂപം നിമിത്തമുള്ള ചെരിവിൻെറ ശക്തി അപ്രകാരമിരട്ടിക്കുന്നു. എന്തുപോലെയെന്നു പറയാം. കിണററിൽ വീഴാൻപോകുന്നവനു ഒരു ഉന്തുകൂടി കൊടുത്താൽ എങ്ങനേയൊ എന്നതിൻവണ്ണം, സ്വതവേ കീഴോട്ടുപായുന്ന വായുവിന് പിറകെ സമ്മർദ്ദംകൊണ്ടുള്ള ഒരു തള്ളൽകൂടി കിട്ടുന്നു. ഇങ്ങനെ മേൽനിന്നു കീഴോട്ട് ഇരട്ടിവേഗത്തിൽ പായുന്ന ഉഷ്ണമേഖലാവായു 30° ഡിഗ്രി അക്ഷാംശസ്ഥലത്തു് എത്തുമ്പോൾ, അതായതു ഗോളാർദ്ധത്തിൻെറ മദ്ധ്യത്തിലെത്തുമ്പോൾ, ഭൂമിയുടെ തറയുമായി ഉരസത്തക്കവണ്ണം താണുവരുന്നു. അതേസമയംതന്നെ, ധ്രുവദേശത്തുനിന്ന് ഉഷ്ണമേഖലയിലേക്കു പുറപ്പെട്ടിരിക്കുന്ന വായു അവിടെ എത്തുന്നു. രണ്ടു വായുക്കളും തമ്മിൽ കൂട്ടിമുട്ടുമ്പോൾ അതിൻെറ ഗതി കിഴക്കോട്ടു ചായുന്നു. ഇതാണ് വണിഗ്വാത(Trade wind)മായി അവിടെ പ്രത്യക്ഷീഭവിക്കുന്നതു്.

മേൽവിവരിച്ച കാരണങ്ങളെക്കൊണ്ടുതന്നെ മധ്യരേഖയോടടുക്കുന്തോറും എതിർകാററുകളുടെ ശക്തിസാമ്യത്താൽ കാററില്ലാതെ സ്ഥ

ബ്ബമായി ഒരു പ്രദേശമുണ്ടാകാനിടയുണ്ട്. മധ്യരേഖയുടെ തെക്കും വടക്കും 35° ഡിഗ്രി അക്ഷാംശപ്രദേശങ്ങളിൽ ഇങ്ങനെ നിവാതസ്ഥലങ്ങൾ (Doldruns) ഉണ്ടെന്ന് നമുക്കു പ്രത്യക്ഷമായി കാണാം. കക്കിവൃത്തത്തിലും (Tropic of Cancer) മകരവൃത്തത്തിലും (Tropic of Capricorn) കാററടഞ്ഞ ശാന്തപ്രദേശങ്ങളുണ്ടെന്നു പണ്ടേതന്നെ കപ്പലോട്ടക്കാർ കണ്ടറിഞ്ഞിട്ടുണ്ട്.

ഭൂമിയിലെ വായുസഞ്ചാരത്തെ സാകല്യേന വീക്ഷണംചെയ്താൽ രണ്ടു ചുഴലി (Whirls)കളായി. അതിനെ നിർദ്ദേശിക്കാം. ഒന്ന് ധ്രുവങ്ങൾ കേന്ദ്ര(Centre)ങ്ങളായി ഭ്രപരിവൎത്താനുസരണം ചുററുന്ന ചുഴലികൾ; ഇവയ്ക്കു ചക്രവാതങ്ങൾ (Cyclones) എന്നാണു പേർ. മറേറതു്, മധ്യരേഖയോടടുത്തുള്ള പ്രദേശങ്ങളിൽ ഭൂഭ്രമണത്തിൻെറ വാക്കിനെതിരായി വീശുന്ന മാരുതൻ; ഇതാണ് വണിഗ്വാതങ്ങൾ (Trade winds). ഈ രണ്ടു പ്രദേശങ്ങൾക്കു മദ്ധ്യേ വടക്കേ അക്ഷാംശം (N. Latitude) 35° ഡിഗ്രിക്കും തെക്കേ അക്ഷാംശം (S. Latitude) 30° ഡിഗ്രിക്കും സമീപിച്ചു വായുസമ്മൎദ്ദം ഏററമുള്ള രണ്ടു മേഖല (Zones) കളുണ്ട്. ഇങ്ങനെയാണ് വായുവിൻെറ സാമാന്യഗതികൾ.

വിശേഷവിധികളുള്ളവയെ ഇനി പറയാം. തെക്കെ ധ്രുവത്തിനു ചുററും വായുസമ്മൎദ്ദം സാധാരണയിൽ കുറവായിട്ടാണു കാണുന്നതു്. അതലാന്തികം, ഭാരതം, ശാന്തം (Atlantic, Indian. & Pacific oceans) ഈ മഹാൎണ്ണവങ്ങളുടെ തെക്കെ അററത്തു് തെക്കുപടിഞ്ഞാറൻകാററ് ഉഗ്രമായി വീശുന്നു. ഈ കാററിൻെറ സഹായത്താൽ പണ്ട് ആസ്ത്രേലിയാക്കാർ പെരുകപ്പലുകൾ അതിവേഗത്തിൽ ഓടിച്ചിരുന്നു. മേൽപറഞ്ഞ വ്യത്യാസങ്ങൾക്കു കാരണം പറയാം. ദക്ഷിണാൎദ്ധഗോളം (Southern Hemisphere) മിക്കവാറും ജലമയമാണെന്നു ഭൂപടം നോക്കിയാലറിയാം. തറയിലുള്ള ഉരസലില്ല വായുവിനു ജലത്തിൽ. അതിനാൽ വായുസഞ്ചാരം അവിടെ കുറെക്കൂടി സ്വാതന്ത്ര്യമാണ്. തെക്കേ ധ്രുവദേശത്തു വടക്കേതിലുള്ളതിൽ $\frac{3}{10}$ അംഗുലം കുറവാണ് വായുവിൻെറ സമ്മൎദ്ദമാനം; കാററിൻെറ ഊക്കം (Velocity) മൂന്നാലു ഇരട്ടി കൂടുതലാണുതാനും.

സൂൎയ്യൻെറ അയനവ്യത്യാസം നിമിത്തമുള്ള വായുസമ്മൎദ്ദം വടക്കൻ ഗോളാൎദ്ധത്തിലുള്ളതുപോലെ തെക്കെ ഗോളാൎദ്ധത്തിൽ കാണുകയില്ല. മകരവും കക്കടകവും പരുവങ്ങളിൽ തെൻഗോളാൎദ്ധത്തിലെ ഉഷ്ണമേഖലയിൽ വായുസമ്മൎദ്ദമേറിയ ഭാഗം തെക്കോട്ടും വടക്കോട്ടുമായി അല്പദൂരം മാത്രമെ മാറുകയുള്ളൂ. അവ്വണ്ണമല്ല വടക്കെഗോളാൎദ്ധത്തിൽ. കക്കടകത്തിൽ ശാന്തമ

ഹാസ്സമുദ്രത്തിൻേറയും അതലാന്തികമഹാസ്സമുദ്രത്തിൻേറയും കിഴക്കുഭാഗത്തു കാണുന്ന ഉററ സമ്മർദ്ദം (High pressure) മകരത്തിലാകുമ്പോൾ അമേരിക്ക, ആഫ്രിക്ക എന്ന മഹാഖണ്ഡത്തിലേക്കു പകരുന്നു. അതുപോലെ, ഊനസമ്മർദ്ദം [Low pressure] കർക്കടകത്തിൽ അമേരിക്കയുടേയും ഏഷ്യയുടേയും ആഫ്രിക്കയുടേയും മദ്ധ്യഭാഗത്തുള്ളതു് [അതായതു പാരസീകഉൾക്കടൽ -Persian gulf-കേന്ദ്രമായി വരുന്ന പ്രദേശത്തു്] മകരത്തിൽശാന്തമഹാസ്സമുദ്രത്തിൻേറയും അതലാന്തികമഹാസ്സമുദ്രത്തിൻേറയും വടക്കുഭാഗത്തേക്കു് മാറുന്നു. മദ്ധ്യരേഖാമേഖലയിൽ മകരത്തിൽ കാണുന്ന ഊനസമ്മർദ്ദം കർക്കടകത്തിൽ വടക്കോട്ടു മാറി ഏഷ്യയിലും ആഫ്രിക്കയിലുമുള്ള സ്ഥലഭാഗത്തു വർഷമായി [Mon soon] പെയ്യുന്നു. ഇപ്രകാരമാണു് അയനഭേദം കൊണ്ടു് വടക്കേ ഗോളാർദ്ധത്തിൽ ഋതുവ്യത്യാസങ്ങൾ വരുത്തുന്നതു്.

വായുവിൻെറ സഞ്ചാരവും സമ്മർദ്ദവും സ്ഥലജലഭേദംനിമിത്തം തെൻവടലായി മാറുന്നതിനെ കണക്കാക്കിവേണം, ഒരു ദേശത്തുള്ള അന്തരിക്ഷത്തിനു ആണ്ടോടാണ്ടുള്ള സമ്മർദ്ദഭേദം [Annual variation of barometric pressure] അറിയേണ്ടതു്. കർക്കടകവും മകരവും തമ്മിലുള്ള സമ്മർദ്ദവ്യത്യാസം ഏഷ്യ മുതലായ മഹാഖണ്ഡങ്ങളുടെ ഉൾഭാഗത്തു് അധികവും സമുദ്രഭാഗത്തു കറവുമാകുന്നു. ഇംഗ്ലണ്ടുദ്വീപിൽ [0.12] ഇഞ്ചിനു മാത്രമെ വ്യത്യാസം വരികയുള്ളൂ. ഇൻഡ്യയിലാകട്ടെ, ബങ്കാളത്തു [0.26]-ം പഞ്ചാബിൽ [0.62]-ം സൈബീരിയാ, മദ്ധ്യേഷ്യാ മുതലായ സ്ഥലങ്ങളിൽ ഒരു ഇഞ്ചുമായി വ്യത്യാസപ്പെടുന്നു. ഭൂമിയൊട്ടുക്കുള്ള ശരാശരി വായുസമ്മർദ്ദം [29.89] ഇഞ്ചാകുന്നു. വടക്കെഗോളാർദ്ധത്തിൽ മകരത്തിൽ [29.99]-ം കർക്കടകത്തിൽ [29.87] ഇഞ്ചുമാകുന്നു; തെക്കേ ഗോളാർദ്ധത്തിൽ അതുപോലെ ഈ രണ്ടു കാലങ്ങളിലുള്ള സമ്മർദ്ദം [29.79]-ഉം (29·91) ഇഞ്ചുമാണു്. ഇതുകൊണ്ടു് ഒരുസംഗതി സ്പഷ്ടമാകുന്നുണ്ടു്. അതെന്തെന്നാൽ, മകരത്തോടടുത്തുള്ള വർഷത്തുവിൽ വടക്കെ ഗോളാർദ്ധത്തിൽ, കർക്കടകത്തിൽ തെക്കെ ഗോളാർദ്ധത്തിലുള്ള വർഷത്തുവിലുള്ളതിനേക്കാൾ വായു കൂടുതലുണ്ടു് എന്നാണു്. കണക്കാക്കിനോക്കിയതിൽ, വർഷകാലത്തു തെക്കെ ഗോളർദ്ധത്തിൽനിന്നു (32,000,000) മൂന്നുകോടി ഇരുപതു ലക്ഷം ടൺ വായു വടക്കേ ഗോളാർദ്ധത്തിലേക്കു നീക്കമതി വരുന്നുണ്ടെന്നു് കണ്ടിരിക്കുന്നു. ഇതിനാരും ചുങ്കം ഏർപ്പെടുത്തിയിട്ടില്ല.!

# പ്രേമവും പരിണയവും

(പി. ആർ. നീലകണ്ഠൻനായർ)

സജീവലോകത്തിന് സാമാന്യമായി കണ്ടുവരുന്ന ദ്വന്ദ്വധർമ്മാചരണവും സന്തത്യുല്പാദനവും പദാർത്ഥസഹജമായ ആകർഷണശക്തിയോടു സംബന്ധമുള്ളതെങ്കിലും സകല ജീവികളുടേയും സാധാരണകർമ്മായി പരിഗണിക്കാവുന്നതാണ്. രതിലാഭത്തിനു മാത്രമുള്ള കാമപ്രചോദനമായി പ്രണയത്തെ ഗണിക്കേണ്ടതല്ല. ഈ പ്രചോദനം വർഗ്ഗസന്ധാനത്തിന് പര്യാപ്തമല്ലെന്നുമില്ല. ശരീരമനസ്സുകളെ ഒരുപോലെ ബാധിക്കുന്ന ഒരു വികാരമത്രെ പ്രണയം. അതു് എല്ലാവിധ വികാരങ്ങളേയും ഹൃദയസ്പന്ദനങ്ങളേയും അവയുടെപരിശുദ്ധതയിലും മഹത്വത്തിലും, വിസ്തൃതിയിലും ക്രിയോന്മുഖമാക്കി അഗ്ര്യനിലയിലേക്കു നയിക്കുന്നു. നമുക്ക് ദൈവൈക്യം തരുന്നു. അദ്ദേഹത്തിൻെറ സന്തതികളോടു സമത്വം തരുന്നു.

സകലവിധപ്രണയവും പ്രധാനമായി ഒന്നുതന്നെയെങ്കിലും അതിനാസ്പദമായ വസ്തുസ്വഭാവത്തെ ആശ്രയിച്ചും പ്രണയിയുടെ ശീലവിശേഷത്തെ അനുസരിച്ചും ഭിന്നിച്ചിരിക്കുന്നതാണ്. സ്വമാതാക്കളോടു സന്തതികൾക്കും സസ്വന്തതികളോടു മാതാക്കൾക്കും സഹോദരസഹോദരികൾക്കും സ്നേഹിതന്മാർ തമ്മിലുമുള്ള പ്രണയവും ദാനപ്രണയം, മതപ്രണയം ഇവയും ഈ മനോവികാരത്തിൻെറ രൂപാന്തരങ്ങളത്രെ. സജാതീയവസ്തുക്കൾക്കുള്ള ആകർഷണമെന്നൊ, വർഗ്ഗബന്ധത്തെ വരുത്തുന്ന ശൃംഖലയെന്നൊ, മനുഷ്യസമുദായത്തെ സംഘടിപ്പിക്കുന്ന വിളക്കപ്പൊടിയെന്നൊ ഇതിനെ കല്പിക്കാവുന്നതാണ്. ദൈവത്തിനു പിതൃത്വവും മനുഷ്യനു സഹോദരത്വവും ഉണ്ടാക്കുന്നതും ഈ വികാരംതന്നെ. ഈ പ്രണയം വിഭിന്നപരിമാണത്തിൽ കണ്ടുപോരുന്നതു് പ്രകൃതിസിദ്ധമായ ഒരു സ്ഥിതിവിശേഷമെന്നു മാത്രമെ പറവാനുള്ളു. ആകർഷണം പദാർത്ഥങ്ങളുടെ സാമീപ്യത്തെ ആശ്രയിച്ചിരിക്കുന്നു. വീട് നാടിനെ അപേക്ഷിച്ചും, ഒരു സമുദായം ജനവർഗ്ഗത്തെ അപേക്ഷിച്ചും നമുക്കടുപ്പമുള്ളതാണ്.

വ്യക്തിപരമായി ഓരോരുത്തനും ചിലവയോട് ആകർഷണവും, മററു ചിലവയോട് വികർഷണവും വന്നുപോകുന്നു. താരാപ്രണയവും താരാമൈത്രിയും അപൂർവ്വമൊ അസംഭാവ്യമൊ അല്ല. ചില ആളുകൾ സുഹൃത്തുക്കളെന്ന് നമുക്കു തോന്നിപ്പോകുന്നു. അവരുടെ സാഹചര്യം നമുക്ക് സന്തോഷപ്രദവുമത്രെ. ഈ വികാരം പ്രായേണ ഉഭയസാധാരണവുമായേക്കാം. 'ഇനം ഇനത്തിൽചേരും' ന്യൂനതകൾ പരസ്പരം ചേർന്നുപോ

കം. നമ്മുടെ വാസനയോടും ശീലത്തോടും നമുക്കനുഭാവം തോന്നുന്നതു് സാധാരണമാണ്. നമുക്കുള്ള ന്യൂനത മററവരിൽനിന്നും പരിഹരിക്കാം. ബലഹീനൻ ബലിഷ്ഠനേയും ഭീരു ധീരനേയും അശ്രദ്ധധാനൻ വിവേകിയുടെ നേതൃത്വത്തേയും ശരണീകരിക്കുന്നു.

സ്ത്രീപുരുഷന്മാർക്കു് പ്രണയചേഷ്ടകൾ ജീവിതത്തിൻെറ പ്രാരംഭഘട്ടങ്ങളിൽതന്നെ പ്രകാശിച്ചു കാണാം. ആദ്യം അതു് അങ്കുരാവസ്ഥയിയും, അടുത്തു് സങ്കല്പതരംഗങ്ങളിൽ കളിയാടിയും പിന്നീട് വികാരപ്രവാഹത്തിലും പ്രത്യക്ഷപ്പെടുന്നു. അഛനും പെൺമക്കളും, അമ്മയും ആൺമക്കളും തമ്മിൽ വിശേഷപ്രതിപത്തിയുള്ളവരായി കാണുന്നു. അതുപോലെ സഹോദരീസഹോദരന്മാരിലും ഈ അവസ്ഥ കാണാറുണ്ട്. രക്തസംബന്ധിയല്ലാത്തവളും തന്നേക്കാൾ പ്രായമേറിയവളുമായ ഒരുത്തിയിൽ ആൺകുട്ടികളുടെ ചേതോവികാരം പകരുന്നതായി കാണാം. ചെറിയ പെൺകുട്ടികളൊ, ജ്യേഷ്ഠസഹോദരൻെറ സതീത്ഥ്യരിൽനിന്നു് ഒരു നായകനെ മനസാ വരിക്കുന്നു. ബന്ധുജനങ്ങളിൽ അല്പമായ ആകാരസാദൃശ്യം ഉണ്ടായേക്കാമെങ്കിലും അവരോടുള്ള പ്രണയം സ്വഭാവസിദ്ധമായ പ്രണയംകൊണ്ടല്ല. അങ്ങിനേയും ചില അവസരങ്ങളിൽ വന്നേക്കാം.

സ്വേഛാനുസരണം സ്വീകരിക്കുന്ന പ്രണയസ്വരൂപം വിജാതീയമോ ദവീയസ്സോ ആയിട്ടാണു കണ്ടുവരുള്ളതു്. അതിപരിചയം സിദ്ധിച്ച ഒരു യുവാവിനെ കമിതാവായി വരിക്കുന്നതിനേക്കാൾ കൂടുതൽ പ്രതിപത്തി അങ്ങിനെയല്ലാത്ത ഒരുവനെ സ്വീകരിക്കുന്നതിൽ സ്ത്രീകൾ പ്രദശിപ്പിക്കുന്നു. അപരിഷ്കൃതജനതയുടെ ഇടയിൽകൂടി കളത്രസ്വീകരണം സ്വവഗ്ഗത്തിൽ നിന്നല്ലാതിരിപ്പാൻ ശ്രദ്ധിച്ചുകാണുന്നു.

പരിശുദ്ധവും അകളങ്കിതവും എന്നു മാത്രമല്ല വിദ്യാഭ്യാസത്താൽ സുശിക്ഷിതവും, വിശാലവും, പരിഷ്കൃതവുമായ മനസ്ഥിതിയുള്ള ഒരു പുരുഷൻകൂടി സ്ത്രീത്വത്തെ പ്രണയാധീനമായി സ്നേഹിക്കാതെ കഴികയില്ല. സ്വമാതൃകയോടു് എത്രത്തോളം അടുക്കുന്നുവൊ അത്രത്തോളം സകല സ്ത്രീകളേയും അവൻ സ്നേഹിക്കതന്നെ ചെയ്യും. അതേവിധത്തിൽ ഓരോ സ്ത്രീയും പുരുഷത്വത്തേയും സ്നേഹിക്കയും അതിൻെറ ശാന്തഗംഭീരവീരസത്വങ്ങളാൽ ആകൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഈ വിധമുള്ള ഒരു പുരുഷൻ താൻ കണ്ടെത്തുന്ന ഓരോ സ്ത്രീയേയും സാഭിമാനം ആദരിക്കുന്നു. ഒരു മിത്രമെന്ന നിലയിൽ സുഖദുഃഖങ്ങളിൽ ഭാഗഭാക്കായും, മാതാവു് സഹോദരി പുത്രിയെന്നീ നിലകളിൽ തത്തൽപ്രണയിയായും അനുവത്തിച്ചു പോരുന്നു. അഥവാ പ്രണയം അങ്കുരാവസ്ഥയിൽ പരിണമിച്ചു് ഇന്ദ്രിയങ്ങൾക്കു വശഗനാകാതെ ചാരിത്രരക്ഷണം ചെയ്തുപോരുന്നു. ഇതവിധപ്രണയത്തിനു് പല ഉദ്ദേശങ്ങളും ഉണ്ടായേക്കാം. അവ ഓരോന്നും പ

രസ്പരം അനുരാഗയോജ്യമാംവണ്ണം ആകർഷിക്കുകയും ചെയ്യും. പുരുഷന് സ്ത്രീയോടും തദ്വിപരീതമായും ഉണ്ടാകുന്ന ഈ പ്രണയം വിഷയാസക്തിയിൽനിന്ന് ഏതു തോതനുസരിച്ചു നിയന്ത്രിച്ചിരിക്കുന്നുവോ അതനുസരിച്ചു പരതന്ത്രമായേക്കാം, അല്ല സ്വതന്ത്രമാകും. ഈ വിധമുള്ള പ്രണയം മനുഷ്യനെ ഇന്ദ്രിയാധീനത്തിൽനിന്ന് വിമുക്തനാക്കി ഒരു ഉൽകൃഷ്ടസ്ഥാനത്തെത്തിക്കുന്നതാണ്. വൈഷയികജീവിതത്തിന്റെ നിസ്സാരതയും ക്ഷണികതയും അറിഞ്ഞു് അതിൽ നിമഗ്നരാകാതെ പരിശുദ്ധമായ ഈ പ്രണയമുള്ളവർ കഴിഞ്ഞുകൂടുന്നു.

സ്ത്രീപുരുഷന്മാർ തമ്മിലുള്ള സകലവിധപ്രണയവും ബന്ധവും വശ്യവും പരിണയപരിണാമത്തിൽ പര്യവസാനിക്കേണ്ടതെന്നുള്ള അഭിപ്രായവും ആ സങ്കല്പത്തോടല്ലാതെ മറെറാരു വിധത്തിലും പ്രണയബീജം അവാപം ചെയ്യപ്പെടാത്തതാണെന്നുള്ള ജനബോധവും തീരെ തെററും അസംബന്ധപൂർണ്ണവുമാണ്. നിഷ്കളങ്കമൈത്രിയുടേയും, പ്രണയത്തിന്റേയും ബലമൊ സുഖമൊ ഇവക്കില്ലാതാകുന്നു. ഒരു വലിയ ജനതയെ കൃത്രിമവും ദുരിതപൂർണ്ണവുമായ ബന്ധത്തിൽ അകപ്പെടുത്തുകയും ചെയ്യുന്നു. ബലിഷ്ഠമായ പ്രണയപ്രേരണയാലും, ആകർഷണത്താലും നിബന്ധിക്കപ്പെട്ട രണ്ടുപേൎക്കു് പരസ്പരപ്രണയത്തിനു പൂർണ്ണാവകാശമുള്ള സഹോദരീസഹോദരന്മാരേക്കാൾ കൂടുതലായി വിവാഹബന്ധത്തിൽ പെടുവാൻ അവകാശമില്ലാത്തതാകുന്നു. ഇവരുടെ ഹൃദയത്തിന്റെ സാക്ഷിസ്വരൂപമൊ തന്മൂലമുണ്ടായിട്ടുള്ള ബന്ധമൊ അവരുടെ പരിതസ്ഥജനങ്ങൾക്കെന്നല്ല അവർക്കുതന്നെ പൂർണ്ണമായി അറിയാമൊ എന്നു സംശയമാണ്. ജനാപവാദത്തെ ഭയന്നൊ, സങ്കല്പസൗധത്തിൽ സുഖിച്ചൊ, മററുള്ളവരുടെ പ്രീതിക്കൊ, ജീവിതത്തിന്റെ നിസ്സാരമായ വിഷയസുഖത്തെ സർവ്വപ്രധാനമായി എണ്ണുന്ന സാമൂഹ്യനിയമത്തെ അനുസരിച്ചൊ വിവാഹം ചെയ്യുന്നതിനു നിർബന്ധിതരായാൽ അവർ വൈവാഹികബന്ധത്തിൽ പെടുകയൊ ചെയ്യേണ്ടതായി വരുന്നു. അപരിഹാര്യമായ ഒരു സ്ഖലിതം ജീവിതത്തിൽ വരുത്തിക്കൂട്ടുന്നു.

വിവാഹത്താൽ നിയന്ത്രിതമല്ലാത്ത പലവിധപ്രണയവുമുണ്ടെന്നു് ധരിക്കേണ്ടതാണ്. ജീവിതബന്ധത്തേയും സന്തത്യുല്പാദനത്തേയും ന്യായീകരിക്കുന്നവശ്യത്തേയും പരസ്പരബന്ധത്തേയും പ്രണയാങ്കുരത്തേയും വേർതിരിച്ചറിയുന്നതിനുള്ള ശക്തിയുണ്ടായാൽ ലോകത്തിന് ഭൂരിപക്ഷസുഖമുണ്ടാകുമെന്നുള്ളതു് നിശ്ചയംതന്നെ. അപൂർണ്ണവും അപക്വവും തന്മൂലം ദുരന്തവും ആയ ദാമ്പത്യം കഴിയുന്നതും ഒഴിച്ചുവയ്ക്കാവുന്നതാണ്. പരസ്പരാനുരാഗംകൊണ്ടു് സുഖമനുഭവിക്കുന്ന അനവധി സ്ത്രീപുരുഷന്മാർ അന്യപുരുഷന്മാരേയും സ്ത്രീകളേയും പരിപാവനമഹത്വത്തോടും ദോഷ

ചിന്തകൂടാതെയും പല നന്മകളോടുകൂടിയും പ്രണയബന്ധിതരാക്കിയിട്ടുണ്ട്. നന്മ, ശുദ്ധി, സത്യം, പ്രേമഭാജനത്തോടുള്ള നിർവ്യാജബഹുമാനം എന്നീ ഗുണങ്ങളോടു സഹപ്രവർത്തനം ചെയ്യുന്ന പ്രണയം ഒരിക്കലും അസൂയാകലുഷതയ്ക്കവകാശമുള്ളതല്ല. ഇതിന്നു സ്വാർത്ഥമായ യാതൊരു കാര്യലാഭമോ, സ്വാവകാശങ്ങളുടെ അപഹരണമോ ഉണ്ടായിരിക്കുന്നതല്ല. ഒരു ഭാര്യയോ ഭർത്താവോ ശുദ്ധവും ആത്മീയവുമായ മൈത്രിയെ സ്വന്തമാളുകളിൽ മാത്രമെ വ്യാപരിപ്പിക്കാവു എന്നു പറയുന്നതിന്റെ കാരണംതന്നെ മനസ്സിലാകുന്നില്ല. സഹോദരികളെ സ്നേഹിക്കുന്ന ഒരുവനു സഹോദരിയല്ലാത്ത ഒരുവളെ ആദർശശുദ്ധിയോടും അന്തഃകരണശുദ്ധിയോടും സ്നേഹിക്കുന്നതിനെന്താണ് വിരോധം? സ്ത്രീപുരുഷവർഗ്ഗം അവരുടെ ജീവിതത്തെ പരിശുദ്ധചിന്തകൊണ്ടു പവിത്രമാക്കിച്ചെയ്താൽ ലോകം വിശാലമാകുന്നതിനു പുറമെ പ്രണയം സർവ്വജനീനമെന്നു വരുന്നതാണ്. ലോകത്തെ പ്രേമംകൊണ്ടു സ്വാധീനമാക്കാം എന്നത്രെ സകല സനാതനമതങ്ങളും ഉൽഘോഷിക്കുന്നത്. പക്ഷെ, അതു ശബ്ദമാത്രയിൽ ലയിച്ചുകിടക്കുന്നു. ദൈവം പ്രേമസ്വരൂപമെന്നും പ്രപഞ്ചം ദൈവത്തിന്റെ രൂപമെന്നും അറിയുന്നതത്രെ മതസാക്ഷാൽക്കാരം.

പ്രകൃതിദത്തമായ നിലയേയോ നിയമത്തേയോ സൂക്ഷിക്കുന്നതായാൽ ഏകപത്നീവ്രതം അത്യാനുയോജ്യമെന്നു തെളിയുന്നതാണ്. സ്ത്രീകളും പുരുഷന്മാരും ഏതാണ്ടു തുല്യതുകയായിട്ടാണു കാണുന്നത്. ഇവരിൽ ഒരുകൂട്ടർ ക്രമാതീതമായി വർദ്ധിച്ചാൽ ഏറത്താമസിയാതെ അതിന്റെ പരിഹാരം പ്രകൃതിതന്നെ സാധിക്കുന്നു. അതിനാൽ ഒരുപുരുഷനു ഒന്നിലധികം സ്ത്രീകളെ ഭാര്യമാരായി സ്വീകരിച്ചുകൂടാത്തതാകുന്നു. അങ്ങിനെചെയ്യുന്നതു ധർമ്മവിരുദ്ധവുമാണ്. ബഹുഭാര്യാത്വം പ്രത്യക്ഷമായ അനീതിയത്രെ.

ചെറുജീവികളുടെയിടയിൽ ശിശുക്കൾ ഏററവും നിസ്സഹായരാണ്. അവർ മാതാപിതാക്കളുടെ ദീർഘകാലസംരക്ഷണത്തിന്നു പാത്രീഭവിച്ചവരുമത്രെ. ഒരുഭർത്താവിന്റെ ശ്രദ്ധ ഭാര്യയ്ക്കും പിതാവിന്റെ രക്ഷ ശിശുവിനും ആവശ്യകരണീയമാണ്. ഒരുശിശുവിന്റെ സംരക്ഷണവും വിദ്യാഭ്യാസവുംകൂടി പതിനഞ്ചുകൊല്ലം വേണ്ടിവരുന്നു. ഒരു കുടുംബരക്ഷയാണെങ്കിൽ മുപ്പതുകൊല്ലത്തിൽ കവിഞ്ഞാൽ മതിയാകുന്നതല്ല. ജീവിതദശയുടെ ഒരു പ്രധാനഭാഗം കുടുംബഭരണത്തിൽ വ്യയം ചെയ്യേണ്ടിവരുന്നു. ഗർഭം, പ്രസവം ശിശുസംരക്ഷണം, വിദ്യാഭ്യാസം, കുടുംബസംരക്ഷണം എന്നീയോരോന്നിലും ഭർത്താവിന്റെ നിരന്തരമായ സഹായം അനുഭാവം, പ്രേമം എന്നിതുകൾ മാതാവിനു സിദ്ധിച്ചിരിക്കേണ്ടതാണ്. സ്വശിശുവിന്റെ മാതാവിനെ നിരാശ്രയയാക്കുകയോ നിരാശയോടെ ജീവിപ്പിക്കയോ

ചെയ്യരുത്; ഒഴിച്ചുകൂടുവാൻപാടില്ലാത്ത അവസരങ്ങളിലല്ലാതെ അവളെ മറെറാരുവനെ ആശ്രയിച്ചുജീവിക്കാൻ പാത്രമാക്കനുമരുത്.

വിവാഹം, ബ്രഹ്മചര്യം എന്നീ രണ്ടാശ്രമങ്ങളും ഇന്നും ഒഴിച്ചുകൂടുവാൻ പാടുള്ള ജീവിതഘട്ടങ്ങളല്ല. വാനപ്രസ്ഥത്തെയും സന്യാസത്തെയും വീട്ടിലിരുന്നനുഭവിപ്പാനേ ഇന്നുള്ളവക്ക് സാധിക്കുന്നുള്ളു. വിദ്യാഭ്യാസകാലത്തെ ബ്രഹ്മചര്യമെന്നും അനന്തരകാലം ഗൃഹസ്ഥാശ്രമമെന്നും പേരിടുകതന്നെ. വിവാഹത്തിന്റെ പരമലക്ഷ്യം സന്തത്യുല്പാദനംമാത്രമാണ്. പരസ്പരാനുരാഗത്താൽ അപഹൃതരായ രണ്ടുജീവികൾ സുഖദുഃഖങ്ങളിൽ ഭാഗഭാക്കായും സഹപ്രവത്തകരായും സഹകരണധമ്മത്തെ നിവ്വഹിച്ചുപോരുന്നു. മൃഗീയമായതൃഷ്ണയുടെ സന്താപനത്തിനായിമാത്രം ചെയ്യുന്ന പരിണയം, ബലം, ആരോഗ്യം ഉപയോഗം എന്തിനു ജീവിതംതന്നെ ധൂസരമാക്കി ചെയ്യുന്ന വിഷയതൃഷ്ണ—ഒരു പരിശുദ്ധസ്ഥാനത്തു നിന്നുള്ള വ്യതിയാനം മാത്രമാണ്. ഈ പദവ്യതി വ്യഭിചാരത്തേക്കാൾ അനിഷ്ടഫലദായകമാണ്. സന്താനങ്ങളേയും അനന്തരപരമ്പരകളേയും ആദ്യദോഷത്താലും അത്രബലവത്തായി രണ്ടാമത്തേതിൽ ബാധിക്കുന്നതല്ല.

വൈവാഹികജീവിതത്തിനു അവകാശമില്ലാത്ത അനവധി ആളുകളുണ്ട്. ഈ ബന്ധത്തെ ന്യായീകരിക്കുന്നതിനും പവിത്രീകരിക്കുന്നതിനും അർഹമായ പ്രേമപരിമാണവും സ്വഭാവവും ആവശ്യമായിട്ടുണ്ട്. ഒരു ഭത്താവിനോ ഭാര്യയ്ക്കോ ശിശുവിനോ ഉണ്ടായിരിക്കേണ്ടതു എന്തെന്നു നിഗമനം ചെയ്തിട്ടുള്ള ചില നിദ്ദിഷ്ടോദ്ദേശങ്ങളുള്ളതും ദോഷചിന്തകൾ തീണ്ടിട്ടുപോലുമില്ലാത്ത ലക്ഷ്യമുള്ളതും ആയ ഒരു കുടുംബസംരക്ഷണത്തിനു പര്യാപ്തമായ ശക്തിയുടെ സ്വാധീനം ഉണ്ടെന്നുള്ള ദൃഢനിശ്ചയവും ഇതിന്നാവശ്യമുള്ളതാണ്. തങ്ങൾക്കും സമുദായത്തിനും അനുഗ്രഹയോഗ്യമായിരിക്കുന്ന ജീവിതം ഏതുശിശുക്കൾക്കു സാദ്ധ്യമാകുമോ ആവിധമുള്ള ശിശുക്കളുടെ ജന്മഹേതുവായിരിക്കത്തക്കവണ്ണം ശാരീരികസാന്മാഗ്ഗികസംസ്കാരവും ദൃഢാരോഗ്യവും—ശരീരമനസ്സുകളുടെ രോഗഹീനമായനിലയും—ഒരുവന്ന് വൈവാഹിക ജീവിതത്തിന് അത്യാവശ്യകമത്രെ.

അംഗവൈരൂപ്യമോ, സദാദുർഭഗമായ മനസ്ഥിതിയോ പാരമ്പര്യമായി പകരുവാൻ ഇടയുള്ള രോഗമോ ഉള്ളവർ വിവാഹം ചെയ്യരുത്. യാദൃഛികമായി വിവാഹജീവിതത്തിൽ മേല്പറഞ്ഞ കുററങ്ങൾ വന്നുപെട്ടുപോയാൽ അന്നുമുതൽ സന്തത്യുല്പാദനംകൂടാതെ ഇരിക്കേണ്ടതാണ്. പാരമ്പര്യമായി പകരാവുന്ന വ്യാധികളുള്ളവർ ഒരിക്കലും വിവാഹം ചെയ്യരുത്. അടുത്ത രക്തസംബന്ധികളെ വിവാഹം ചെയ്യരുത്. അങ്ങിനെ ചെയ്താൽ ദുസ്സന്തതികൾ വദ്ധിക്കുന്നതായിരിക്കും. കുരുടൻ, പൊട്ടൻ, മണ്ടൻ, ഭ്രാന്തൻ എന്നീയിനം സന്തതികൾ ഉണ്ടാവാൻ ഇടയുണ്ട്.

വൈവാഹികദശയുടെ അവധി ജീവിതാവധി വരെ നീട്ടിവയ്ക്കേണ്ടതാണോ.? നിസ്സംശമായി ദൈവാജ്ഞപോലെ അങ്ങിനെ ചെയ്യേണ്ടതാണ്. ഭാര്യാഭർത്താക്കന്മാർ അവരുടെ ജീവിതാവധി മുഴുവനും ശിശുക്കളുടെ സംരക്ഷണം, ശിക്ഷണം, ശുശ്രൂഷണം എന്നിവയിൽ വ്യാപൃതരായാൽ മാത്രമെ ഒരു കുടുംബജീവിതം സാക്ഷാത്തായി ഭവിക്കയുള്ളു. മനുഷ്യർ അസംബന്ധങ്ങളോരോന്നു ചെയ്തിട്ടു വിവാഹത്തെ അപലപിക്കുന്നതു് കഷ്ടം തന്നെ. ഈ അസംബന്ധങ്ങൾ അപരിഹാര്യങ്ങളുമാണ്. ഒരു പുരുഷൻ പൂർണ്ണസമ്മതത്തോടെ ഒരു സ്ത്രീയെ വരിച്ചതിനുശേഷം, അവളിൽ അനുരാഗമില്ലാതെ വരുന്നു എന്നിരിക്കട്ടെ. അവളുമായുള്ള ബന്ധത്തെ അവൻ മാനമായി ഒഴിയുന്നതു എങ്ങിനെയാണ്. നാം ചെയ്യുന്ന അപരാധങ്ങളെ പരിഹരിപ്പാൻ നിയമനിർമ്മാണം ചെയ്യുന്നതു് ദുഷ്കരംതന്നെ. ഇരുകക്ഷികളും പരസ്പരം വെറുക്കുകയും മോചനത്തിന് ഇരുകൂട്ടരും കാംക്ഷിക്കയും ചെയ്യുന്നതായാൽ ബന്ധം ഒഴിയുന്നതു പക്ഷെ നന്നായിരിക്കും. പക്ഷെ ഇവർ ലോകരംഗത്തിറങ്ങി സഹധർമ്മാചരണത്തിന് ഭാഗഭാക്കുകളെ തിരഞ്ഞെടുക്കുന്നതു് ജനദൃഷ്ട്യാ സമ്മതമായിരിക്കുമോ ? വിവാഹമോചനം ഒരിക്കലും അനുവദിക്കാത്ത നിയമം ചിലപ്പോൾ കഠിനമെന്നുതന്നെ പറയേണ്ടിവരും. എങ്കിലും ഈവക ബന്ധത്തിനു മുമ്പ് പൂർവ്വാധികശ്രദ്ധയോടും ഗൌരവത്തോടും വിവാഹത്തെ ഗണിക്കാമെങ്കിൽ അതു സമുദായത്തിന് ഒരു അനുഗ്രഹമായിരിക്കും.

# പുസ്തകാഭിപ്രായം.

## മുദ്രാരാക്ഷസം

ഗ്രന്ഥകർത്താ:— കല്ലൂർനമ്പൂ കൃഷ്ണവാര്യർ

പ്രസാധകൻ:— എൻ. രാമചന്ദ്രൻതമ്പി തിരുവനന്തപുരം

(വില ഇട്ടിട്ടില്ല)

വിശാഖദത്തവിരചിതമായ മുദ്രാരാക്ഷസം സംസ്കൃതനാട്യസാഹിത്യത്തിലെ അതിപ്രസിദ്ധമായ ഒരു ഗ്രന്ഥമാണ്. പ്രതിപാദനാരീതി

കൊണ്ടും പാത്രരചനാവൈശിഷ്ട്യംകൊണ്ടും മററും സഹൃദയഹൃദയാവർജ്ജകമായ ഈ നാടകത്തിൻെറ ഒരു ഭാഷാഗദ്യവിവർത്തനമാണ് ഈ പുസ്തകം. ശൃംഗാരരസസ്വശ്രാഹിത്യവും പ്രൌഢി എന്ന ഗുണവും ഈ നാടകത്തിൻെറ രണ്ടു പ്രത്യേകതകളാണ്.

ചരിത്രപ്രസിദ്ധനായ ചന്ദ്രഗുപ്തമൌര്യനേയും, അദ്ദേഹത്തിൻെറ മന്ത്രിസത്തമനും സകല ഐശ്വര്യത്തിനും ഹേതുഭൂതനും കൌടില്യാപരനാമാവുമായ ചാണക്യനേയും സംബന്ധിച്ചുള്ള ചില ഐതിഹ്യങ്ങളെ അവലംബിച്ചാണ് ഈ ഗ്രന്ഥത്തിൻെറ ഇതിവൃത്തം നിർമ്മിച്ചിട്ടുള്ളത്. എന്നാൽ ഇടയ്ക്കിടെ കല്പിതാംശങ്ങൾ കലർത്തിയിട്ടുമുണ്ട്.

ഇതിലെ പ്രധാനപാത്രങ്ങൾ ചന്ദ്രഗുപ്തൻ, ചാണക്യൻ, രാക്ഷസൻ ഇവരാകുന്നു. ചാണക്യൻ ചന്ദ്രഗുപ്തൻേറയും രാക്ഷസൻ മലയകേതുവിൻേറയും രാജാധികാരത്തെ സംരക്ഷിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യുന്നു. ചാണക്യൻെറ സിദ്ധാന്തം കാര്യലാഭം തദുപായത്തെ സാധൂകരിക്കുന്നു എന്നാണ്. ഈ വിഷയത്തിൽ ഇദ്ദേഹം യൂറോപ്പിലെ 'മാക്കിയവല്ലിയെ' അതിശയിക്കുന്നുണ്ട്. മലയകേതുവിൻെറ അവിശ്വാസവും വിചാരഹീനതയും തൻെറടക്കുറവും, ചാണക്യൻെറ ആത്മവിശ്വാസവും കുടിലതന്ത്രങ്ങളും അസാധാരണസാമർത്ഥ്യവും സ്വാമിഭക്തനായ രാക്ഷസനെ അദ്ദേഹത്തിൻെറ ഉദ്യമത്തിൽ പരാജിതനാക്കുന്നു. എന്നാൽ അനേകം വിശിഷ്ടഗുണങ്ങൾകൊണ്ടു പരിശോഭിക്കുന്ന ആ സ്വാമിഭക്തൻ വായനക്കാരുടെ ഹൃദയത്തെ കവന്നെടുക്കുന്നുണ്ട്. ഒടുവിൽ അദ്ദേഹം ചാണക്യൻെറ വലയിൽപെട്ട്, തൻെറ ഭാര്യയുടെ ആത്മരക്ഷക്കുവേണ്ടി ജീവപരിത്യാഗം ചെയ്യുവാൻകൂടി സന്നദ്ധനായ ചന്ദനദാസൻ എന്ന സ്നേഹിതൻെറ ജീവരക്ഷക്കുവേണ്ടി, ചന്ദ്രഗുപ്തൻെറ സചിവസ്ഥാനം സ്വീകരിക്കുന്നത് ഒരുപക്ഷെ ചിലൎക്ക് ഇഛാഭംഗത്തിനിടയാക്കിയേക്കാം.

ഇതിലെ ഗദ്യരീതി കുട്ടികൾക്കുപോലും വായിച്ചു രസിക്കത്തക്കവണ്ണം ലളിതമായിരിക്കുന്നു. ഒരു യുവകവിയായ ഗ്രന്ഥകൎത്താവിന് ഗദ്യരചനയിലും സാമർത്ഥ്യമുണ്ടെന്ന് ഈ ഗ്രന്ഥം തെളിയിക്കുന്നുണ്ട്. ഇനിയും ചില സംസ്കൃതനാടകങ്ങളെക്കൂടി ഇതുപോലെ ഗദ്യരൂപത്തിൽ വിവൎത്തനം ചെയ്തു കാണുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്.

## ഭ്രാതൃസ്നേഹം അഥവാ ജോസേഫിൻെറ ചരിത്രം.

ഗ്രന്ഥകൎത്താ:— ഇമ്മട്ടി മാത്യു ജോസഫ്, പുത്തൻപേട്ട തൃശ്ശിവപേരൂർ.

വില 3 ണ.

ചെറിയ കുട്ടികളുടെ ഉപയോഗാൎത്ഥം ബൈബിളിലെ പ്രഥമഭാഗമായ ഉല്പത്തിപുസ്തകം 37 മുതൽ 50 വരെ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടു

ള്ള സംഗതികളെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ളതാകുന്നു ഈ ചെറുകഥാപുസ്തകം. ഇതിൽനിന്നും സുശീലനായ ജോസഫിൻെറ സഹോദരസ്നേഹം സ്പഷ്ടമായി മനസ്സിലാക്കാവുന്നതാണ്. തന്നോടു ദുഷ്ടന്മാരായ സഹോദരന്മാർ പ്രവൎത്തിച്ച നിഷ്ഠുരവും സാഹസികവുമായ കൃത്യത്തെ—വധോദ്യമത്തെ—ക്ഷമിച്ച്, സൽപ്രവൃത്തികൊണ്ടു ഉന്നതനിലയിലെത്തിയ ജോസേഫ് ആപൽക്കാലത്തു അവരെ സഹായിക്കുകയും നല്ല നിലയിലാക്കുകയും ചെയ്യുന്നു. സൈന്യാധിപനായ പൊത്തിഫേറിൻെറ ഭാൎയ്യയുടെ അതിഗ്രദ്ധമായുള്ള വ്യാമോഹങ്ങൾക്ക് ജോസേഫ് വഴിപ്പെടാത്തതുകൊണ്ട് അദ്ദേഹത്തിനു കാരാഗൃഹവാസം അനുഭവിക്കേണ്ടിവന്നു എങ്കിലും ആ സ്ത്രീയുടെ കൎമ്മഫലം വിവരിക്കാത്തതുകൊണ്ട് ജിജ്ഞാസുക്കളായ ചെറിയ കുട്ടികൾക്ക് അല്പം നിരാശ ജനിച്ചേക്കാം.

ചെറിയ കുട്ടികളെ ഉദ്ദേശിച്ചെഴുതിയിട്ടുള്ള ഈ ചെറുകഥയിലെ ഭാഷാരീതി ലളിതമായിട്ടുള്ളതാണ്. ഇതിൽ കടന്നുകൂടിയിട്ടുള്ള ചില ഗ്രാമ്യവും, അബദ്ധവുമായ പദപ്രയോഗങ്ങൾകൂടി ഉപേക്ഷിക്കേണ്ടതാണ്.

## രത്നകിരണം

ഗ്രന്ഥകൎത്താ:— പുതിയേടത്തു ശ്രീധരമേനോൻ

(പോസ്റ്റ്) മതിലകം. തെക്കെ മലയാളം.

വില 3 ണ.

ഗ്രന്ഥകൎത്താവിൻെറ 'സാഹിത്യപരിശ്രമശാഖിയിൽ പ്രഥമഫല'മായ ഈ "രത്നകിരണ"ത്തിൽ മാതൃവന്ദനം, പനിനീൎപ്പൂവ്, രഹസ്സല്ലാപം, അനുരോദനം, ദിനാന്തചിന്ത എന്നീ അഞ്ചു ചെറുകവിതകളാണടങ്ങിയിരിക്കുന്നത്. മാതൃവന്ദനം ദേശാഭിമാനദ്യോതകമായിട്ടുള്ള ഒന്നാണ്. പനിനീർപ്പൂവിൽ ചില പുതിയ ആശയങ്ങൾ കാണുന്നുണ്ട്. രഹസ്സല്ലാപം,

"ഇഷ്ടതരുണനെനേരേവരിയ്ക്കുവാൻ
കഷ്ട!മബലയിൽസ്വാതന്ത്ൎയ്യമില്ലപോൽ"

എന്നുള്ളതിനെ അടിസ്ഥാനമാക്കി എഴുതിയിട്ടുള്ളതാണ്. അനുരോദനം ശ്രീനാരായണഗുരുസ്വാമിയുടെ സമാധിയെപ്പററിയുള്ള ഒരു കവിതയാണ്. ദിനാന്തചിന്ത ഇഹലോകത്തിലെ സുഖദുഃഖങ്ങളുടെ അവാസ്ഥവസ്ഥിതികളെ സൂചിപ്പിക്കുന്നു. ആകപ്പാടെ പറയുകയാണെങ്കിൽ ഇതിലെ കവിതകളെല്ലാം മി: മേനവന് കവിതാവാസനയുണ്ടെന്നു തെളിയിക്കുന്നുണ്ട്.

എന്നാൽ ഇന്നത്തെ കവിതകളിൽ കാണുന്ന സർവ്വസാധാരണമായ 'ശ്രവണസുഖമില്ലായ്മ' ഇതിലും അപൂർവ്വം ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്. കവിതാസോപാനത്തിൽ കാലെടുത്തുവച്ചിട്ടുള്ള മി: മേനവന് ഞങ്ങൾ വിജയം ആശംസിച്ചുകൊള്ളുന്നു.

## ഭാവനാസൂനം

ഗ്രന്ഥകർത്താ:- കെ. എം. ദാമോദരമേനോൻ ബി, എ., ഡി. ടി.

പ്രസാധകൻ:- കെ. പി. ശങ്കരമേനോൻ ബി. എ.

മെഡിക്കൽ കാളേജ്, റങ്കൂൺ.

വില 8 അണ

ഭാവനാസ്പൃഷ്ടമായ 14 ചെറുകവിതകളാണ് ഇതിൽ അടങ്ങിയിരിക്കുന്നതു്. "ദൂരദർശിനിയില്ലാത്ത നക്ഷത്രബംഗ്ലാവും, ഭാവനാശക്തിയില്ലാത്ത ആത്മാവും തുല്യമാണ്." ഈ മഹദ്വാക്യത്തിൽ അടങ്ങിയിരിക്കുന്ന തത്വം ഒരു കവിയെ സംബന്ധിച്ച് വിശേഷിച്ചും അപരിത്യാജ്യമായിട്ടാണിരിക്കുന്നതു്. ഈ "ഭാവനാസൂന"ത്തിലാകട്ടെ അതിൻെറ അംശങ്ങൾ അവിടവിടെ കാണ്മാനുണ്ടു്. ഗാഥ, കിളിപ്പാട്ട്, പാന, കണ്ണുപവ്വം എന്നീ രീതികളിൽ കാണുന്ന ഇതിലെ കവിതകൾ വായിച്ചു മനസ്സിലാക്കുവാൻ വളരെ രസവും എളുപ്പവും ഉണ്ടു്. വയ്യാകരണന്മാരൊ, ആലങ്കാരികന്മാരൊ നിഷ്കൃഷ്ടിച്ചു നിരൂപിക്കുമ്പോൾ ഇതിൽ ചില ചില്ലറ അഭംഗികൾ കണ്ടേക്കാം. എന്നാൽ ഇതിലെ മിയ്ക്ക കവിതയിലും വാസനയുടെ ശകലങ്ങൾ പ്രകാശിക്കുന്നുണ്ടു്. 'പാന്ഥാ! തിരിഞ്ഞുനോക്കുക' എന്ന കവിതയിൽ (കണ്ണുപവ്വമട്ടിൽ) കാണുന്ന ഒരു ഭാഗം ഇവിടെ ചേക്കാം. മഹാരോഗംകൊണ്ടു അവശതയിൽപെട്ട് വഴിയിൽകിടക്കുന്ന ഒരു യാചകിയുടെ ചിത്രമാണ് ഇവിടെ കൊടുത്തിരിക്കുന്നതു്.

"മഹാജനങ്ങളേ ഒരുകാശുതന്നു
സഹായിച്ചീടുക മഹാപാപിയെന്നെ
പലതുമിങ്ങനെയുറക്കെക്കേണിതാ
ചലമിഴിയൊരു ചെറിയയാചകി
പെരുവഴിപോകും ജനങ്ങളെനോക്കി
മരുവുന്നു; കാണുകൊരിക്കലെങ്കിലും.

മഹാരോഗംകൊണ്ടുവികൃതമായേററ
മുപയോഗ്യമില്ലാതിരിക്കുംകാലുകൾ,

മെലിഞ്ഞശക്തമായ്, മടിയിലേററവും
ചലനഹീനമായ് കിടക്കുംകയ്യുകൾ,
ഉടലിനേക്കാളുമുയൻറുനീക്കൊണ്ടു
നെടുതായിക്കാണും വയറുംദേഹവും
ഉപയോഗിക്കാതെ കിടന്നുജീർണ്ണമാ
യപാരനാശത്തിനടുത്തവീടുപോൽ,
മലിനമായ് കീറിപ്പറിഞ്ഞവസ്ത്രത്താൽ
ചിലേടമൊക്കയും മറഞ്ഞുകാണുന്നു.
കടുത്തവേനലിൽ കുളങ്ങളിലേററ
മടിയിലിത്തിരിജ്ജലംകാണാമെന്നാൽ
കരയിലാകവെ ചെളിയുണങ്ങിയ
ങ്ങിരുണ്ടുവൃത്തമായിരിക്കുന്നപോലെ
ഇടുങ്ങിയേററവുംകുഴിഞ്ഞകണ്ണിന്റെ
തടങ്ങളെത്രയും കറുത്തുകാണുന്നു.
ഇടിവെട്ടുകൊണ്ടുകരിഞ്ഞവൃക്ഷത്തിൻ
മുടിയിൽപത്രങ്ങളുണങ്ങിനില്ക്കുംപോൽ
ചിടപിടിച്ചേററം ചിതറിയതല-
മുടിശിരസ്സിങ്കൽ പെരുകിക്കാണുന്നു.
... ... ... ... ...
... ... ... ... ...

അനന്തസൗഭാഗ്യനിലയനമായ
വനിതയൊന്നിതാ പുതിവണ്ടിയിൽ
കരേറിപ്പോകുന്നു; വഴിയരികത്തു
കരഞ്ഞുയാചിക്കും സമസൃഷ്ടിതന്നെ
തിരിഞ്ഞുനോക്കുമ്പോൾവദനബിംബത്തി-
പരിസ്പുരിക്കുന്ന പരിഹാസച്ചിരി. [ൽ
കുറഞ്ഞൊന്നുനോക്കു, സഹോദരാഭവാ...
നറിയുകയിതാണുലകിലെസ്ഥിതി.

ഇങ്ങനെ ഹൃദസ്പർശകമായ ഭാഗങ്ങൾ പലതും ഇതിൽ കാണാവുന്നതാണ്.

# * ആദർശബാലമന്ദിരം.

(മഹാത്മാഗാന്ധി)

കുട്ടികളുടെ വിദ്യാഭ്യാസവിഷയം തീരെ സരളമായിരിക്കണം. എന്നാൽ, ഇപ്പോഴാകട്ടെ അത്യന്തം കഠിനമായിത്തീർന്നതായിട്ടോ, ആക്കിത്തീർത്തതായിട്ടോ ആകുന്നു. കുട്ടികൾ സ്വേച്ഛയാലൊ അനിച്ഛയാലൊ എന്തെങ്കിലും അല്പം—നന്മയൊ തിന്മയൊ—അഭ്യസിച്ചുകൊണ്ടുതന്നെയാണിരിക്കുന്നത് എന്നു അനുഭവം നമ്മെ പഠിപ്പിക്കുന്നു. വായനക്കാർക്ക് ഈ സംഗതി അല്പം ആശ്ചര്യജനകമായി തോന്നിയേക്കാം. എന്നാൽ കുട്ടി ആരാണ്; വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ്; കുട്ടികളെ ആര് വിദ്യാഭ്യാസം ചെയ്യിക്കാൻ കഴിയും എന്നുള്ള സംഗതികളെപ്പററി അല്പം നാമൊന്നു ചിന്തിച്ചുനോക്കുന്നതായാൽ പക്ഷെ മേൽപറയപ്പെട്ട സംഗതികളിൽ ഒട്ടുംതന്നെ ആശ്ചര്യം ഉണ്ടായില്ലെന്നുവരാം. ഇവിടെ കുട്ടികൾ എന്നു നിർദ്ദേശിച്ചിരിക്കുന്നത് പത്തുവയസ്സിൽ താഴെയുള്ളതൊ ഏകദേശം അത്രയുംതന്നെ പ്രായമുള്ളതൊ ആയ ബാലികാബാലന്മാരെ ഉദ്ദേശിച്ചാകുന്നു.

വിദ്യാഭ്യാസം എന്നുവച്ചാൽ അക്ഷരജ്ഞാനം അല്ല. അക്ഷരജ്ഞാനം വിദ്യാഭ്യാസത്തിനുള്ള ഒരുപായം-ഒരനുഷ്ഠാനം-മാത്രമാണ്. ഒരു കുട്ടി തന്റെ മനസ്സിന്റേയും മററിന്ദ്രിയങ്ങളുടേയും സദുപയോഗം എങ്ങനെ സാധിക്കും എന്ന് മനസ്സിലാക്കുകയാകുന്നു വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം. അതായത്-കുട്ടി തന്റെ കയ്യ്, കാൽ മുതലായ കർമ്മേന്ദ്രിയങ്ങളുടേയും മൂക്ക്, ചെവി മുതലായ ജ്ഞാനേന്ദ്രിയങ്ങളുടേയും യഥാർത്ഥഉപയോഗം മനസ്സിലാക്കിയിരിക്കണം. ഏതു കുട്ടി തന്റെ കൈകളാൽ മോഷ്ടിക്കരുത്, ഈച്ചകളെ കൊല്ലരുത്, സഹോദരസഹോദരിമാരേയൊ, സ്നേഹിതന്മാരേയൊ ഉപദ്രവിക്കുകയൊ അടിക്കുകയൊ ചെയ്യരുത് എന്നു അറിയുവാൻ തുടങ്ങുന്നു, അന്ന് അയാളുടെ വിദ്യാഭ്യാസം ആരംഭിച്ചിട്ടുണ്ട്. യാതൊരു കുട്ടി തന്റെ ശരീരം, തന്റെ പല്ല്, നാക്ക്, മൂക്ക്, ചെവി, കണ്ണ്, തല, നഖം മുതലായവ വൃത്തിയായി വെയ്ക്കുന്നതിന്റെ ആവശ്യം മനസ്സിലാക്കുന്നുവോ അവൻ വിദ്യ അഭ്യസിക്കുവാൻ ഉദ്യമിച്ചിട്ടുണ്ട്. ഏതു കുട്ടി ആഹാരവേളയിൽ ശാഠ്യം പിടിക്കുന്നില്ലയോ, തനിച്ചോ മററുള്ളവരോടുകൂടിയൊ ആഹാരം കഴിക്കുമ്പോൾ ആഹാരസംബന്ധമായ സകല ചടങ്ങുകളും നിയമപൂർവ്വം അനുഷ്ഠിക്കുന്നുവോ, യാതൊരു ശിശുവിന് ശരിക്കു ഇരിക്കുവാൻ സാധിക്കുന്നുവോ, ഏതു കുട്ടി ശുദ്ധവും അശുദ്ധവും ആയ ഭക്ഷണസാധ

* ഹിന്ദിയിൽ നിന്ന്

നങ്ങളെ തിരിച്ചറിഞ്ഞിട്ട് ശുചിയായതിനെ സ്വീകരിക്കുന്നുവോ, യാതൊരു കുട്ടി കാപാലികന്മാരെപ്പോലെ ഭക്ഷിക്കുന്നില്ലയോ, യാതൊരു കുട്ടി കാണുന്ന സാധനങ്ങളെല്ലാം ആവശ്യപ്പെടുന്നില്ലയോ, യാതൊരു കുട്ടി കിട്ടാതിരുന്നാലും ശാന്തനായിരിക്കുന്നുവോ അവൻ വിദ്യാഭ്യാസത്തിൽ നല്ല ഉന്നതിപ്രാപിച്ചിട്ടുണ്ട് എന്നു പറയുകവേണം. ശബ്ദം സ്പഷ്ടമായി ഉച്ചരിക്കുന്നവനും ഭൂമിശാസ്ത്രം, ചരിത്രം എന്നുള്ള പേരുകൾ അറിയാതിരുന്നിട്ടും തന്റെ അയൽപ്രദേശങ്ങളുടെ ചരിത്രവും ഭൂമിശാസ്ത്രവും പറവാൻ കഴിയുന്നവനും തന്റെ ദേശസ്ഥിതിയെ സംബന്ധിച്ച ജ്ഞാനമുള്ളവനും ആയ കുട്ടിയും വിദ്യാഭ്യാസവിഷയത്തിൽ ഒരു നല്ല നിലയിൽ എത്തിയിട്ടുണ്ട്. യാതൊരു ബാലന് സത്യാസത്യത്തിന്റേയും സാരാസാരത്തിന്റേയും വ്യത്യാസം അറിയുവാൻ കഴിയുന്നു, നല്ലതും സത്യവും ആയ സംഗതികളെ തിരഞ്ഞെടുക്കുകയും ചീത്തയും വ്യാജവും ആയ സംഗതികളെ ത്യജിക്കുകയും ചെയ്യുന്നു അവനും വിദ്യാഭ്യാസവിഷയത്തിൽ നല്ല ഉന്നതിപ്രാപിച്ചിട്ടുണ്ട്. ഈ വിവേചനത്തെ ഇനിയും അധികം ദീർഘിപ്പിച്ച് എഴുതേണ്ട ആവശ്യം ഇല്ല. ബാക്കി സംഗതികളെ വായനക്കാർതന്നെ പൂർത്തിയാക്കുവാൻ കഴിയുന്നു. കേവലം ഒരു സംഗതി സ്പഷ്ടമായി പറയണം. അതായതു്, മുകളിൽ എന്തെല്ലാം സംഗതികൾ പ്രസ്താവിച്ചിട്ടുണ്ടോ അവയ്ക്കു് അക്ഷരജ്ഞാനത്തിന്റെ ആവശ്യം ഉണ്ടാകാതിരിക്കണം. കുട്ടികളെ അക്ഷരമാല പഠിപ്പിക്കുവാൻ അല്പമെങ്കിലും തടഞ്ഞുവയ്ക്കുന്നതു് അവരുടെ ഹൃദയങ്ങളിലും മററു ഇന്ദ്രിയങ്ങളിലും ഭാരം കയററിവയ്ക്കുന്നതിന് സമാനമാണ്. അതു് അവരുടെ കണ്ണുകളുടേയും ദുരുപയോഗം ചെയ്യുകയാകുന്നു. യഥാർത്ഥവിദ്യാഭ്യാസം ലഭിച്ച കുട്ടിക്ക് വേണ്ട അവസരത്തിൽ അക്ഷരം സ്വതവേതന്നെ അഭ്യസിക്കുവാൻ- അതും അത്യാസക്തിയോടുകൂടെ- കഴിയുന്നു. ഇന്ന് കുട്ടികളുടെ അറിവ് ഒരു ഭാരരൂപമായി തോന്നുന്നു. പ്രകൃതിയുടെ ആ വിലയേറിയ സമയത്തെ നിരർത്ഥകമായി ദുരുപയോഗം ചെയ്യുന്നു. കൂടാതെ നല്ല മനോഹരമായ അക്ഷരങ്ങൾ എഴുതുന്നതിനും നല്ലപോലെ വായിക്കുന്നതിനും പകരം ഈച്ചക്കാലുകൾ പോലെയുള്ള അക്ഷരങ്ങൾ എഴുതുകയും ധാരാളം തെററുകളോടുകൂടി വായിക്കുകയും വായിക്കുന്നതിന്റെ രീതി തന്നെ തെററിപ്പോവുകയും ചെയ്യുന്നു. ഇതിനെ വിദ്യാഭ്യാസം എന്നു പറയുന്നതു് വിദ്യാഭ്യാസത്തിനെ ദ്രോഹിക്കുകയാകുന്നു. അക്ഷരജ്ഞാനത്തിനു മുമ്പേതന്നെ കുട്ടിക്ക് പ്രാഥമികവിദ്യാഭ്യാസം ലഭിച്ചിരിക്കണം. ഇങ്ങിനെ ചെയ്യുന്നു എങ്കിൽ ഈ ദരിദ്രദേശം അനേകം പാഠ്യപുസ്തകങ്ങൾ ബാലപാഠങ്ങൾ മുതലായവയുടെ ചിലവിൽനിന്ന് സുരക്ഷിതമായിത്തീരും. ബാലപാഠങ്ങളുടെ ആവശ്യം ആർക്കെങ്കിലും ഉണ്ടെങ്കിൽ അതു് അധ്യാപകന്മാർക്കാണ്. ഞാൻ യാതൊരു കുട്ടികളെ

പററി വിചിന്തനം ചെയ്തിട്ടുണ്ടോ അവക്ക് ഒരിക്കലും ആവശ്യമില്ല. നമ്മൾ കേവലം പ്രവാഹത്തോടുകൂടെ ഒഴുകിപ്പൊയ്ക്കൊണ്ടിരിക്കുന്നില്ല എങ്കിൽ നമുക്ക് ഈ സംഗതി ദീപംപോലെ സ്പഷ്ടമായി മനസ്സിലാക്കുകതന്നെ വേണം.

മുകളിൽ വിചിന്തനം ചെയ്തിട്ടുള്ള വിദ്യാഭ്യാസം കുട്ടികൾക്കു തന്റെ വീട്ടിൽവച്ചുതന്നെ പ്രാപ്തമാക്കുവാൻ കഴിയുന്നു. അതും കേവലം മാതാവുമൂലം ആണ്. ഒരുതരത്തിൽ മാതാവിൽനിന്നും കുട്ടികൾ വിദ്യാഭ്യാസം ലഭിക്കുന്നതാ ഉണ്ട്. ഇന്ന് നമ്മുടെ ഗൃഹങ്ങൾ ഛിന്നഭിന്നമായിപ്പോകുകയോ, അച്ഛനമ്മമാർ തങ്ങളുടെ സന്താനങ്ങളോടുള്ള കത്തവ്യം മറന്നുപോകുകയൊ ചെയ്തിട്ടുണ്ട് എങ്കിൽ ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസം കഴിയുന്നിടത്തോളം, തങ്ങളുടെ വീടുകളിൽ തന്നെയാണു താമസിക്കുന്നത് എന്നുള്ള ബോധം അവക്കുണ്ടാകത്തക്കവണ്ണമുള്ള ഒരു അന്തരീക്ഷത്തിൽവച്ചാണു നടത്തേണ്ടത്. മാതാവിനു മാത്രമെ ഈ ധമ്മത്തെ പാലിക്കുവാൻ കഴിയുകയുള്ളു. അതുകൊണ്ട് ശിശുവിദ്യാഭ്യാസത്തെ സംബന്ധിച്ച ഏപ്പാടുകൾ സ്ത്രീകളുടെ കയ്യിൽതന്നെ ആയിരിക്കണം. സ്ത്രീകൾക്ക് എത്ര ധൈയ്യത്തോടും പ്രേമത്തോടും ജോലിചെയ്യുവാൻ കഴിയും എന്നുള്ളതിനെ പുരുഷന്മാക്ക് ഇന്നുവരേയും പരിചയപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതെല്ലാം പരമാത്ഥമാണെങ്കിൽ ബാലവിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള സമസ്യ(-കഠിനപ്രശ്നം-)യെ ലഘൂവാക്കുമ്പോൾ നമ്മുടെ മുൻപിൽ സഹജമായി സ്ത്രീവിദ്യാഭ്യാസത്തിന്റെ സമസ്യയും പ്രത്യക്ഷപ്പെടുന്നു. അപ്പോൾ യാതൊരു സമയംവരെ കുട്ടികൾക്ക് യഥാത്ഥവിദ്യാഭ്യാസം കൊടുക്കുന്നതിന് യോഗ്യരായ മാതാക്കൾ ഉണ്ടാകുന്നില്ലയോ അതുവരെ കുട്ടികൾ അനേകശതം സ്കൂളുകളിൽ പൊയ്ക്കൊള്ളട്ടെ. അവർ വിദ്യാവിഹീനരായിത്തന്നെ ഇരിക്കും എന്നു പറയുന്നതിൽ എനിക്ക് ഒട്ടുംതന്നെ സങ്കോചം തോന്നുന്നില്ല.

ഇനി ഞാൻ ബാലവിദ്യാഭ്യാസത്തിന്റെ രൂപരേഖയെ സംബന്ധിച്ച് രണ്ടു വാക്കുകൂടെ പറയാം. നിങ്ങൾ ഇപ്രകാരം ഒരു കല്പനചെയ്യുക. രണ്ടു മാതൃപദത്തിൽ എത്തിയിട്ടുള്ള സ്ത്രീയുടെ മേൽനോട്ടത്തിൽ അഞ്ചു കുട്ടികൾ ഉണ്ട്. ഈ കുട്ടികൾക്കു സംസാരിക്കുവാനുള്ള ശക്തിയൊ നടക്കാനുള്ള ബോധമൊ ഇല്ല. സംസാരസ്രുത്തിൽ കൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന കഫജലത്തെ കയ്യുകൊണ്ടു തുടയ്ക്കുകയൊ കാലുകളിൽ ഇടുകയൊ തന്റെ വസ്ത്രങ്ങളിൽ പുരട്ടുകയൊ ചെയ്യുന്നു. നേത്രങ്ങൾ പീളയാൽ ആവൃതമായിരിക്കുന്നു. ചെവികളിലും നഖങ്ങളിലും അഴുക്കു നിറഞ്ഞിരിക്കുന്നു. ഇരിക്കാൻ പറയുമ്പോൾ കാൽ നീട്ടി ഇരിക്കുന്നു. പറയുമ്പോൾ പുഷ്പങ്ങൾ പൊഴിയുന്നതുപോലിരിക്കുന്നു. "എന്തു്" എന്നുള്ളതിനു ങേ, ങേ എന്നു

ശബ്ദിക്കുന്നു. "ഞാൻ" എന്നു പറയുന്നതിന് 'ഞ്യാൻ' എന്നു പറയുന്നു. പൂർവ്വപശ്ചിമദക്ഷിണോത്തരസ്ഥാനങ്ങളുടെ നിശ്ചയം ഇല്ലാതിരിക്കുന്നു. ശരീരത്തിൽ അഴുക്കുപുരണ്ട വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു. ഗുഹ്യേന്ദ്രിയം നഗ്നമായിരിക്കുന്നു, അതിനെ മലിനമാക്കുന്നു. തടയുമ്പോൾ ഒന്നുകൂടെ അധികം മലിനമായിരിക്കുന്നു. പാക്കററു് ഉണ്ടെങ്കിൽ എന്തെങ്കിലും അഴുക്കുപിടിച്ച തീററിസാധനം-മിഠായിയോ-മററോ കിടക്കുന്നു. അതിനെ കൂടക്കൂടെ എടുത്തു ചവയ്ക്കുന്നു. അതിന്റെ കുറെ അംശം തറയിൽ വിതറുന്നു. ആദ്യമെതന്നെ മലിനമായ കൈകൾ ഒന്നുകൂടെ മലിനമാകുന്നു. അടിഭാഗം വെളികൊണ്ടു് കയിലിനെപ്പോലെ കറുത്തും കയ്യിൽ എടുക്കുമ്പോൾ തന്നെ ദുർഗ്ഗന്ധം പുറപ്പെടുന്നതുമായ തൊപ്പി തലയിൽ ധരിച്ചിട്ടുണ്ടു്. ഇങ്ങിനെയുള്ള ഈ അഞ്ചു കുട്ടികളുടേയും മാതാവിന്റെ ഹൃദയത്തിൽ മാതൃത്വത്തിന്റെ ഭാവന ഉണ്ടാകുന്നു എങ്കിൽ അവൾക്കു് ഈ കുട്ടികളേയും വിദ്യാഭ്യസ്തരാക്കുവാൻ കഴിയുന്നു. ഒന്നാമതായി അവരെ നേർവ്വഴിക്കു കൊണ്ടുവരുവാൻ പഠിപ്പിക്കേണ്ടിയിരിക്കും. അമ്മ അവരെ പ്രേമത്തോടുകൂടെ കളിപ്പിക്കും. വളരെനാൾ അവരുടെകൂടെ കളിയിലും ചിരിയിലും സംഭാഷണത്തിലും കഴിഞ്ഞുകൂടും. കൂടാതെ എപ്രകാരമാണോ മാതാക്കൾ ഇതുവരെ പ്രവർത്തിച്ചുവരുന്നതു്, യാതൊരു തരത്തിലാണൊ കൗസല്യ രാമനോടു പ്രവർത്തിച്ചിരുന്നതു്, അതുപോലെ മാതാവും കുട്ടികളെ തങ്ങളുടെ പ്രേമപാശത്താൽ ബന്ധിക്കുകയും തങ്ങളുടെ ഇഷ്ടംപോലെ കുട്ടികളെക്കൊണ്ടു് പ്രവർത്തിപ്പിക്കുകയും ചെയ്യും. എന്നാൽ മാതാവിൽ ഏതുവരെ ഈ ഗുണങ്ങൾ ഉണ്ടാകുകയില്ലയോ അതുവരെ അവൾ കുട്ടിയെ പിരിഞ്ഞ പശുവിനെപ്പോലെ ആകുലയായി ഈ അഞ്ചു കുട്ടികളുടേയും പുറകെ ഓടിക്കൊണ്ടും വലംവെച്ചുകൊണ്ടും ഇരിക്കും.

(തുടരും)

## ഒരു പുതിയ നോവൽ.

### ആശാഫലം

ഗ്രന്ഥകർത്താ:— ഡി. പത്മനാഭനുണ്ണി എം. ഏ.

രസകരമായ കഥാഘടന, ഹൃദയാകർഷകമായ വർണ്ണനാചിത്രങ്ങൾ, നല്ല പാത്രരചന, ലളിതഭാഷ, ആധുനികകാലസംഭവങ്ങളായ സഹനസമരം മുതലായവ കൂടി ഇതിൽ ഉൾപ്പെടുന്നു.

വില ക. 1—0—0

മാനേജർ,

"ഈശ്വരവിലാസം" പുസ്തകശാല, പറവൂർ.